# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 14 ലക്കം - 4 മീനം - 1197 ഏപ്രിൽ 2022






ലോകവനിതാദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗം
സാമൂഹികസേവന പ്രവർത്തകയായ ശ്രീമതി ടി.കെ. മണിയെ ആദരിച്ചു






# ഉള്ളടക്കം

വാല്യം 14 | ലക്കം 4 | 2022

എഡിറ്റോറിയൽ..........3
സെക്രട്ടറിയുടെ പംക്തി..........6
ബാലലോകം..........9
വാസ്തു..........14
ക്ഷേത്രങ്ങളിലൂടെ..........16
ശ്രീമഹാഭാഗവതം..........20
ശാസ്ത്രം..........29
കർണ്ണരോഗങ്ങൾ..........32
ചുട്ടുപഴുക്കുന്ന ഭൂമി..........36
കൈകേയി..........40
പാതഞ്ജലയോഗദർശനം..........44
വൈകാരികബുദ്ധിവികാസം..........46
മഹാവാക്യങ്ങൾ..........52
യോഗാചതുഷ്ടയം..........59
മാസഫലം..........62
മാട്രിമോണിയൽ..........63

## എഡിറ്റോറിയൽ

## മാതൃകാപരം ഈ രക്ഷാദൗത്യം

റഷ്യ ഉക്രൈൻ യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന നാളുകൾ. ഉക്രൈൻ ഒരു യുദ്ധഭൂമിയായി മാറിക്കഴിഞ്ഞു. എങ്ങും ഷെല്ലാക്രമണവും ബോംബുവർഷവും. രണ്ടു രാജ്യങ്ങളുടേയും സേനകൾ തമ്മിലുള്ള രൂക്ഷമായ യുദ്ധം. ആർക്കും പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. ഇറങ്ങിയാൽ വെടിയുണ്ട ഏൽക്കും. മരണം സംഭവിക്കും എന്ന അവസ്ഥ. ഏതാണ്ട് ഇരുപതിനായിരം ഭാരതീയർ ഈ യുദ്ധമുഖത്ത് നിന്നും എങ്ങനെയും രക്ഷപെട്ട് പിറന്ന മണ്ണിൽ എത്താനുള്ള മോഹവുമായി അവിടെ കഴിയുന്നു. വളരെ രൂക്ഷമായി നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിനിടയിൽ ആ യുദ്ധമുഖത്തുനിന്നും എങ്ങനെ സ്വന്തം പൗരന്മാരെ രക്ഷപെടുത്തികൊണ്ടുവരാം എന്ന ചിന്തയിലായി. ലോകത്തെ മിക്ക രാജ്യങ്ങളും (ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ ഉക്രൈനിലുണ്ട്.) എന്നാൽ ധൈര്യസമേതം രക്ഷാ

## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

ദൗത്യത്തിനിറങ്ങിയത് ഭാരതം മാത്രം. ലോകത്തിലെ വൻശക്തികളെന്ന് അറിയപ്പെടുന്ന രാജ്യങ്ങളൊക്കെ എങ്ങനെ തങ്ങളുടെ പൗരന്മാരെ രക്ഷ പെടുത്തും എന്ന് ചിന്തിച്ച് അന്ധാളിച്ച് നില്ക്കുമ്പോളാണ് ഭാരതസർക്കാർ തങ്ങളുടെ രക്ഷാദൗത്യം ആരംഭിച്ചത്.

കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളടക്കം പത്തൊൻപതിനായിരത്തിൽ പരം ആളുകളെ വളരെ ദുഷ്കരമായ വിധത്തിലുള്ള രക്ഷാദൗത്യത്തിലൂടെയാണ് നാട്ടിലെത്തിക്കാൻ കഴിഞ്ഞത്. ഭാരതീയരെ രക്ഷപെടുത്തുന്നതിനുവേണ്ടി നമ്മുടെ കേന്ദ്രസർക്കാരിന്റെ ആവശ്യപ്രകാരം യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന റഷ്യയും ഉക്രൈനും വെടിനിർത്തൽ പ്രഖ്യാപിച്ച് അതിനുവഴിയൊരുക്കി. അവസാനം ഘോരയുദ്ധം നടന്നുകൊണ്ടിരുന്ന സുമിയിൽ നിന്നും രക്ഷപെടാൻ മാർഗ്ഗമില്ലാതെ അവിടെ കുടുങ്ങി കിടന്ന ഏതാണ്ട് 700 ഓളം ഭാരതീയരെ എങ്ങനെ മോചിപ്പിക്കും എന്ന ചിന്തയിലായി നമ്മുടെ ബഹു. പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രാലയവും. അവസാനം ഉന്നതതല ചർച്ചയിലൂടെ ആ പ്രശ്നവും പരിഹരിച്ചു. ഇന്ത്യൻ പൗരന്മാർക്ക് അവിടെ നിന്നും നാട്ടിലേയ്ക്ക് മടങ്ങാനുള്ള വഴിയൊരുക്കാമെന്ന് ഉക്രൈനും റഷ്യയും ഒരു പോലെ സമ്മതിക്കുകയുണ്ടായി. യുദ്ധത്തിലേർപ്പെട്ടിരുന്ന ആ രണ്ട് രാജ്യങ്ങളും ഭാരതത്തിന്റെ ആവശ്യം അംഗീകരിച്ചു. അതാണ് നമ്മൾ പിന്തുടർന്ന നയതന്ത്ര ബന്ധത്തിന്റെ മഹത്വം. അതനുസരിച്ച് അവരെ അവിടെ നിന്ന് പോൾട്ടോവാ നഗരത്തിലെത്തിച്ചു. അതിനുശേഷം ഉക്രൈന്റെ അതിർത്തി കടന്ന് പുറത്തേയ്ക്ക് കൊണ്ടു വന്ന് അവരെ ഭാരതത്തിൽ എത്തിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യൻ പ്രസിഡണ്ട് വ്ലാദിമീർ പുടിനുമായും ഉക്രൈൻ പ്രസിഡണ്ട് വ്ലോദിർ സെലൻസ്കിയുമായും സംസാരിച്ചതിന് ശേഷമാണ് ഭാരതപൗരന്മാരെ രക്ഷിക്കാനുള്ള വഴികളൊരുക്കാമെന്ന് ആ രണ്ട് രാഷ്ട്രത്തലവന്മാരും സമ്മതിച്ചത്.

യുദ്ധാരംഭം മുതൽ തന്നെ ഭാരതീയ പതാകയുമേന്തിക്കൊണ്ട് വരുന്ന വരെ ആ രണ്ട് ശത്രുരാജ്യങ്ങളിലെ സേനകളും ഉപദ്രവിച്ചില്ലെന്ന് മാത്രമല്ല അവർക്ക് വേണ്ട സഹായങ്ങൾ എല്ലാം ചെയ്തു കൊടുക്കുകയും ചെയ്തു. എന്നുള്ളത് നമ്മുടെ രാജ്യത്തെ മറ്റുള്ള രാജ്യങ്ങൾ എങ്ങനെ കാണുന്നു എത്ര ആദരിക്കുന്നു അംഗീകരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. എന്തിനേറെ നമ്മുടെ ത്രിവർണ്ണ പതാകയുമേന്തി ഭാരത് മാതാ കീ ജെയ് എന്ന് വിളിച്ചുകൊണ്ട് മറ്റ് രാജ്യക്കാർ പോലും അവിടെ നിന്നും രക്ഷപെടുന്ന കാഴ്ചയാണ് നാം കണ്ടത്. അങ്ങനെ രക്ഷപെട്ട ഒരു പാകിസ്ഥാനി വിദ്യാർത്ഥിനി ഭാരതമാണ്, മോദിയാണ് ഞങ്ങളെ രക്ഷിച്ചതെന്ന് മീഡിയകൾക്ക് മുമ്പിൽ വിളിച്ച് പറയുന്നതും നമ്മൾ കണ്ടു. നമ്മുടെ രാജ്യത്തിന് ലഭിക്കുന്ന അംഗീകാരവും നമ്മുടെ ദേശീയ പതാകയ്ക്ക് അന്താരാഷ്ട്ര തലത്തിൽ പോലും ലഭിക്കുന്ന മാന്യതയും ദേശസ്നേഹികളായ ഓരോ ഭാരതീയനേയും അഭിമാനപുളകിതരാക്കുന്നു.

ഉക്രൈനിലുണ്ടായിരുന്ന 20000ത്തോളം ഭാരതീയരെ മുഴുവനും ഓപറേഷൻ ഗംഗ എന്ന് പേരിട്ടിട്ടുള്ള ഈ രക്ഷാദൗത്യത്തിലൂടെ തിരിച്ചെത്തിക്കാൻ കഴിഞ്ഞതിലൂടെ കേന്ദ്രസർക്കാരിന്റെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിയിരിക്കുകയാണ്. യുദ്ധം ഉണ്ടാകാം എന്ന അഭ്യൂഹം പരന്നപ്പോൾ തന്നെ ഇന്ത്യൻ പൗരന്മാരെല്ലാം തിരിച്ച് നാട്ടിലേയ്ക്ക് പോരണം. അപകടമേഖലയിൽ അധിവസിക്കുന്നത് ഉചിതമല്ല എന്ന് അവിടെയുള്ള നമ്മുടെ പൗരന്മാരോട് കേന്ദ്രസർക്കാർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്. പക്ഷെ യുദ്ധം ഉണ്ടാവില്ല എന്ന ചില വിദേശമാദ്ധ്യമങ്ങളുടെ വാക്കുകേട്ട് അവിടെ തന്നെ കഴിയുകയായിരുന്നു ഈ ഇരുപതിനായിത്തോളം ആളുകളും. സ്വന്തം രാജ്യത്തേയും ഭരണകൂടത്തെയും വിശ്വാസത്തിലെടുക്കുകയാണ് ഏതൊരു പൗരൻെറയും ആദ്യ കടമ.

ഇന്ത്യൻ വ്യോമസേനയുടെ യുദ്ധവിമാനങ്ങൾ വരെ ഉപയോഗിച്ചാണ് ഈ രക്ഷാ ദൈത്യം പൂർത്തീകരിച്ചത്. എന്നിട്ടും പല കോണുകളിൽ നിന്നും വിമർശനങ്ങളുയർന്നതും നാം കണ്ടു. രാജ്യം ഒരു പ്രതിസന്ധിയെ നേരിടുമ്പോൾ എല്ലാ രാഷ്ട്രീയവ്യത്യാസങ്ങളും മാറ്റിവെച്ചുകൊണ്ട് ഒരു ശരീരവും ഒരു മനസ്സും പോലെ യോജിച്ച് നില്ക്കേണ്ട വേളയിൽ പോലും രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും വിധമുള്ള ദുരാരോപണങ്ങളും നികൃഷ്ടപ്രസ്ഥാവനകളും നടത്തുന്നവർ ചിന്തിക്കുക. ജനം നിങ്ങളെ തിരിച്ചറിയും. നിങ്ങളുടെ ദുർമോഹങ്ങളും ദുരുദ്ദേശങ്ങളും ജനങ്ങൾ തിരിച്ചറിയും. ഓപ്പറേഷൻ ഗംഗ വഴി രക്ഷപെടുത്തിയവരിൽ ഒട്ടേറെ മലയാളികളും ഉണ്ടായിരുന്നല്ലോ. ഈ രക്ഷാദൗത്യത്തിനിടയിൽ കേട്ട ഏറെ ദുഖകരമായ ഒരു പ്രസ്താവനയുണ്ട്. അതും ഒരു മലയാളിയിൽ നിന്നുമാണ് അതുണ്ടായത് എന്നോർക്കുമ്പോൾ ശരിക്കും ലജ്ജ കൊണ്ട് തലതാണുപോകുകയാണ്. 'ഞാനൊരു ഇന്ത്യാക്കാരനല്ല ഞാനൊരു മലയാളിയാണ്' എന്നതായിരുന്നു ആ പ്രസ്താവന. എത്രമാത്രം രാജ്യവിരുദ്ധതയാണ് ആ വാക്കുകൾക്കുള്ളിൽ അടങ്ങിയിരിക്കുന്നതെന്ന് ചിന്തിക്കുക. ഭാരതസർക്കാരിന്റെ ഓപ്പറേഷൻ ഗംഗയിലൂടെ തിരിച്ചുകൊണ്ടുവന്ന ഒരു വ്യക്തിയാണ് ഈ പറഞ്ഞ രാജ്യവിരുദ്ധ പരാമർശം നടത്തിയതെന്നോർക്കുക. യുദ്ധമുഖത്തു നിന്നും രക്ഷപെടുത്തി നാട്ടിലെത്തിച്ചതിന്റെ നന്ദിസൂചകമായി മറ്റുള്ള സംസ്ഥാനക്കാരെല്ലാം കേന്ദ്രസർക്കാരിനെ പ്രശംസിച്ചപ്പോൾ നന്ദികേടിന്റെ പര്യായമായി മാറുകയായിരുന്നില്ലേ ആ മലയാളി? എന്തായാലും മറ്റൊരു രാജ്യത്തിനും കഴിയാത്തെ വിധത്തിൽ സ്വന്തം പൗരന്മാരെ മുഴുവനും രക്ഷിച്ച കേന്ദ്രസർക്കാരിന് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ. ഇത് നമ്മുടെ സർക്കാരിന്റെ നയതന്ത്രവിജയം തന്നെയാണ്. മറ്റുള്ള രാജ്യങ്ങൾക്ക് മാതൃകയായ നയതന്ത്രവിജയവും രക്ഷാ ദൗത്യവും.

വന്ദേമാതരം.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

## എല്ലാവായനക്കാർക്കും വിഷുദിനാശംസകൾ

*പ്രിയ കരയോഗാംഗങ്ങളെ,*

**എ**റണാകുളം കരയോഗത്തിന്റെ 2021-22 സാമ്പത്തിക വർഷം അവസാനിക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം കാര്യമായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ഒരു വസ്തുതയാണ്. കോവിഡ് -19 മഹാമാരിയുടെ പിടിയിൽ നിന്നും സാധാരണ ഗതിയിലേക്ക് വന്നപ്പോൾ ലോകത്തിന്റെ തന്നെ സമാധാനവും ശാന്തതയും ഇല്ലാതാക്കിക്കൊണ്ട് റഷ്യ-യുക്രൈൻ യുദ്ധം ആരംഭിച്ചിരിക്കുന്നു. യുദ്ധം എന്നവസാനിച്ചാലും നഷ്ടപ്പെട്ട ജീവിതങ്ങളും സമ്പത്തും തിരിച്ചു കിട്ടാനാവില്ല. യുദ്ധകെടുതികൾ മൂലം തകർക്കപ്പെടുന്ന രാജ്യം പൂർവ്വ സ്ഥിതിയിലേക്ക് തിരിച്ചെത്തണമെങ്കിൽ കുറഞ്ഞത് 50 വർഷത്തെ പ്രയത്നവും ലോകരാജ്യങ്ങളുടെ സഹകരണവും ആവശ്യമായിവരും. അതുപോലെ തന്നെ ഈ അന്യാവശ്യമെന്നു തോന്നുന്ന യുദ്ധം ലോക രാജ്യങ്ങൾ തമ്മിലുള്ള ബന്ധവും കൂട്ടുകെട്ടുകളും ചേരിചേരാ നയങ്ങളും മാറ്റിമറിച്ചിരിക്കുന്നു എന്നുള്ളതിന്റെ അനന്തരഫലങ്ങൾ ഭാരതത്തിലും പ്രതിഫലിക്കുമെന്നുള്ളതിന് സംശയമില്ല. കഴിഞ്ഞ ദിവസം നമ്മുടെ ബഹു. പ്രധാനമന്ത്രി തന്നെ ഇനി വരാൻ പോകുന്ന പ്രതിസന്ധികളെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. ഇത് രാജ്യത്തെ മാത്രമല്ല, ഈ രാജ്യത്തെ ഓരോ വ്യക്തികളെയും ബാധിക്കും. ഇവിടെ ഈ കാര്യം സൂചിപ്പിക്കുവാൻ കാരണം നമ്മൾ ഒരു പ്രസ്ഥാനമെന്ന നിലയിൽ ഇതിലെ അംഗങ്ങളായ ഓരോ വ്യക്തികളും ഈ വിപത്തുകളുടെ ഭവിഷ്യത്ത് നേരിടേണ്ടി വരും എന്നതിലുള്ള ഉത്കണ്ഠ കൊണ്ടാണ്.

എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം 2020 ലും 2021 ലും വാർഷിക പൊതുയോഗം ടി.ഡി. എം ഹാളിൽ വിളിച്ചു കൂട്ടി നടത്തുവാൻ സർക്കാരിന്റെ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് സാധിച്ചില്ല. എന്നാൽ ഈ വർഷം ജൂൺ 26-ാം തീയതി ഞായറാഴ്ച എറണാകുളം കരയോഗത്തിന്റെ 97-ാമത് വാർഷിക പൊതുയോഗം ടി.ഡി. എം ഹാളിൽ വെച്ച് നടത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടകൾക്കുള്ളിൽ നിന്നുകൊണ്ട് ദൈനംദിന പ്രവർത്തനങ്ങൾ ഒരു വിധം ഭംഗിയായി മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയുന്നുണ്ട് എന്നുള്ളത് വളരെ ചാരിതാർത്ഥ്യത്തോടെ ഇവിടെ രേഖപ്പെടുത്തുന്നു. ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് പുതിയ ആശയങ്ങളും പദ്ധതികളും കൂട്ടായി ആലോചിക്കുകയും വളരെ ശുഷ്കാന്തിയോടുകൂടി പ്രാവർത്തികമാക്കുകയും ചെയ്യേണ്ട ഒരു കാലമാണ് വരുന്നത്.

ഒരു വ്യക്തി എന്ന നിലയിലും ഒരു സംഘടനയുടെ ഭാരവാഹി എന്ന നിലയിലും സമൂഹ ജീവി എന്ന നിലയി

ലും സാമൂഹിക പ്രതിബദ്ധത എന്നുള്ളത് എക്കാലത്തെക്കാളും വലിയ മൂല്യത്തോടു കൂടി സൂക്ഷിക്കേണ്ടതും അത് നമ്മുടെ സമൂഹത്തെ ഒരു വിധത്തിലും തെറ്റായോ ചൂഷണം ചെയ്യുന്ന രീതിയിലോ സംഭവിക്കുന്നില്ലായെന്ന് ബോധ്യപ്പെടുത്തുവാൻ ഓരോ വ്യക്തികൾക്കും കടമയുണ്ട്. അതവന്റെ ചുമതലയുമാണ്. പ്രത്യേകിച്ച് ഒരു പൊതു പ്രവർത്തകൻ സാമ്പത്തികമായ കാര്യങ്ങളിൽ ഇടപെടുമ്പോൾ താൻ ചെയ്യേണ്ട ജോലിയുടെ അല്ലെങ്കിൽ സേവനത്തിന്റെ മഹത്വം തിരിച്ചറിയുകയും തനിക്കും തന്റെ കുടുംബത്തിനും സമൂഹത്തിലും തന്നെക്കുറിച്ചുണ്ടാക്കുന്ന തന്റെ തെറ്റായ നടപടിമൂലം ഉണ്ടാവുന്ന അവമതിപ്പ് തിരിച്ചറിയുകയും ഓരോ രൂപയും കൈകാര്യം ചെയ്യുമ്പോൾ തന്റെ കുടുംബത്തിലെ ഓരോ അംഗങ്ങളെയും പോലെ സംഘടനയിലെ ഓരോ അംഗത്തിന്റെയും മുഖം മുന്നിൽ തെളിയേണ്ടതാണ്. എന്നാൽ ഇന്നു നാം കാണുന്ന ചിത്രം പലപ്പോഴും നമ്മെ ദു:ഖിപ്പിക്കുകയും വേദനിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഇതിവിടെ സൂചിപ്പിക്കുവാൻ കാരണം സാമുദായിക, ജീവകാരുണ്യ സേവന മേഖലകളിൽ

പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും സൂക്ഷ്മതയോടെയും സത്യസന്ധതയോടെയും ആണോ താൻ പ്രവർത്തിക്കുന്നത് എന്ന ആത്മപരിശോധന നടത്തണം.

അതിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്നവരെ തിരുത്തുവാനും അവരെ സമൂഹത്തിന്റെ മുമ്പിൽ തുറന്നു കാണിച്ച് അവഹേളിക്കുവാൻ ചിലപ്പോൾ നമുക്ക് നിഷ്പ്രയാസം കഴിയുമായിരിക്കും. പക്ഷേ അതല്ല വേണ്ടത് . ഇത്തരക്കാരെ മനസ്സിലാക്കിയും തിരിച്ചറിഞ്ഞും അവരെ സാമ്പത്തികമായ ഇടപാടുകളിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുവാൻ അവസരം നല്കാതെ അകറ്റി നിർത്തുകയുമാണ് ചെയ്യേണ്ടത്.

സംഘടനാ പ്രവർത്തനങ്ങൾക്ക് സമയവും മനസ്സുമുള്ള സത്യസന്ധരായ, സുതാര്യ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ താല്പര്യമുള്ള നിസ്വാർത്ഥമതികളുടെ സേവനം നമ്മുടെ കരയോഗം പോലുള്ള സാമൂഹിക ജീവകാരുണ്യ സംഘടനകൾക്ക് അത്യന്താപേക്ഷിതമാണ്. സ്ഥാനമോഹമില്ലാത്ത സാമൂഹ്യപ്രതിബദ്ധതയും പ്രവർത്തന ശേഷിയുമുള്ള തന്റെ കഴിഞ്ഞകാല ജീവിതത്തിലെ അനുഭവപാഠങ്ങൾ ഒരു പ്രോഗ്രസ്സ് കാർഡ് ആക്കിക്കൊണ്ടും അംഗങ്ങൾ സേവനത്തിനായി മുന്നിട്ടിറങ്ങണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഏപ്രിൽ 21 വ്യാഴാഴ്ച വൈകുന്നേരം 6.15 ന് നീലംപേരൂർ സുരേഷ്കുമാർ & അനുപമ മേനോൻ അവതരിപ്പിക്കുന്ന 'സോപാനലാസ്യം' (സോപാനസംഗീതം&മോഹിനിയാട്ടം) ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം – പി.എസ്. ഗോപിനാഥൻ നായർ 14-ാമത് പരിസ്ഥിതി അവാർഡ് ദാനം ഏപ്രിൽ 22ന് വൈകുന്നേരം 5.00 മണിക്ക് ടിഡിഎം ഹാൾ കാവേരിയിൽ വച്ച് നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'നളചരിതം ഒന്നാം ദിവസം' ഏപ്രിൽ 24 ,ഞായറാഴ്ച 6.00 മണിക്ക് ടി.ഡി. എം ഗംഗാഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 23- ാം തീയതി ശനിയാഴ്ച 5.00 മണിക്ക് സംഗീത പരിപാടി ടി.ഡി. എം യമുന ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

****



# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

# ഏപ്രിൽ 2022

| | | | |
|---|---|---|---|
| 1 | 02-04-2022 ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 2 | 06-04-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m .- 4.00 p.m. |
| 3 | 07-04-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4 | 08-04-2022 വെള്ളി | എറണാകുളം കരയോഗം വിഷുവിപണനമേള ആരംഭം. | |
| 5 | 09-04-2022 ശനി | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10 a.m. - 11.30 a.m. |
| 6 | 13-04-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m. - 4.00 p.m. |
| | | വിമൻസ് ഫോറം | 4.00 p.m. - 5.00 p.m. |
| 7 | 14-04-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 8 | 15-04-2022 വെള്ളി | എറണാകുളം കരയോഗം വിഷുവിപണനമേള സമാപനം | |
| 8 | 16-04-2022 ശനി | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10 a.m. - 11.30 a.m. |
| 9 | 20-04-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m. - 4.00 p.m. |
| 10 | 21-04-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| | | ബീം - സോപാന സംഗീതം & മോഹിനിയാട്ടം നീലംപേരൂർ സുരേഷ് കുമാർ & അനുപമാ മേനോൻ | 6.15 p.m |
| 11 | 22-04-2022 വെള്ളി | പരിസ്ഥിതി അവാർഡ് | 5.00 p.m |
| 12 | 23-04-2022 ശനി | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| | | സാംസ്കാരിക വേദി - സംഗീതം | 5.00 p.m. |
| 13 | 24-04-2022 ഞായർ | കഥകളി - നളചരിതം ഒന്നാം ദിവസം | 6.00 p.m. |
| 14 | 27-04-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m. - 4.00 p.m. |
| 15 | 28-04-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 16 | 30-04-2022 ശനി | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## അല്പം ചില വിഷുചിന്തകൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**നി**ങ്ങൾ അറിഞ്ഞില്ലേ? പ്രകൃതിയുടെ കനിവിന്റെ വസന്തോത്സവ കാലം വരുന്നു. ഇതാ മറ്റൊരു വിഷുക്കാലം!

എങ്ങും സമൃദ്ധിയുടെ ലക്ഷണങ്ങൾ പ്രകടമാകുന്നു. നിറഫലങ്ങളുമായി നാടെങ്ങും വൃക്ഷസഞ്ചയം. മഞ്ഞപ്പൂക്കളുമായി കണിക്കൊന്നകൾ. കണ്ണിനാനന്ദകരമായ കൗതുകകാഴ്ചകൾ പ്രകൃതി നമുക്കായി ഒരുക്കി വെയ്ക്കുന്നു. കാർഷിക സമൃദ്ധിയുടെ മേടവസന്ത വിഷുക്കാലം.

മലയാളിക്ക് ഇത് ഗൃഹാതുരതയുടെ ഓർമ്മക്കാലം. ഓരോ കേരളീയോത്സവവും മലയാളിക്ക് പിന്നിട്ട കാലത്തിന്റെ ഓർമ്മകളും നൊമ്പരങ്ങളും സമ്മാനിക്കുന്നു.

പൂത്തിരി കത്തിച്ചു, മത്താപ്പൂരച്ചും, പടക്കം പൊട്ടിച്ചും മേശപ്പൂ തെളിച്ചും കൊച്ചു കൂട്ടുകാരേ നമുക്കും കൂടണ്ടേ വിഷുവിനൊപ്പം? കൊന്നപ്പൂക്കൾ കണികണ്ട് കണ്ണന്റെ രൂപം കൺകുളിർക്കെ കണ്ട് കൈനീട്ടം മേടിക്കേണ്ടേ? കാടിൻ മീതെ കണിക്കൊന്ന പോലെ മേടമാസപുലരി വരികയായി...വിഷുപക്ഷി പറന്നെത്തി കഴിഞ്ഞു കാതോർത്തു നോക്കൂ. കേൾക്കുന്നില്ലേ

'വിത്തും കൈക്കോട്ടും'...ഗ്രാമവൃക്ഷങ്ങളിൽ പറന്നിറങ്ങി നാടിന് കുളിർമ്മയേകിക്കൊണ്ട് ഈ പക്ഷികൾ ഇമ്പത്തിൽ പാടുകയായി.

'അച്ഛൻ കൊമ്പത്ത്, അമ്മ വരമ്പത്ത്'

പലതുകൊണ്ടും നാം മാറിപോയെങ്കിലും വിഷുപോലെയുള്ള ആഘോഷങ്ങൾ നമ്മെ ചെന്നെത്തിയ വഴികളിൽ നിന്നെല്ലാം തിരിച്ചു നടക്കാൻ പ്രേരിപ്പിക്കുന്നു. മടക്കി വിളിച്ചു നാട്ടിൻ പുറങ്ങളിലെത്തിക്കുന്നു.

ആഘോഷവേളകളാണ് നമ്മുടെ പ്രത്യാശകൾക്കും പ്രതീക്ഷകൾക്കും പ്രകാശത്തിന്റെ തിരിനാളങ്ങൾ. അവധിക്കാല കൂട്ടായ്മകളും ബന്ധങ്ങളുടെ സമാഗമങ്ങളും വിഷുവിനെ കൂടുതൽ മനോഹരമാക്കുന്നു. മീനച്ചൂടിൽ കരിഞ്ഞു പോയ സസ്യലതാദികൾക്കിടയിൽ പൂത്ത് പുഷ്പിച്ചു നിൽക്കുന്ന മലർക്കൊന്ന പ്രത്യാശയുടെ പ്രതീകമാണ്.

കണികാണാൽ വിഷുവിന് പ്രധാനമാണ് ഉണ്ണിക്കണ്ണനും കൊന്നപ്പൂവും, അഷ്ടമംഗല്യവുംഫലമൂലാദികളും പൊന്നും വിളക്കും അലക്കിയ പുടവയും പുലർകാലേ നാം കണികാണുന്നു. കഴിഞ്ഞ കാലങ്ങളിൽ കുഞ്ഞുങ്ങളുടേയും മുതിർന്നവരുടെയും കണ്ണുപൊത്തി കണിക്കു മുന്നിൽ കൊണ്ടുവന്ന് കൺതുറന്നോളൂ കണികണ്ടോളൂ എന്ന് അമ്മ

പറയുന്നതു കേട്ട് കണ്ണുകൾ തുറന്ന് സമൃദ്ധിയുടെ നിറവിൽ മുഴുകുന്നു. പണ്ടൊക്കെ കണി ചുറ്റുപാടും കൊണ്ടു നടന്ന് കാണിക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. വൃക്ഷങ്ങളും ജീവജാലങ്ങളും പ്രകൃതി തന്നെയും അന്നേ ദിവസം വീടുകളിൽ നിന്നുള്ള വിഷുക്കണി കണ്ട് ഉണരുന്നു. ആനന്ദിക്കുന്നു.

കൈനീട്ടം പണ്ടു കാലങ്ങളിൽ നാണയത്തുട്ടുകളായിരുന്നു. അച്ഛനും അമ്മയും അമ്മാവന്മാരും മുതിർന്നവരും മുത്തച്ഛന്മാരും ഇളതലമുറയ്ക്കു അരിയും പൂവും ചേർത്ത് നാണയം കൈനീട്ടമായി നൽകുന്നു. ഇന്നിപ്പോൾ കൈ നീട്ടം സാമാന്യം നല്ല രീതിയിൽ തന്നെയാവും കുട്ടികൾക്ക് കിട്ടുന്നത്. കിട്ടുന്ന കാശൊക്കെ കൂട്ടിവെച്ച് കുട്ടികളേ നിങ്ങൾ സമ്പാദ്യശീലം തുടങ്ങണം. അനാവശ്യമായി പണം ചെലവാക്കുന്നത് നല്ല ശീലമല്ല. പണം ലക്ഷ്മിയാണ്. ലക്ഷ്മിയെ ആദരിക്കണം. വിലവെയ്ക്കണം. എങ്കിലേ ലക്ഷ്മിദേവി എക്കാലവും കൂടെയുണ്ടാവൂ. പണിമില്ലാത്തവൻ പിണം എന്നു കേട്ടിട്ടില്ലേ. പണമുണ്ടെങ്കിൽ സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനം നിങ്ങൾക്കു ലഭിക്കും. അതുകൊണ്ട് സൂക്ഷിച്ചും കണ്ടും വേണം പണം ചെലവഴിക്കാൻ. ചെറിയരീതിയിൽ കാശു കൂട്ടിവെച്ചു തുങ്ങിയാൽ വലിയ സമ്പാദ്യത്തിനുടമകളാവും നിങ്ങൾ. പലതുള്ളി പെരുവെള്ളം എന്നല്ലേ.

വിഷുവിന് പടക്കം പ്രധാനം തന്നെ. പ്രായഭേദമന്യെ എല്ലാവർക്കുംപ്രിയമാണ് പടക്കം. മത്താപ്പും പൂത്തിരയും മേശപ്പൂവും കമ്പിത്തിരിയും, ചാട്ടയും ടോർച്ചുമെല്ലാം. വിഷുഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്ന വകകളാണ്.

വിഷുസദ്യ സുപ്രധാനമാണ്. കുടുംബക്കാരൊക്കെ ഒത്തുചേർന്ന് തൂശനിലയിൽ തുമ്പപ്പൂ ചോറുവിളമ്പി കാളനും തോരനും, പച്ചടിയും, കിച്ചടിയും, ഓലനും അവിയലും വറുത്തുപ്പേരിയും പപ്പടവും, നെയ്യും പരിപ്പും പഴം നുറുക്കും പ്രഥമനും ചേർത്ത് വിഷുസദ്യ കേമമാക്കുന്നു. ഓരോ ഗൃഹവും.

മകരക്കൊയ്ത്ത് കഴിഞ്ഞ് മാനവരാശിയെ പ്രവൃത്തി പഥത്തിലേക്ക് വീണ്ടും കൊണ്ടുചെന്നെത്തിക്കുന്ന വിശേഷദിനമാണ് വിഷു. നാടൻ കളികൾ നാട്ടുമ്പുറങ്ങളിൽ അരങ്ങേറുന്ന ഒരു കാലം കൂടിയാണ് വിഷുക്കാലം. മാവിൻചുവട്ടിലെ കളിവീടും പറമ്പിന്റെ മൂലകളിൽ ഒരുക്കുന്ന കളിവീടും, കൊച്ചമ്പലങ്ങളുമൊക്കെ ഞങ്ങൾ കുട്ടികളുടെ അക്കാലങ്ങളിലെ രംഗ വേദികളായിരുന്നു.

വിഷുവിന് കൈനീട്ടം വാങ്ങാൻ പാടത്തും പറമ്പിലുമൊക്കെ പണിചെയ്യുന്നവർ വന്നെത്തുമായിരുന്നു. നെല്ലും അരിയും പൂവും പണവും ചേർത്ത് അവർക്ക് ഓരോരുത്തർക്കും നൽകുന്നത് അമ്മൂമ്മയുടെ നിർദ്ദേശപ്രകാരമായിരുന്നു. കൊടുക്കുന്നതിലെ ആഹ്ലാദമാണ് വിഷുനാളിലെ മാനസികാനന്ദത്തിനു നിദാനം. ഇന്ന് കൊടുക്കുന്നതിൽ നമുക്ക് ആർക്കുണ്ട് തൃപ്തി. ആർക്കുമില്ല. എന്തും കൈക്കലാക്കുന്നതിലും തട്ടിപ്പറിച്ചെടുക്കുന്നതിലുമാണ് മനുഷ്യന്താത്പര്യം. കാലം ഏറെ മാറിപ്പോയി. കാരുണ്യവും ദയയും സ്നേഹവും സഹോദര്യവുമൊക്കെ എങ്ങോ പോയ് മറഞ്ഞു കഴിഞ്ഞു.

ഓരോരുത്തരും അവരവരുടേതായ ചെറിയൊരു വട്ടപാടിലേക്കു ഒതുങ്ങിക്കുടുകയാണ് ഇന്ന്. ഒരുമയുടെ വിശാലതയുടെ ഉണർത്തുപാട്ടാകണം വിഷു പോലുള്ള ആഘോഷങ്ങൾ. സങ്കുചിത മനസ്സുകളിൽ നിന്ന് അതിവിശാലതയുടെ വിതാനങ്ങളിലേക്ക് നാം നടന്നടുക്കണം.

വിഷുവിനെപ്പറ്റി പല ഐതിഹ്യങ്ങളും കേൾക്കാറുണ്ട്. അതിലൊന്ന് ഇങ്ങനെയാണ്.

ലങ്കാധിപനായ രാവണന് തന്റെ കൊട്ടാരത്തിനു നേരേ സൂര്യൻ ഉദിച്ചുയരുന്നത് ഇഷ്ടമായില്ലത്രേ. രാവണൻ സൂര്യന് താക്കീതു കൊടുത്തു.

അതുകൊണ്ട് രാവണവധത്തിനു ശേഷമേ സൂര്യൻ നേരേ കിഴക്കുദിച്ചുള്ളൂ. എന്നതാണ് ആ ഐതിഹ്യം.

വിഷുനാളിൽ വീടിനു ചുറ്റും കിടക്കുന്ന ചപ്പും ചവറും കൂട്ടിയിട്ട് കത്തിക്കുന്ന ചടങ്ങ് ലങ്കാദഹനത്തെ അനുസ്മരിച്ചാണെന്നും പറയപ്പെടുന്നു.

പാടങ്ങളിൽ വീശിയടിക്കുന്ന വെള്ളിമഴയും വൃശ്ചികത്തണുപ്പിലെ തളിർനിലാവും ഗ്രാമങ്ങളുടെ മേൻപ്പുടവകളത്രെ ഇപ്പോഴും കൈമോശം വരാത്തതായി ഒന്നുണ്ട്. അവശേഷിക്കുന്ന ഗ്രാമങ്ങളിൽ നിഷ്ക്കളങ്കത. ഗ്രാമങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോഴാണ് വിഷുവും ഓണവും പോലുള്ള ഉത്സവാഘോഷങ്ങൾക്ക് നിറച്ചാർത്ത് ഉണ്ടാവുക. നാം സമ്പരെന്ന് സ്വയം തോന്നി അഭിമാനിക്കാനാവുക. സഹായിക്കാനും സഹതപിക്കാനും മനസ്സുള്ള ധാരാളം പേർ ഗ്രാമങ്ങളിലാണ് ഉണ്ടാവുക.

നാട്യപ്രാധാന്യം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം എന്ന് കവി കുറ്റിപ്പുറത്തു കേശവൻനായർ പറഞ്ഞുവെക്കുന്നു.

കേരളത്തിന്റെ വളർച്ചയിൽ അകമഴിഞ്ഞ് സന്തോഷിക്കുമ്പോഴും ഒരിക്കലും ന്യായീകരിക്കാനാവാത്ത നമ്മുടെ തന്നെ ചില ജനദ്രോഹപ്രവർത്തികളും ഓർമ്മകളിൽ വന്നെത്തുന്നു.

ഇനി വരുന്നൊരു തലമുറയ്ക്ക്

ഇവിടെ ജീവിതം സാധ്യമോ എന്ന് ഇഞ്ചക്കാട് ബാലചന്ദ്രന്റെ വ്യാകുലത ചുറ്റുമുള്ള കാഴ്ചകൾ കണ്ടു കൊണ്ടാണ്.

കാലമിനിയും കടന്നു പോകവേ പലതും മാറിപ്പോയ അവസ്ഥക്കൊപ്പം വിസ്മൃതിയിലാവുമോ നമ്മുടെ വിഷുവും ഓണവും പോലും.

നാടിന്റെ നന്മകളേയും വിശുദ്ധിയേയും കാത്തുസൂക്ഷിക്കാൻ വളർന്നു വരുന്ന ഓരോ കേരളീയനും ബാലലോകം കൂട്ടുകാരും മാനസ്സികമായി തയ്യാറാവണം. ഒറ്റക്കെട്ടായി അണിനിരക്കണം. അതിനുള്ളൊരു ആഹ്വാനമാവട്ടെ കടന്നുവരുന്ന ഈ വിഷുക്കാലം.

ഏവർക്കും വിഷു ആശംസകൾ. സമൃദ്ധിയുടെ നാളുകൾ പുലരട്ടെ.

****

# ഗുരുകുലം

പാണ്ടിപ്പിള്ളി എന്നൊരു ദേശത്തെ വൈത്തിസ്വാമിയുടെ ഗുരുകുലം പാഠശാലയിൽ പഠിക്കാനെത്തുന്നവർ എത്രയോ പേരാണ്. കുട്ടികൾക്കു വേണ്ടുന്ന സാരോപദേശങ്ങളും സത്ഭാവനാശകലങ്ങളുമൊക്കെ പറഞ്ഞുകൊടുത്തുകൊണ്ടുള്ള ഒരു പഠനരീതിയാണ് ഗുരുകുലത്തിന്റേത്. അതുകൊണ്ടുതന്നെ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ വൈത്തിയുടെ പാഠശാലയിൽ കൊണ്ടുചെന്നാക്കും. വിദ്യാഭ്യാസത്തിന്റെ പൂർണ്ണത കൈവരുത്തിയേ സ്വാമി കുട്ടികളെ അവരവരുടെവീടുകളിലേക്കയക്കൂ. ശരിക്കും ഗുരുകുലം തന്നെ സ്വാമിയുടെ പാഠശാല രക്ഷിതാക്കളും കുട്ടികളുമായി ചേരുന്ന വിഷയാവതരണങ്ങളിലൊക്കെ അദ്ദേഹം ഓർമ്മിപ്പിക്കുക പതിവാണ്.

യഥാർത്ഥത്തിൽ വിദ്യാഭ്യാസമെന്നത് അറിവിന്റെ അപ്പം സ്നേഹത്തിൽ മുക്കി കഴിക്കുക എന്നതാണ്.

വൈത്തിസ്വാമിയുടെ ശിഷ്യരിലൊരാളാണ് ബ്രഹ്മദത്തൻ. പഠനകാര്യത്തി

ലൊക്കെ അവൻ കൊള്ളാമെങ്കിലും, കള്ളംപറച്ചിലും കൊച്ചുകൊച്ചു മോഷണങ്ങളും അവന്റെ കൊള്ളരുതാത്ത ശീലങ്ങളായിരുന്നു.

ഒരിക്കൽ സഹപാഠികളിൽ ചിലർ ചേർന്ന് അവന്റെ ഒരു മോഷണ ശ്രമം കൈയ്യോടെ പിടിച്ചു. അവനേയും കൊണ്ടവർ ഗുരുവിന്റെ അടുത്തെത്തി.

'ഗുരോ അവൻ മഹാകള്ളനാണ്. അങ്ങയുടെ പക്കലുള്ള ധനത്തിൽ നിന്നിവൻ അടിച്ചുമാറ്റിയിട്ടുണ്ട്. ഞങ്ങൾ ഞങ്ങളുടെ ഈ കണ്ണുകൊണ്ട് കണ്ടതാണ്'.

ഗുരുസ്വാമി ചോദിച്ചു.

'ഉള്ളതാണോ ദത്താ. ദ്രവ്യം നീ എടുത്തുവോ'

'ഇല്ല ഗുരോ സത്യമായും ഞാൻ എടുത്തിട്ടില്ല'. അവൻ തീർത്തും പറഞ്ഞു.

ആഹ് ഇപ്പോളിവൻ കള്ളം പറഞ്ഞു.

സഹപാഠികളിൽ ഒരുവനായ ആനന്ദൻ പറഞ്ഞു.

'വേണമെങ്കിൽ എന്റെ കീശ തപ്പിക്കോ എന്റെ എവിടെ വേണമെങ്കിലും പരിശോധിച്ചോ'- ബ്രഹ്മദത്തൻ ഗുരുവിന്റെ മുന്നിൽ സാധു ചമഞ്ഞ് നിന്നു.

പിന്നെ നീയെന്തിനാ ഗുരുവിന്റെ അലമാര തുറന്നതും കാശുവെച്ചിരിക്കുന്ന പാത്രമെടുത്തതും.

'ഓ അതോ അതു ഞാൻ ചുമ്മാതൊന്നെടുത്ത് പൊടി തട്ടി വെച്ചതാ'

'ശരിശരി എടുത്തിട്ടില്ലെങ്കിൽ പോട്ടെ. കള്ളം പറയുന്നതും മോഷ്ടിക്കുന്നതും നല്ല സ്വാഭാവമല്ല. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം സ്വഭാവരൂപീകരണമാണ്'. വൈത്തിസ്വാമി എല്ലാവരോടുമായി പറഞ്ഞു.

'ശരിക്കും ഇവൻ എടുത്തതാ ഗുരോ കള്ളം പറയുകയാ തീർച്ചയായും അവന് ശിക്ഷകൊടുക്കണം അങ്ങ്' മറ്റു കുട്ടികൾ ചേർന്ന് പറഞ്ഞു.

ങും നോക്കാം. ഇക്കുറി ഇങ്ങനെ പോട്ടെ. ഗുരു അങ്ങനെയൊരു തീരുമാനത്തിലെത്തി.

ഗുരുനാഥൻ അവനോടു ക്ഷമിച്ചെന്നു കണ്ടപ്പോൾ കുട്ടികൾക്ക് അത് അത്ര രസിച്ചില്ല. പതിയെ മുറുമുറുത്തുകൊണ്ട് അവരെല്ലാം അവിടെനിന്നും പോയി.

ചില നാളുകൾക്ക് ശേഷം മോഷണക്കുറ്റത്തിന് പിന്നെയും അവർ അവനെ പിടിച്ചു.

ഗുരുവിന്റെ സമക്ഷം കൊണ്ടുചെന്നു നിർത്തി.

കാര്യകാരണങ്ങൾ ചോദിച്ചറിഞ്ഞ് അവൻ പറഞ്ഞതെല്ലാം മൂളിക്കേട്ട് വൈത്തിസ്വാമി അവനെ അപ്പോഴും ശിക്ഷയെന്നും നൽകാതെ വിട്ടു.

ഇങ്ങനെ പലതവണയായി

സഹപാഠികളായ കുട്ടികൾക്ക് ഇതിൽ ഈർഷ്യ തോന്നി തുടങ്ങി.



ഈ ഗുരുനാഥനെന്താ ഇങ്ങനെ പെരുമാറുന്നത്. കള്ളത്തരം ചെയ്തു കൊണ്ടിരിക്കുന്ന ഇവന് തക്കശിക്ഷ കൊടുക്കുക തന്നെയല്ലേ വേണ്ടത്.

അവർ കാര്യം ഗുരുവിനോടു തന്നെ തിരക്കി.

ഇതു ശരിയല്ല ഗുരുനാഥാ. ഒരു കള്ളനെ ഇവിടെ ഗുരുകുലത്തിൽ കൂട്ടുകയെന്നത് ഒട്ടും ശരിയല്ല. എത്രയോവട്ടം അവൻ ചെയ്ത കളവുകൾ ഞങ്ങൾ കണ്ടു പിടിച്ച് പറഞ്ഞിരിക്കുന്നു. ഒരിക്കലെങ്കിലും അങ്ങ് അവന് ചെറിയൊരു ശിക്ഷയെങ്കിലും കൊടുത്തിട്ടുണ്ടോ

വൈത്തിസ്വാമി ചിരിച്ചു.

അതുകൊണ്ട് ഇപ്പൊ എന്തുവേണം

അവനെ ഇവിടുന്ന് പുറത്താക്കണം. ഇന്നുതന്നെ ഇപ്പോൾ തന്നെ ഒരു കള്ളന്റെ കൂടെയിരുന്ന് പഠിക്കാൻ ഞങ്ങൾക്ക് പറ്റൂല്ല.

ഗുരു ആലോചനയിലായി എറെ നേരം. പിന്നെ പറഞ്ഞു.

എങ്കിൽ നിങ്ങളൊക്കെ ഇവിടെ നിന്നു പൊയ്ക്കോളൂ. അതാണതിന്റെ ശരി. അവനെ ഇവിടുന്നയക്കാൻ ഞാൻ തീരുമാനിച്ചിട്ടില്ല. അതിനെ കാലമായിട്ടില്ല.

ഇത് വിചിത്രമായ തീരുമാനം തന്നെ. ഒരു കള്ളനേം വച്ചു കൊണ്ട് ഈ പാഠശാല എന്തിനങ്ങ് തുടർന്ന് പോകണം. മാത്രമല്ല ഞങ്ങളെന്തിനിവിട്ന്ന് പോകണം. പുറത്ത് പോകേണ്ടത് അവനല്ലേ കുട്ടികൾ രോഷത്തോടെ ചോദിച്ചു.

വൈത്തിഗുരുസ്വാമി പറഞ്ഞു. കുട്ടികളേ, ഇതെന്റെ വിചിത്രമായ തീരുമാനമെന്ന് ധരിക്കണ്ടാ. നിങ്ങളെല്ലാം ഞാൻ പറഞ്ഞുതന്നതും പഠിപ്പിച്ചതും പ്രായോഗികമാക്കി കഴിഞ്ഞു. നിങ്ങളൊക്കെ സ്വാഭാവ ശുദ്ധിയുള്ളവരും നല്ല ശീലമുള്ളവരുമായി.

അവൻ മാത്രമാണ് എല്ലാം കണ്ടു കേട്ടും അറിഞ്ഞും പഠിച്ചിട്ടും, അതൊന്നും പ്രാവർത്തികമാക്കാതെ ഇപ്പോഴും അല്ലറ ചില്ലറ കള്ളത്തരങ്ങൾ കാണിക്കുന്നത്. അവനെ ഇവിടെ നിർത്തി അവന്റെയാചീത്തശീലങ്ങൾ മാറ്റിയെടുക്കണം. അവനിപ്പോൾ ഞാനല്ലാതെ മറ്റാരാണുള്ളത്. ഞാൻ കൂടെ അവനോട് മോശമായി പെരുമാറിയാൽ, തകർന്നു പോകുമവൻ. ഇപ്പോൾ ചെയ്യുന്ന ചെറിയ കളവുകളിൽ നിന്ന് അവൻ വലിയ കളവുകൾ ചെയ്യുന്നവനായി മാറും. ഗുരുവെന്ന നിലയ്ക്ക് അത് ഒരിക്കലും എനിക്ക് ചേർന്നതല്ല. അതുകൊണ്ടു തന്നെ അവനെ പറഞ്ഞയക്കാനും എനിക്കാവില്ല.

ഗുരു പറഞ്ഞതെല്ലാം ബ്രഹ്മദത്തനും കേൾക്കുന്നുണ്ടായിരുന്നു. അത് അവനിൽ വലിയ മനം മാറ്റത്തിന് വഴിയൊരുക്കി.

ഗുരു പറഞ്ഞതു കേട്ട് മറ്റു കുട്ടികൾക്കും അതുശരിതന്നെയാണെന്നു തോന്നി.

അവരും അദ്ദേഹത്തോടു പറഞ്ഞു.

ശരിതന്നെയാണ് അങ്ങു പറഞ്ഞത്. ഇവിടെ തുടരുന്ന പക്ഷം അവനും ചീത്ത ശീലമുപേക്ഷിച്ച് നല്ലവനായിക്കൊള്ളും.

ഗുരുവെന്നാൽ കെട്ടവനെ നന്നാക്കുന്നവനും നല്ലവനെ കൂടുതൽ കൂടുതൽ നന്നാക്കുന്നവനുമാണ്. അതുകൊണ്ടു തന്നെ വ്യത്യസ്ത ശിഷ്യരോട് ഗുരുവിന്റെ പെരുമാറ്റം വ്യത്യസ്തവിധത്തിലായിരിക്കും.

ഗുരു എങ്ങനെ പെരുമാറിയാലും അതെല്ലാം ശിഷ്യന്റെ നല്ലതിനു വേണ്ടിത്തന്നെയായിരിക്കും എന്ന് ശിഷ്യനറിയണം.

വൈത്തിസ്വാമി പറയുന്നതുപോലെ വിദ്യാഭ്യാസം എന്നത് അറിവിന്റെ അപ്പം സ്നേഹത്തിന്റെ തേനിൽ മുക്കികഴിക്കുക എന്നതു തന്നെയാണ്.

*****

വാസ്തു

# വാസ്തു ശാസ്ത്രം




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)


## ഫ്ളാറ്റുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കണം

അടുത്തകാലത്ത് ഞാൻ പോയി പരിശോധിച്ച ഒരു ഫ്ളാറ്റിന്റെ പ്ലാൻ ഇതോടൊപ്പം **A** എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ ഫ്ളാറ്റിൽ lift ഇറങ്ങിക്കഴിഞ്ഞാൽ ഒരിടനാഴി (Cridar) ആണ്. അതിന്റെ ഒരറ്റത്തു ചെന്നാൽ നേരെ രണ്ടു വാതിലുകളും, സൈഡിൽ രണ്ടു ഭാഗത്തും ഓരോ വാതിലുകളും കാണാം. ഇപ്പോൾ കാണുന്ന നാലുവാതിലുകൾ നാലു ഫ്ളാറ്റിന്റെതാണ്. ഞാൻ പരിശോധിച്ച ഫ്ളാറ്റിന്റെ പ്രധാന വാതിൽ ഫ്ളാറ്റിന്റെ തെക്കുപടിഞ്ഞാറെ മൂലയിലാണ്. പ്രധാന വാതിൽ കടന്നാൽ living, Dining, Kitchen മൂന്നും കൂടി ഒരു ഹോളാണ്. ഈ ഹോളിന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് വലിയ opening ആണ്. പ്രധാനവാതിലിന്റെ ഇടത്തും, വലത്തും വേറെ flat ലേക്കുള്ള വാതിലുകളായതുകൊണ്ട് വാതിൽ അവിടെ നിന്നും മാറ്റുവാൻ യാതൊരു നിവർത്തിയുമില്ല. പ്രധാന വാതിൽ കടന്നാൽ ലോബിയും അതിനടുത്ത് Utility യും ഒന്നാക്കി ഹോളിലേക്കുള്ള വാതിൽ ഹോളിന്റെ പടിഞ്ഞാറുവശത്താക്കണം. Hallന്റെ തെക്കുപടിഞ്ഞാറെ മൂല ചുമർ കെട്ടി അടയ്ക്കണം. ഇപ്പോഴുള്ള തുറന്ന അടുക്കള sketch' B യിൽ കാണിച്ചതുപോലെ മുറിയാക്കി അവിടെ കിഴക്കോട്ടു തിരിഞ്ഞു നിന്ന് പാചകം ചെയ്യണം. അടുക്കളയുടെ കിഴക്കുവശത്താണ് Dining room ഉം ഉള്ളത്. Dining room ന്റ കിഴക്കുവശത്ത് വലിയ ജനലും, സാമാ

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ന്യം വലിപ്പമുള്ള Balcony യും ആകുന്നു. ഇപ്പോൾ അടുക്കളയിൽ പാചകം ചെയ്യുമ്പോൾ കിഴക്കു വശത്തുള്ള ജനൽ വഴി ധാരാളം ഉദയരശ്മികൾ അടുക്കളയിലേക്ക് എത്തുന്നുണ്ട്. അടുക്കളയുടെ തെക്കു പടിഞ്ഞാറു മൂലയിൽ വാതിലുമുണ്ട്. ആ വാതിലിനടിയിൽ ഒരു പടിവയ്ക്കണം. ഒരു കാരണവശാലും ഒരു മുറിയുടെയും തെക്ക് പടിഞ്ഞാറു ഭാഗത്ത് വാതിൽ നല്ലതല്ല. ഇപ്പോൾ ഈ flat താമസിക്കുന്നവരുടെ സകല പ്രശ്നങ്ങളും മാറുന്നതാണ്. flat വാങ്ങുമ്പോൾ വളരെ ശ്രദ്ധിക്കണം. Flat പണിയുന്നവരും അതിനു പ്ലാൻ വരയ്ക്കുന്നവരും വളരെ ശ്രദ്ധിക്കുന്നത് നല്ലതാണ്.





*****

ക്ഷേത്രങ്ങളിലൂടെ



# മണ്ണാറശാല ശ്രീ നാഗരാജ ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതീയർ പുരാതനകാലം മുതല്ക്കു തന്നെ നാഗാരാധനയ്ക്ക് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നു. ഭൂമിയെ മാതാവായി കരുതി സ്നേഹിച്ചാരാധിച്ച് ഇവിടെ നിലനിന്നിരുന്ന ആചാരവിശ്വാസസങ്കല്പങ്ങൾക്കനുസരിച്ച് ജീവിച്ചിരുന്ന ഒരു ജനതയുടെ സംസ്ക്കാരമാണ് ഹിന്ദു സംസ്ക്കാരം. ക്ഷേത്രാരാധനയ്ക്ക് പ്രാധാന്യം കല്പിക്കുന്ന

നമ്മുടെ സംസ്ക്കാരത്തിൽ നാഗാരാധനയ്ക്ക് വളരെയേറെ പ്രാധാന്യം കല്പിക്കുന്നു. ഭൂമിയിലെ സകല ചരാചരങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. മനുഷ്യരെപ്പോലെ സകലജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഈ ഭൂമി. മണ്ണിനെ ആശ്രയിക്കാതെ ഒരു ജീവിക്കും ജീവിക്കാൻ സാധിക്കില്ല. ഓരോ ജീവജാലങ്ങളും ജീവിതകാലം

പൂർത്തിയാക്കാൻ മണ്ണിനെ ആശ്രയിച്ചേ മതിയാകൂ. മാനവസംസ്കാരത്തിന്റെ ഈടുവെയ്പുകളിൽ കാലാതീതമായ പ്രസക്തിയാണ് നാഗാരാധക്കുള്ളത്. സംസ്ക്കാരത്തിന്റെ ഭാഗമായി നാഗക്കാവുകളേയും അതിനോടനുബന്ധിച്ചുള്ള കുളങ്ങളേയും വളരെ പവിത്രമായി സംരക്ഷിച്ചിരുന്നു. കേരളീയരുടെ സർപ്പാരാധനക്ക് കേരളോൽപ്പത്തിയോളം തന്നെ പഴക്കമുണ്ട്.

പരശുരാമനൻ ക്ഷത്രിയനിഗ്രഹണ പാപപരിഹാരാർത്ഥം യാഗങ്ങൾ നടത്തുന്നതിനും ഭൂദാനം നടത്തുന്നതിനുമായി വരുണദേവന്റെ അനുഗ്രഹത്താൽ സമുദ്രത്തിൽ നിന്നും കേരളക്കരയെ വീണ്ടെടുത്തു. എന്നാൽ അന്ന് ആ ഭൂമി ജീവജാലങ്ങൾക്ക് വാസയോഗ്യമായിരുന്നില്ല. ശിവഭഗവാന്റെ നിർദ്ദേശപ്രകാരം പരശുരാമൻ നാഗരാജാവിനെ തപസ്സു ചെയ്യുകയും നാഗരാജാവിന്റെ അനുഗ്രഹത്താൽ ഭൂമിയിലെ ക്ഷാരാംശം നീങ്ങുകയും ഭൂമി ജീവജാലങ്ങൾക്ക് വാസയോഗ്യമാവുകയും ചെയ്തു. പരശുരാമൻ ഈ ഭൂമിയിൽ നാഗരാജസാന്നിദ്ധ്യം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം തന്റെ ആയുധമായ മഴു കൊണ്ടു മണ്ണുവെട്ടിക്കൂട്ടി നാഗരാജപ്രതിഷ്ഠ നടത്തുകയും ചെയ്തു. അങ്ങനെ കേരളക്കരയിലെ ആദ്യത്തെ നാഗരാജക്ഷേത്രം വെട്ടിക്കൂട്ടിയ സ്ഥലത്തു സ്ഥാപിതമാവുകയും പിന്നീട് ഈക്ഷേത്രസ്ഥാനം വെട്ടക്കോട് നാഗരാജക്ഷേത്രം എന്നു പ്രസിദ്ധമാവുകയും ചെയ്തു. പിന്നീട് അതിമനോഹരമായതും ഒരു കാനന സമാനതയുള്ളതുമായ മറ്റൊരു സ്ഥലത്തും അദ്ദേഹം നാഗരാജ പ്രതിഷ്ഠ നടത്തി. അവിടെ ധാരാളം മന്ദാരച്ചെടികൾ നിറഞ്ഞു നിന്നിരുന്നതിനാൽ ആ പ്രദേശം മന്ദാരശാല എന്നറിയപ്പെട്ടു എന്നും ഒരു ഐതിഹ്യമുണ്ട്. മന്ദാരശാല പിന്നീട് മണ്ണാറശാല എന്ന നാമധേയത്തിൽ പ്രസിദ്ധമായി. മണ്ണാറശാല എന്നറിയപ്പെട്ടതിനു പിന്നിലും ഒരു ഐതിഹ്യമുണ്ട്. പരശുരാമപ്രതിഷ്ഠിതമായ നാഗരാജക്ഷേത്രമാണ് മണ്ണാറശാല നാഗരാജക്ഷേത്രം.

മഹാഭാരതകഥയിലെ ഏക ചക്ര എന്ന സ്ഥലമാണ് ഹരിപ്പാട് എന്നൊരു ഐതിഹ്യമുണ്ട്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്ന സ്ഥലത്താണ് മണ്ണാറശാല നാഗരാജ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മഹാഭാരത കഥയിലെ ഖാണ്ഡവദഹന കഥയുമായി ബന്ധമുള്ള ക്ഷേത്രസ്ഥാനമാണ് മണ്ണാറശാല.

ക്ഷേത്രപരിസരങ്ങൾ ഖാണ്ഡവ വന പ്രദേശങ്ങളായിരുന്നു എന്നും അർജ്ജുനൻ ഖാണ്ഡവവനം അഗ്നിക്കിരയാക്കിയപ്പോൾ (പത്തിയൂർ മുതൽ കുട്ടനാടു വരെയുള്ള പ്രദേശങ്ങൾ) അർജ്ജുനൻ ചുട്ടനാട് എന്നും പിന്നീട് കുട്ടനാട് എന്നും അറിയപ്പെട്ടു എന്നും ഒരു ഐതിഹ്യമുണ്ട്.

തറവാടുകളുടെ നിലനില്പിന്റെയും ഐശ്വര്യത്തിന്റെയും അടയാളമായി തറവാട്ടുവളപ്പുകളിൽ കുടികൊണ്ടിരുന്ന നാഗക്കാവുകളും നാഗദേവതകളും ഇന്ന് പലക്ഷേത്രങ്ങളിലേയും ആഗമ സർപ്പക്കാവുകളായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ആചാരാനുഷ്ഠാനങ്ങളിലൊന്നും ഒരു മാറ്റവും വരുത്താതെ നാഗദേവതകളെ പൂജിച്ചാരാധിക്കുന്ന ഒരു പരമപവിത്രമായ ആരാധനാക്ഷേത്രമാണ് മണ്ണാറശാലനാഗരാജക്ഷേത്രം. കേരളത്തിന്റെ തനതു സംസ്ക്കാരമായ നാഗാരാധനയുടെ പുണ്യം നേടാൻ ഭക്തജനങ്ങൾ

ആശ്രയിക്കുന്ന ഒരു പ്രധാനനാഗാരാധനാ ക്ഷേത്രമാണിത്. കാവുകളും കുളങ്ങളും സർപ്പക്കാവുകളും മാനവസംസ്ക്കാരത്തിന്റെ ആദിമചരിത്രഭാഗങ്ങളാണ്. അവയുടെ പ്രസക്തിയെ നമ്മുടെ സംസ്ക്കാരത്തിൽ നിന്നും മാറ്റിനിർത്താൻ സാധിക്കില്ല. കേരളോല്പത്തിയോളം പഴക്കം കല്പിക്കുന്ന മണ്ണാറശാല നാഗരാജക്ഷേത്രത്തിൽ സർപ്പങ്ങളെ ഇല്ലത്തെ അമ്മ സ്വന്തം മക്കളായി സങ്കല്പിച്ചാരാധിക്കുന്നു. നാഗരാജാവും നാഗയക്ഷിയയമ്മയും നാടിന്റെ ഐശ്വര്യപ്രതീകമായി സർവ്വചരാചരങ്ങളുടേയും സംരക്ഷകരായി കുടികൊള്ളുന്ന പുണ്യ ക്ഷേത്രമാണ് മണ്ണാറശാല നാഗരാജക്ഷേത്രം. അമ്മയുടെ വാത്സല്യവും പ്രാർത്ഥനാ നിർഭരമായ പൂജകളും ഏറ്റു വാങ്ങുന്ന നാഗരാജാവു കുടികൊള്ളുന്ന ക്ഷേത്രമാണിത്.

സ്ത്രീകൾ ആചാരാനുഷ്ഠാനങ്ങളനുസരിച്ച് പൂജാദികൾ നടത്തുന്ന ക്ഷേത്രം എന്ന പ്രത്യേകതയും മണ്ണാറശാലനാഗരാജക്ഷേത്രത്തിനുണ്ട്.

മന്ദാരങ്ങൾപൂത്തു നിന്നിരുന്ന സ്ഥലത്ത് പരശുരാമൻ പ്രതിഷ്ഠിച്ച നാഗപ്രതിഷ്ഠയുള്ള ക്ഷേത്രവും ക്ഷേത്രപരിസരത്ത് സന്താനങ്ങളില്ലാതിരുന്ന ഗോപാസകരായ ബ്രാഹ്മണദമ്പതികളും വസിച്ചിരുന്നു. ഖാണ്ഡവ വനം അഗ്നിക്കിരയായപ്പോൾ അഗ്നി മന്ദാരശാലയെന്നറിയപ്പെട്ടിരുന്ന ഭാഗത്തേക്ക് വ്യാപിക്കാതിരിക്കുവാൻ അവിടെ വസിച്ചിരുന്ന സ്ത്രീകൾ കുളത്തിൽ നിന്നും വെള്ളം കോരിയൊഴിച്ചു തീയണക്കുകയും മണ്ണിനെ തണുപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഈ സമയത്ത് അഗ്നിബാധിച്ച സ്ഥലത്തുനിന്നും ധാരാളം നാഗങ്ങൾ അഗ്നിയിൽപ്പെട്ടു പൊള്ളലേറ്റും അല്ലാതെയും മണ്ണിന്റെ ചൂടാറിയ ഈ സ്ഥലത്തേക്ക് ഓടിപ്പുളഞ്ഞെത്തി. സന്താനഭാഗ്യത്തിനായി നാഗോപാസന നടത്തിയിരുന്ന ബ്രാഹ്മണപത്നി മാതൃഭാവത്തിൽ ഈ നാഗങ്ങളെ ശുശ്രൂഷകൾ ചെയ്തു പരിചരിച്ചു. കരിക്കിൻ വെള്ളത്തിൽ മഞ്ഞൾപ്പൊടി ചേർത്ത് അടക്കാമരത്തിന്റെ പൂക്കുലകളാൽ മുക്കി തളിച്ചു. അവരുടെ പരിചരണത്താൽ നാഗങ്ങൾ സുഖം പ്രാപിക്കുകയും ചെയ്തു. അവരുടെ ഈ സൽപ്രവൃത്തിയിൽ നാഗദേവതകൾ സംപ്രീതരാകുകയും ചെയ്തു. അവർക്ക് നാഗദേവൻ തന്നെ പുത്രനായി ജനിക്കുമെന്ന് സ്വപ്നദർശനമുണ്ടാവുകയും ചെയ്തു. മാതൃവാത്സല്യത്തോടെ പുത്രസമാനമായി കരുതി നാഗങ്ങളെ പരിചരിച്ച ബ്രാഹ്മണപത്നിക്ക് സ്വപ്ന ദർശനസാഫല്യമെന്നോണം രണ്ടു ശിശുക്കൾ ജനിക്കുകയും ചെയ്തു. ഒന്ന് ഒരു മനുഷ്യശിശുവും മറ്റൊന്ന് നാഗശിശുവുമാണ് അവർക്ക് ജനിച്ചത്. അവർ രണ്ടു ശിശുക്കളേയും ഓമനിച്ചു വളർത്തി. കുഞ്ഞുങ്ങൾ വളരുന്തോറും നാഗരൂപിയായ മകനെ കാണുമ്പോൾ മറ്റുള്ളവർ ഭയപ്പെടുന്നു എന്നത് ആ അമ്മയെ ദുഖിപ്പിച്ചു. ഇതു മനസ്സിലാക്കിയ നാഗശിശു ഇല്ലത്തെ നിലവറയിൽ കയറി തപസ്സാരംഭിച്ചു. പുത്രന്മാരെ വളരെയധികം സ്നേഹിച്ചിരുന്ന ആ അമ്മക്ക് മൂത്ത മകന്റെ ഈ തീരുമാനത്തിൽ ദുഖം തോന്നിയെങ്കിലും അമ്മ നിലവറയിൽ മകന്റെ അടുത്തെത്തി. എന്റെ അവതാര ലക്ഷ്യം പൂർത്തിയായി അതിനാൽ എനിക്കു വേണ്ടിയുള്ള എല്ലാ ഉപചാരങ്ങളും ഇനി വർഷത്തിൽ ഒരിക്കൽ

മാത്രം മതി. എനിക്കായി സങ്കല്പിക്കുന്നതെല്ലാം ക്ഷേത്രത്തിൽ പൂജയായി ചെയ്താൽ മതിയെന്നും അത് അമ്മ തന്നെ നൽകണമെന്നും ആ മകൻ അമ്മയെ അറിയിച്ചു. അതിനുശേഷം മണ്ണാറശാലയിലെ തറവാട്ടിലെ മുതിർന്ന സ്ത്രീയാണ് പൂജാദികൾ നിർവ്വഹിക്കുന്നത്. കുടുംബത്തിലെ മുതിർന്ന ആളിന്റെ പത്നിയ്ക്കാണ് ഇന്നും പൂജകൾക്ക് അധികാരം ഉള്ളത്.

ഏക്കറുകളുടെ വിസ്തൃതിയിൽ കാവുകളും കുളങ്ങളും വള്ളിപ്പടർപ്പുകളും നിറഞ്ഞു നില്ക്കുന്ന ഈ ക്ഷേത്രാങ്കണത്തിലെത്തുമ്പോൾ ഭക്തി നിർഭരമായ അന്തരീക്ഷവും പുള്ളുവൻ പാട്ടിന്റെ ഈണവും മഞ്ഞളിന്റെ സുഗന്ധവും ചേർന്ന ഒരു പ്രത്യേക അനുഭൂതിയാണ് നമുക്കുണ്ടാവുക. അപൂർവ്വങ്ങളായ ധാരാളം ഔഷധ സസ്യങ്ങൾ നിറഞ്ഞ ഇവിടുത്തെ കാവുകളും കുളങ്ങളും സർപ്പസാദൃശ്യമുള്ള പുറ്റുകളും ഔഷധഗുണം നിറഞ്ഞ കാറ്റും ഭൂമിയുടെ ഒരു വരദാനം തന്നെ. മനുഷ്യന്റെ നിലനിൽപ്പിനു വേണ്ടി പ്രകൃതി കനിഞ്ഞു നൽകിയ അനുഗ്രഹം.

കന്നിമാസത്തിലേയും തുലാമാസത്തിലേയും ചതുശ്ശതനിവേദ്യത്തോടെയുള്ള ഉച്ചപൂജകളും ആയില്യം ദിവസങ്ങളിലെ ആയില്യം പൂജകളും ശിവരാത്രി നാളിലെ സർപ്പബലിയും തുടർന്ന് പിറ്റേ ദിവസം നിലവറയിലും മറ്റു കാവുകളിലും ഉള്ള പൂജകളുമാണ് പ്രധാനമായും മണ്ണാറശാലയിൽ അമ്മ നടത്തുന്ന പൂജകൾ. സർപ്പദോഷ ശാന്തിക്കായി ഭക്തജനങ്ങൾ മണ്ണാറശാലയിലെത്തി അമ്മയുടെ അനുഗ്രഹം തേടുന്നു. സന്താനസൗഭാഗ്യത്തിനായി ഇവിടെ ഒരു പ്രത്യേക വഴിപാടു നടത്തുന്നുണ്ട്. അത് ഉരുളിക മഴ്ത്തൽ എന്നറിയപ്പെടുന്നു. നിലവറപ്പായസവും പ്രധാനമാണ്. നൂറും പാലും, പാലും പഴവും നി വേദ്യം അർച്ചനകൾ പായസനിവേദ്യങ്ങൾ എന്നിവയും പുറ്റും മുട്ടയും, സർപ്പരൂപങ്ങൾ, കവുകിൻ പൂക്കുല, കരിക്ക്, മഞ്ഞൾ, ഉപ്പ് എന്നിവ സമർപ്പിക്കുന്നതും ഇവിടെ പ്രധാനവഴിപാടുകളാണ്.

കന്നിമാസത്തിലെ ആയില്യവും തുലാമാസ ആയില്യവും മണ്ണാറശാലനാഗരാജക്ഷേത്രത്തതിലെ പ്രധാന വിശേഷദിനങ്ങളാണ്. വാസുകിയുടേയും അനന്തന്റേയും ചൈതന്യമാണ് ഇവിടെ നാഗരാജാവായി സങ്കല്പിക്കുന്നത്. നാഗരാജാവ് നാഗയക്ഷിയമ്മ എന്നീ ദേവപ്രതിഷ്ഠകളാണ് ഇവിടെ. നിലവറയിൽ അനന്ത ചൈതന്യമാണ്. കൂടാതെ സർപ്പയക്ഷിയമ്മയും നാഗയക്ഷിയമ്മയും നാഗചാമുണ്ഡിയും അപ്പൂപ്പൻ കാവ്, മലനാട്ടുകാവ്, ശാസ്താവ്, ഭദ്രകാളി എന്നീ ഉപദേവസ്ഥാനങ്ങളും ഇവിടെ കാണാം. ശിവമയമായ വാസുകിയും വിഷ്ണുതല്പമായ അനന്തനും ഏക ഭാവത്തിൽ കുടികൊള്ളുന്ന ഒരു പവിത്രസ്ഥാനമാണ് മണ്ണാറിയപർണ്ണശാലയെന്ന മണ്ണാറശാലനാഗരാജാക്ഷേത്രം. മൂർത്രിത്രയ സ്വരൂപിയായാണ് വാസുകിയെ സങ്കല്പിച്ചിരിക്കുന്നത്.

ഭൂമിയിൽ മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങൾക്കും സുഗമമായി ജീവിക്കുവാൻ വേണ്ട അനുഗ്രഹങ്ങൾ നല്കുന്ന നാഗരാജാവിന്റെ മഹത്വങ്ങളെ വാഴ്ത്തിപ്പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകളാണ് പുള്ളുവൻമാർ. പുള്ളുവൻപാട്ടിന്റെ ഈണവും ഇമ്പവും നിറഞ്ഞു നില്ക്കുന്നതും നാഗരാജാവ് നിലവറയിൽ ചിരഞ്ജീവിയായി കുടികൊള്ളുന്നതുമായ മണ്ണാറശാല നാഗരാജക്ഷേത്രം എന്ന ഈ പുണ്യസങ്കേതത്തിലെത്തി നാഗരാജാവിന്റെയും നാഗയക്ഷിയമ്മയുടേയും അനുഗ്രഹങ്ങൾക്കായി നമുക്കേവർക്കും പ്രാർത്ഥിക്കാം.

*****



# ശ്രീമഹാഭാഗവതം

## ഭാഗവതം സപ്തമസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഏഴാം സ്കന്ധത്തിൽ ഊതികർമ്മ വാസനയാണ് വിവരിക്കുന്നത്. അശുഭമരണം ശുഭമരണം, രണ്ടു ഊതിവാസനകളുണ്ട്. ഇവിടെ പരീക്ഷിത്ത് ശ്രീശുകനോടു ചോദിച്ചു, ഭഗവാന് എല്ലാവരും പ്രിയരാണ്. എന്നാൽ ചിലപ്പോളങ്ങനെയല്ല. ഭഗവാന്റെ നിഗ്രഹവും അനുഗ്രഹവും വിശദമായി അറിയണമെന്ന് പരീക്ഷിത്തിനാഗ്രഹം. എല്ലാവരും കർമ്മം ചെയ്യുന്നു. എന്നാൽ സത്വരജോതമോഗുണങ്ങളുടെ സ്വാധീനതയിൽ എല്ലാ മനുഷ്യരും അസ്വസ്ഥരാണ്. ഈ അദ്ധ്യായത്തിൽ ഓരോ വാസനകളും വിവരിക്കുന്നു. മനുഷ്യരും ദേവന്മാരും അസുരന്മാരും വ്യത്യസ്തരാണ്. പരീക്ഷിത്ത് ചോദിക്കുന്നത് ഭഗവാൻ എന്തിനാണ് പലപ്പോഴും പക്ഷം പിടിക്കുന്നത്. ഭഗവാന് പക്ഷമില്ല. ഭഗവാന് ഒരാളോടും മമതയില്ല. ഗീതയിൽ പറയുന്നതുപോലെ

സർവ്വഭൂതസ്ഥമാത്മാനം സർവ്വ
ഭൂതാനി ചാത്മനി
ഈക്ഷതേ യോഗമുക്താത്മാ
സർവ്വത്ര സമദർശനഃ ( ഗീത 6/29 )

ചിത്തത്തെ ആത്മാവിലുറപ്പിച്ച യോഗിസർവ്വബ്രഹ്മമയം എന്നറിഞ്ഞു ആത്മാവിനെ സർവ്വ ചരാചരങ്ങളിലും സർവ്വചരാചരങ്ങളെ ആത്മാവിലും കാണുന്നു. സർവ്വ ചരാചരങ്ങളിലും കുടികൊള്ളുന്നത് ഒരേ ചൈതന്യമാണെന്നും പരീക്ഷിത്തിനോടു പറയുന്നു. അതുപോലെ തന്നെ

യോ മാം പശ്യതി സർവ്വത്ര സർവ്വം
ച മയി പശ്യതി
തസ്യാഹം ന പ്രണശ്യാമി സ ച
മേ ന പ്രണശ്യതി

എന്തിലും ഏതിലും എന്നെത്തന്നെ ദർശിക്കുകയും അതുപോലെ എല്ലാം എന്നിൽ ദർശിക്കുകയും ചെയ്യുന്ന യോഗിക്ക് ഞാൻ ഒരിക്കലും ഇല്ലാതാകുന്നില്ല. എനിക്ക് അവനും ഇല്ലാതാകുന്നില്ല. ഭഗവാൻ എല്ലാവരിലുമുണ്ട്. പക്ഷെ അനുഭവയോഗ്യമാകണമെങ്കിൽ ഭഗവാനെ ഭജിക്കണം. അതും വളരെ അടുത്തുനിന്നുകൊണ്ട്.

ഇവിടെ യുധിഷ്ഠിര നാരദ സംവാദം വിവരിക്കുന്നു. ഇവിടെ വിവരിക്കുന്നത് മനുഷ്യൻ അനുഷ്ഠിക്കേണ്ട ധർമ്മമാണ്. പരീക്ഷിത്തിന്റെ ചോദ്യത്തിനുത്തരമായി നാരദൻ ധർമ്മപുത്രരോട് രാജസൂയ യാഗസഭയിൽ വച്ചു പറഞ്ഞ കഥയാണ് വിവരിക്കുന്നത്. ശ്രീകൃഷ്ണൻ ശിശുപാലനെ വധിച്ചു. ശിശുപാലനു മോക്ഷം കിട്ടി. ഇതെങ്ങനെയെന്നു യുധിഷ്ഠിരൻ നാരദനോടു ചോദിക്കുന്നു. ഭഗവാനെ

ആക്ഷേപിക്കുന്നത് എല്ലാവരും കേട്ടതാണ്. ഇവിടെയാണ് ഭഗവാന്റെ തുല്യദർശനം. ഭഗവാനെ ദുഷിക്കുന്നു. ഇത്തരം വാക്കുകൾ കേട്ടപ്പോൾ ഭഗവാന് ഒന്നും തോന്നിയില്ല. കാരണം ഭഗവാൻ അതിനൊക്കെ അതീതനാണ്. യോഗി എല്ലാവരിലും പരമാത്മാവിനെ ദർശിക്കുന്നു. ആത്മസാക്ഷാത്കാരം നേടിയ യോഗി എല്ലാവരേയും ആത്മമയമായിട്ടാണ് കാണുന്നത്. സർവ്വചരാചരങ്ങളും സ്വന്തം ശരീരം. എല്ലായിടത്തും ഭഗവാൻ വ്യാപിച്ചിരിക്കുന്നു. തനിക്കു തുല്യമായി തന്നെ മററുള്ളവരെ കാണുമ്പോൾ എവിടെയാണ് വിദ്വേഷം. അതു പോലെ ശിശുപാലൻ ഭഗവാനെ നിന്ദിച്ചു. ചിലർ ബഹുമാനിക്കുകയും ഭജിക്കുകയും ഒക്കെ ചെയ്യും. ഇതുകൊണ്ടൊന്നും ഭഗവാന് പ്രശ്നമില്ല. ഭഗവാനെ സംബന്ധിച്ചിടത്തോളം ദേഷ്യവും നിരാശയും ഒന്നുമില്ല. ഇതൊക്കെ സാധാരണക്കാർക്കാണ്. നിർഗുണപരബ്രഹ്മമായ ഭഗവാന് ഇതൊന്നും ബാധകമല്ല. ഭഗവാൻ അർജ്ജുനനോട് ജ്ഞാനവിജ്ഞാനയോഗത്തിൽ പറയുന്നു, എന്നിൽ നിന്നപ്പുറമായി ഒന്നുമില്ല. ചരടിൽ മണികളെന്നപോലെഎന്നിൽഇതെല്ലാംകോർത്തിട്ടിരിക്കുന്നു. ജന്മങ്ങളെല്ലാം കഴിഞ്ഞ് സർവ്വവും വാസുദേവൻ തന്നെ എന്ന ജ്ഞാനം ഉണ്ടാകുന്ന യോഗിയും ഭഗവാനെ പ്രാപിക്കുന്നു. ആരെങ്കിലും ശ്രദ്ധയോട് ഭജിച്ചാൽ ആ ശ്രദ്ധയും ഭഗവാൻ ദൃഢമക്കുകയും ചെയ്യും. വിദ്വേഷം കൊണ്ട് ഭഗവാനെ ഓർത്താലും ഭഗവാൻ മുക്തി തരും.

ധ്യാന നിരതനാകുന്നതു ഭക്തിയാൽ
ധ്യാനം പലവിധമുണ്ടു ചൊല്ലീടുവാൻ
ഗോപീജനങ്ങൾകാമിച്ചുകൊണ്ടന്വഹം
ഗോപീകാന്തനിൽ ഭീതനായ് കംസനും
ദ്വേഷം മുഴുത്തു ശിശുപാലനാദിയാം
ദ്വേഷികളായ ഭൂപതി വീരരും
യാദവന്മാരുപയോഗി യോഗേന സ
മ്മോദേന ബന്ധു വാത്സല്യയോഗാൽ നിങ്ങൾ
ഭക്തികൊണ്ടിങ്ങനെ ഞങ്ങളുമൊക്കവേ
ഭക്തപ്രിയ ധ്യാനമുണ്ടു ചെയ്തീടുന്നു.

ചില ആളുകൾ പറയാറില്ലേ, ദുഷ്ടനെ പനപോലെ വളർത്തുന്നുവെന്ന്. ദുഷ്ടന്റെ മനസ്സിൽ മുഴുവൻ വളരുന്നതിനേക്കുറിച്ചു മാത്രമാണ് ചിന്ത. ശിശുപാലന് തന്റെ ശത്രുവായ കൃഷ്ണനെ കുറിച്ചു മാത്രമാണ് ചിന്ത. എങ്ങനെ ജയിക്കും. സ്വന്തം കാര്യത്തേക്കാൾ അയാൾ ചിന്തിക്കുന്നത് കൃഷ്ണന്റെ കാര്യം. അയാളുടെ മനസും ബുദ്ധിയും കൃഷ്ണനിൽ തന്നെ. ഇങ്ങനെ ഭഗവാനിൽ ഏതെങ്കിലും തരത്തിൽ ഉറച്ചാൽ മുക്തി ലഭിക്കുമെന്നതാണ് വസ്തുത. ഭഗവാന്റെ കാവൽക്കാരായിരുന്ന ജയവിജയന്മാരുപോലും അസുരന്മാരായി ജനിക്കുയും പിന്നീടു മുക്തി ലഭിക്കുകയും ചെയ്തുവല്ലോ. അവസാനം അവർ രാവണനും കുംഭകർണ്ണനുമായി ജനിച്ചു മരിച്ചു മുക്തി നേടിയെന്നാണല്ലോ രാമായണത്തിൽ വർണ്ണിക്കുന്നത്. ശാപം മൂലം വന്നവർ കാലാവധി കഴിയുമ്പോൾ ഭഗവാൻ വധിച്ചു മുക്തി നേടിക്കൊടുക്കുന്നുവെന്നാണ് ഗ്രന്ഥങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്. മാനുഷിക ധർമ്മങ്ങൾ പരിപാലിക്കുന്ന എല്ലാവർക്കും കർമ്മഫലങ്ങളിലൂടെ മുക്തി നേടാൻ കഴിയും. നമ്മുടെ സ്ഥാനമാനങ്ങൾ ഉയരുന്തോറും ഉച്ചനീചങ്ങളില്ലാതെ സമൂഹത്തിന്റെ നിലനില്പിലൂടെ സമസ്യഷ്ടിഭാവനയിലൂടെ ഉയരാതെ എങ്ങനെ കഴിയുമെന്നും അത്തരം അവസ്ഥ സംജാതമാകുമ്പോൾ എല്ലാവരും തു

ല്യരാണെന്നുമുള്ള ബോധം ഉണ്ടാക ണമെന്നുള്ളതാണ് ഈ കഥയിലൂടെ വി ശദമാക്കുന്നത്.

ഇനി ഹിരണ്യകശിപുവിന്റെ ചരിത്ര ത്തിലൂടെ ആസുരവാസനകൾ എന്തെ ല്ലാമെന്നാണ് വിവരിക്കുന്നത്. ഹിര ണ്യാക്ഷൻ എന്ന ദുഷ്ടനെ ഭഗവാൻ വരാഹാവതാരമെടുത്ത് വധിച്ചു. ഇത റിഞ്ഞ ഹിരണ്യകശിപു കോപാകുലനാ യി. അയാൾ നേരേ ദാനവന്മാരുടേയും ദൈത്യന്മാരുടേയും സഭയിൽ ചെന്നു പറഞ്ഞു, ഭഗവാൻ ശ്രീഹരി ദേവന്മാ രുടെ ഭാഗത്താണ്. അവർക്ക് സാധി ക്കാത്തതൊക്കെയും അവർ ഭഗവാനെ ക്കൊണ്ടു ചെയ്യിക്കുന്നു. അങ്ങനെയാണ് ഹിരണ്യാക്ഷൻ വധിക്കപ്പെട്ടത്. മേലിൽ ശ്രീഹരി സർവ്വേശ്വരനല്ല. ഞാൻ അദ്ദേ ഹത്തെ കൊല്ലും. അദ്ദേഹം സമഭാ വനയോട് ദേവന്മാരോടും അസുരന്മാ രൊടും പെരുമാറുന്നില്ല. അതുകൊണ്ട് ശ്രീഹരിയെ ഈശ്വരൻ എന്നു വിളി ക്കാൻ സാധിക്കുകയില്ല. അതിനാൽ നി ങ്ങൾ ബ്രാഹ്മണർ നടത്തുന്ന യാഗങ്ങൾ, യജ്ഞങ്ങൾ എല്ലാം നശിപ്പിക്കണം. ചു രുക്കത്തിൽ വിഷ്ണുവിന്റെ നിലനില് പ് ഇല്ലാതാക്കണം. രാക്ഷസർ പൊതുവേ ഉപദ്രവം ചെയ്യുന്നതിൽ തല്പരരാണ ല്ലോ. അവർ അതിനു മുതിർന്നു. യാഗം തുടങ്ങിയ നല്ല കർമ്മങ്ങളെല്ലാം നശിപ്പി ച്ചു. ദേവന്മാർ പരിഭ്രമിച്ചു. ഹിരണ്യകശി പു അനുജന്റെ മരണാനന്തര കർമ്മങ്ങ ളെല്ലാം നടത്തി ബന്ധുക്കളെ സമാശ്വസി പ്പിച്ചു. ആത്മാവിനു മരണമില്ല. ദേഹമാ ണു നശിക്കുത്. അജ്ഞതകൊണ്ടാണ് ശരീരവും ആത്മാവും ഒന്നാണെന്നു ധരി ക്കുന്നത്. പാപവും നന്മയും ഒക്കെ അനു ഭവിക്കുന്നത് ശരീരമാണ്. ആത്മാവല്ല. ഈശ്വരൻ അനശ്വരനാണ്. ഈ പ്രപഞ്ചം ഈശ്വരേച്ഛ മൂലമാണ്, അദ്ദേഹത്തി ന്റെ ആഗ്രഹപ്രകാരമാണ് ചലിക്കുന്നത്. പല ജന്മങ്ങളിലെ പുണ്യപാപങ്ങളുടെ ഫലമായിട്ടാണ് ഓരോ ജന്മവും, ജനന മരണങ്ങളും ഉണ്ടാകുന്നത്. ഇതിനു ശേ ഷം യമധർമ്മന്റെ ഉപദേശം സുയജ്ഞ ന്റെ മരണത്താൽ കരയുന്ന പത്നിമാർക്ക് കൊടുക്കുന്ന കഥയും വിവരിക്കുന്നുണ്ട്. യമധർമ്മൻ അനശ്വരമായ ഭഗവാനേക്കു റിച്ചു പറയുന്നു. കഴിഞ്ഞ ജന്മത്തെ ഫലം ഈ ജന്മം അനുഭവിക്കുമെന്നും യമൻ പറയുന്നു. സ്വർഗ്ഗവും നരകവുമെല്ലാം മിഥ്യയാണ്. ആത്മാവു മാത്രം സത്യം. നശ്വരമായ ദേഹം നശിക്കുമ്പോൾ ദുഃ ഖിക്കേണ്ട. ഹിരണ്യകശിപു പറഞ്ഞു. ആത്മാവു മാത്രം സത്യം, മററെല്ലാം മി ഥ്യ. ഇങ്ങനെയുള്ള പല തത്ത്വചിന്താധാ രകളും ഹിരണ്യകശിപു പറഞ്ഞു.

തനിക്കു ജയിക്കണമെന്ന ഒററ ചിന്തയാണ് ഹിരണ്യകശിപുവിന്. തനി ക്ക് ജരാനരയും മരണവും ഉണ്ടാകരുത്. ഇത്തരം ഞാനെന്ന ചിന്തയോടുകൂടി ഹിരണ്യകശിപു തപസാരംഭിച്ചു. മന്ദരപ ർവ്വതത്തിലെത്തി കാൽവിരൽ ഭൂമിയിൽ തൊട്ടു കൈകൂപ്പി കണ്ണുകളടച്ച് ഉഗ്ര തപസ്സ് തുടങ്ങി. കഠിനമായ ഈ തപ സ്സുമൂലം ബ്രഹ്മാണ്ഡം ചുട്ടുപഴുത്തു. ദേവന്മാർ ബ്രഹ്മാവിനെ കണ്ടു സങ്കട മുണർത്തിച്ചു. ബ്രഹ്മാവിന്റെ സ്ഥാനം മോഹിച്ചുള്ള തപസ്സാണെന്നു പറഞ്ഞു ബ്രഹ്മാവിനെ പ്രകോപിപ്പിച്ചു. അദ്ദേഹം ഹിരണ്യകശിപുവിനെ തിരക്കി മന്ദരപ ർവ്വതത്തിലെത്തി. വളരെ നാളത്തെ ഉഗ്രതപസ്സുമൂലം ശോഷിച്ചു പുറ്റിനു ള്ളിലിരിക്കുന്ന ഹിരണ്യകശിപുവിനെ കണ്ടു സങ്കടം തോന്നി ആവശ്യങ്ങളാ രാഞ്ഞു. ബ്രഹ്മദേവൻ കമണ്ഡലുവിലെ വെള്ളം തളിച്ചപ്പോൾ ഉണർന്ന ഹിരണ്യ കശിപു അദ്ദേഹത്തെ വണങ്ങി പ്രകീർ ത്തിച്ചു. അവസാനം തന്റെ ആവശ്യം

പറഞ്ഞു. എന്താണെന്നോ, അങ്ങയാൽ സൃഷ്ടിക്കപ്പെട്ട ഭൂതങ്ങളിൽനിന്നും മരണമുണ്ടാകരുത്. വീടിനുള്ളിൽവെച്ചോ പുറത്തു വച്ചോ, പകലോ, രാത്രിയോ, ദക്ഷപ്രജാപതിയുടെ സൃഷ്ടികളാലോ, ആയുധം കൊണ്ടോ, ഭൂമിയിലോ ആകാശത്തോ വച്ചോ, മനുഷ്യരാലോ മൃഗങ്ങളാലോ മരണമുണ്ടാകരുത്. പ്രാണനില്ലാത്ത വസ്തുക്കൾ കൊണ്ടോ, ദേവന്മാരിൽ നിന്നോ അസുരന്മാരിൽ നിന്നോ, സർപ്പങ്ങളിൽ നിന്നോ മരണമുണ്ടാകരുത്. എനിക്ക് എല്ലാ ജീവജാലങ്ങളുടേയും അധിപനാകണം. ലോകപാലകന്മാരുടെ മഹിമയും നശിക്കാത്ത മഹിമയും ഉണ്ടാകണം. ഈ വരങ്ങളെല്ലാം ബ്രഹ്മാവു കൊടുത്തു. വരം കിട്ടിയപ്പോൾ ഹിരണ്യകശിപു ബ്രഹ്മാവിനോടു കയർത്തു. ദേവന്മാരേയും മററു അസുര സർപ്പരാജാക്കന്മാരേയും ജയിച്ചു. ദേവോദ്യാനമായ നന്ദവനത്തിൽ താമസിച്ച് ഇന്ദ്രാസനത്തിലിരുന്ന് മൂന്നു ലോകങ്ങളേയും അടക്കി ഭരിച്ചു. പക്ഷെ അയാൾക്ക് ഇന്ദ്രിയങ്ങളെ ജയിക്കാൻ കഴിഞ്ഞില്ല. സുഖഭോഗങ്ങളിൽ മുഴുകി. ലോകം നാശത്തിലേക്കു നീങ്ങി. ബ്രഹ്മാവിന്റെ വരത്താൽ ശക്തനായതു കൊണ്ട് ബ്രഹ്മാവിനും തടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ദേവന്മാർ ശ്രീനാരായണനെ തന്നെ അഭയം പ്രാപിച്ചു. ഇപ്പോൾ അയാൾ ദേവപ്രീതിക്കുള്ള വഴിയെല്ലാം അടച്ചിരിക്കയാണെന്നും അ യാളുടെ വിഷ്ണുഭക്തനായ മകൻ പ്രഹ്ലാദനെ ഉപദ്രവിക്കുമ്പോൾ എത്താമെന്നും ഭഗവാൻ മറുപടി നൽകി.

പ്രഹ്ലാദൻ : ഹിരണ്യകശിപുവിന്റെ 4 മക്കളിൽ മൂത്തയാളാണ് പ്രഹ്ലാദൻ. വിദ്യകളെല്ലാം അഭ്യസിച്ചു.

നിത്യമതിലൊരു നാളാ സുരേശ്വരൻ
പുത്രനെതന്നരികത്തു വിളിച്ചുടു-
ത്തുത്സുംഗ സീമ്നി വിന്യസ്യ
പുണർന്നുടൻ
മൂർന്ധനി മുകർു സന്തോഷേണ
ചോദിച്ചാൻ
ആസ്ഥയാ നീ പഠിച്ചിട്ടുള്ളതെല്ലാറ്റിലും
നല്ലതെന്തു ചൊൽകുന്ന കേട്ടവൻ
ചൊല്ലിനാലല്ലലൊഴിഞ്ഞു മന്ദേതരം
നല്ലതു നാനാജഗദ്ഗുരു മാധവൻ
കല്ല്യാണ വാരിധിതൻ
പാദസേവയാൽ
മീതേ നമുക്കേതുമില്ലെന്നതെന്നുടെ
ചേദസി നന്നായുറച്ചിതു കേവലം
ഇതുകേട്ട ഹിരണ്യകശിപുവിനു
ദേഷ്യം വന്നു.
എന്നുടെ ശത്രുവായുള്ളവൻ തിലോ
ചെന്നുറക്കുന്നിതു നിന്നുടെ മാനസം
നന്നില്ലതുണ്ണി നിനക്കെന്നവൻ കനൽ
ചിത്തം മിഴികളാലാശു ചൊല്ലി

ഉടൻ തന്നെ സേവകരെ വിളിച്ചു, ഇങ്ങനെയാണെങ്കിൽ പഠിപ്പിക്കാൻ ഞാൻ വിടില്ല. ഞങ്ങൾ പഠിപ്പിച്ചതല്ലാ ഇവൻ ചൊല്ലുന്നത് എന്നു പറഞ്ഞു. കുട്ടിയോട് വിവരങ്ങൾ ആരാഞ്ഞു. പക്ഷെ പ്രഹ്ലാദൻ സത്യസന്ധനും മററു ജീവികളോട് ദയയുള്ളവനും മററുള്ളവരോട് സ്നേഹമുള്ളവനും ആയിരുന്നു.

വിദ്യാർത്ഥ രൂപ ജന്മാഢ്യോ മാന
സ്തംഭവിവർജ്ജിതഃ

വിദ്യ, അർത്ഥം, രൂപം ഇങ്ങനെ എല്ലാത്തിലും ആ ബാലൻ മുൻപിലായിരുന്നു. അസുരന്മാരുടെ ഒരു ലക്ഷണവുമില്ലാത്ത ബാലൻ.

വാസുദേവ ഭഗവതി യസ്യ നൈ
സർഗ്ഗീകീരതിഃ

വാസുദേവനിൽ അത്യധികം സ്നേഹവും ഭക്തിയും. ചതുർഭുജരൂപത്തിൽ തനിക്കു ദർശനം തരുന്നുവെന്നും ഭഗവാന്റെ ലീലകളെക്കുറിച്ചു ബ്രഹ്മാവിനു പോലും അറിയില്ല. പ്രഹ്ലാദന്റെ ഭഗവാൻ വിഷ്ണുവിനോടുള്ള ഭക്തി ഹിരണ്യകശിപുവിനെ കോപാകുലനാക്കി. തനി

ക്കു ദോഷംചെയ്യുന്ന ഇവനെ കൊല്ലു കയെന്നു പറഞ്ഞ് ഭടന്മാരെ ഏൽപ്പിച്ചു. പ്രഹ്ലാദൻ ഭഗവാനോടു ചേർന്നിരിക്ക യാൽ ഭടന്മാരുടെ ആയുധങ്ങൾ മുറി വേൽപ്പിച്ചില്ല. അവസാനം രക്ഷയില്ലാ തെ ഗുരുപുത്രരെ ഏൽപ്പിച്ചു. എന്നാൽ മനുഷ്യനായി ജനിച്ചവർ മഹാവിഷ്ണു വിന്റെ പാദപത്മങ്ങളിൽ അഭയം പ്രാ പിക്കുമെന്ന് പ്രഹ്ലാദൻ മുനിപുത്രന്മാരെ ഉപദേശിച്ചു. ഭയത്തിൽ നിന്നും മോചനം വേണമെങ്കിൽ ഭക്തി വേണം. ഒരു ഭക്ത നു മാത്രമേ ആധുനിക ദുഃഖനിവർത്തി വരുത്താൻ കഴിയൂ. മനുഷ്യൻ അയാളു ടെ ജീവിതത്തിന്റെ നല്ലൊരു ഭാഗവും വി ഷയാസക്തിയിൽ നശിപ്പിക്കുന്നു. ഇന്ദ്രി യങ്ങളെ ജയിച്ചു പരമാനന്ദ ഭക്തിയിൽ ലയിക്കണം. ആത്മസ്വരൂപത്തെ അറി യാൻ കഴിയണം. നാരായണ ഭക്തർക്ക് ഇന്ദ്രിയങ്ങളെ അധീനതയിലാക്കാം. എല്ലാ ജീവികളിലും ഭഗവാന്റെ വെളിച്ച മാണുള്ളത്. പ്രാണിഹിംസയും അസു രസ്വഭാവങ്ങളും ഉപേക്ഷിക്കാൻ പ്രഹ്ലാ ദൻ ഉപദേശിച്ചു. ത്രിഗുണങ്ങൾക്കും അതീതനായ ഭഗവാനെ ഭജിക്കുക. ബദര്യാശ്രമത്തിലിരിക്കുന്ന നാരായണൻ നാരദമുനിക്കുപദേശിച്ചത് അദ്ദേഹം എനിക്കുപദേശിച്ചു. ഇതെങ്ങനെ സാ ധിക്കുമെന്നുള്ള മററുള്ളവരുടെ ചോദ്യ ത്തിന് ഉത്തരമായി നാരദന്റെ ദയാവായ് പിനേക്കുറിച്ചുള്ള കാര്യം പ്രഹ്ലാദൻ പറ ഞ്ഞു. തപസു ചെയ്യാൻ പോയപ്പോൾ ദേവന്മാർ യുദ്ധത്തിനു വന്നു. ദേവ ന്മാർ കൊട്ടാരത്തിൽ വന്ന് ഗർഭിണി യായ എന്റെ അമ്മയെ പിടിച്ചുകൊണ്ടു പോയി. ഇതറിഞ്ഞ നാരദൻ അവിടെയെ ത്തി ഗർഭത്തിലുള്ള കുട്ടി ഹിരണ്യകശി പുവിനേപ്പോലെ ദുഷ്ടനായിരിക്കു മെന്നും ആ കുട്ടിയെ നശിപ്പിക്കണ മെന്നും പറഞ്ഞ് അവരോട് ഗർഭസ്ഥ ശിശു അതുപോലെയല്ലായെന്നും മഹാ നായിരിക്കുമെന്നും ഉള്ള നാരദന്റെ വാ ക്കുകൾ വിശ്വസിച്ച് അവരെ ആശ്രമ ത്തിലുപേക്ഷിച്ചു പോയി. ഹിരണ്യകശി പു തപസുകഴിഞ്ഞ് തിരികെ വരുന്ന തുവരെ അവരാശ്രമത്തിൽ താമസിച്ചു. നാരദരുടെ ഭക്തിയോഗവും പരമാത്മാ വിനേക്കുറിച്ചുള്ള വാക്കുകളും തങ്ങളെ ഭക്തരാക്കി.

ആത്മാവിനെ തിരിച്ചറിയുന്നതെ ങ്ങനെയെന്ന് പ്രഹ്ലാദൻ അവരെ പഠി പ്പിച്ചു. ദേഹം, ഇന്ദ്രിയങ്ങൾ ഇവയേക്കു റിച്ചൊക്കെ വിവരിച്ചു. ചെറുപ്പത്തിൽ തന്നെ ഇവയൊക്കെ എങ്ങനെ മനസ്സിലാ ക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൗമാര ആചാരേത് പ്രാജ്ഞോ
ധർമ്മാൻ ഭാഗവതാനിഹ
ദുർല്ലഭം മാനുഷം ജന്മ തദപ്യ
ധ്രുവമർത്ഥദം

ചെറുപ്പത്തിൽതന്നെ ഭക്തിയിലൂടെ ധർമ്മം പാലിക്കണം. മനുഷ്യജന്മം തന്നെ ദുർലഭമാണ്. അതുകൊണ്ട്:

തസ്മാത് സർവ്വേഷു ഭൂതേഷു
ഭൂതേഷു ദയാം കുരുതസൗഹൃദം
ആസുരം ഭാവമുന്മുച്യയയാ
തുഷ്യര്യധോക്ഷ ജഃ

ഭഗവാൻ സർവ്വവ്യാപിയാണ്. അതു കൊണ്ട് എല്ലാവരോടും സ്നേഹം ദയ ഇവയൊക്കെ കാണിക്കണം. അസുരഭാ വം മാററണം. അതുപോലെ

ഗുരു ശുശ്രൂഷയാ ഭക്ത്യാ സർവ്വ
ലബ്ധാർപ്പണേഗച
സംഗേന സാധു ഭക്തനാമീശ്വരാ
രാധനേ ന ച

ഗുരുവിൽ ഭക്തിയുണ്ടാവണം. സർ വ്വസ്വവും ഈശ്വരപാദങ്ങളിൽ സമർ പ്പിക്കുക. മഹത്തുക്കളോട് സംസർഗ്ഗം പാലിക്കുക. ഭഗവാനെ ഭജിക്കാൻ ജാതി

യോ കുലമോ വ്യത്യാസമില്ല. വേദം പഠിക്കണമെന്നില്ല. തപസ്സും വ്രതവും ഒന്നും വേണ്ട. ഒരു കാര്യം, ഫലത്തിൽ ആശ വെക്കരുത്. ഭക്തിയോട് ഭഗവാനെ സ്മരിക്കുകയും ഭജിക്കുകയും ചെയ്യുക. എല്ലാ വസ്തുവിലും ഭഗവാനുണ്ടെന്നും അതുകൊണ്ട് ഫലകാംക്ഷയില്ലാതെ പ്രവർത്തിക്കണമെന്നുമാണ്.

ഇവിടെ നാം ശ്രദ്ധിക്കേണ്ടത് ഇത്തരം ജ്ഞാനം പ്രഹ്ലാദനു സിദ്ധിച്ചത് അമ്മയുടെ ഗർഭത്തിൽ ആയിരുന്നപ്പോളാണെന്നു പറഞ്ഞില്ലേ. ഇതിനേക്കുറിച്ചു വിശദമായി ഈ ഗ്രന്ഥങ്ങളിലൂടെ നാം വായിച്ചിട്ടുണ്ട്. അഭിമന്യു മുതൽ ആധുനിക മനശാസ്ത്രം ഈ കാലഘട്ടത്തിൽ ഗർഭിണികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളേക്കുറിച്ച് ഡെവലപ്മെന്റ് മനശാസ്ത്രത്തിൽ എടുത്തു പറയുന്നു. ഒരു വ്യക്തിയുടെ വൈകാരിക ക്ഷമത, അഭിരുചി, സാമൂഹ്യവും വ്യക്തിപരവുമായ വികാസം, ജനനം മുതൽ ആണെന്നു വ്യാസൻ എത്രയോ വർഷം മുൻപുതന്നെ നമ്മോട് ഉദാഹരണസഹിതം വിവരിച്ചിട്ടുണ്ട്. അഛനമ്മമാരോടും സമൂഹത്തോടും ഒരു ഭയം, എന്നുവച്ചാൽ തങ്ങളെ ശിക്ഷിക്കാനും നിയമങ്ങളും ധർമ്മാർത്ഥ കാര്യങ്ങളും കുറച്ചൊക്കെ അനുസരിക്കാൻ സമൂഹജീവിയായ നാം ബാധ്യസ്ഥരാണെന്നും സമദൃഷ്ടിയോട് സഹജീവികളോട് പെരുമാറേണ്ടതെങ്ങനെയെന്നും ഹിരണ്യകശിപുവിന്റെ പാത്രസൃഷ്ടിയിലൂടെ വ്യാസൻ വരും നൂറ്റാണ്ടുകൾക്ക് ഒരു പഠന ശൈലിയും ഗ്രന്ഥവുമാണ് നൽകിയിരിക്കുന്നത്. ദുർവാസനകളും ദുഷ്ചിന്തയും അത് സ്വന്തമാളുകൾ ചെയ്താലും അതിനെ തോൽപ്പിക്കകയെന്നതാണ് ചെറിയ കുട്ടിയായ പ്രഹ്ലാദനിലൂടെ നമുക്കു കാണിച്ചുതരുന്നത്. പ്രഹ്ലാദൻ വലിയ ഒരു നേതൃഗുണമൊന്നും ആരേയും പഠിപ്പിച്ചില്ല. പക്ഷെ ആ കുട്ടിയുടെ ഗാംഭീര്യം നിറഞ്ഞ മുഖവും മനോഭാവവും ആണ് മറ്റു കുട്ടികളെ ആകർഷിച്ചത്. ജീവിതത്തിന്റെ അർത്ഥശൂന്യതയും നശ്വരമായ ഈ സ്ഥിതിക്കുവേണ്ടി ഒരാൾ ചെയ്യുന്ന കുടില പ്രവർത്തിയും ചെയ്യുന്നതിനുപയോഗിക്കുന്ന സമയത്തിൽ വാർദ്ധക്യം വരുമെന്നും ഇതെല്ലാമുപേക്ഷിച്ച് നാം പോകേണ്ടിവരുമെന്നുള്ള ചിന്തക്ക് ഒരു നിമിഷം ചിലവാക്കിയാൽ സമൂഹനന്മയും നമ്മുടെ നന്മയും കൈവരിക്കാമെന്നും നമുക്കു മനസ്സിലായി. നമുക്കു ദാനമായി ലഭിച്ച ഈ ജീവിതം പ്രയോജനപ്രദമാക്കിതീർക്കേണ്ടതിന്റെ ആവശ്യകതയും ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നു. എന്റെ മനസ്സിന്റെ നന്മ തന്നെയാണ് മററുള്ളവരിലും ഇരിക്കുന്നത് എന്ന സമകാലീനസിദ്ധാന്തം പ്രഹ്ലാദനിലൂടെ ചങ്ങാതിമാർക്ക് പകർന്നുനൽകുകയാണിവിടെ. ജനനവും മരണവും സുഖവും ദുഃഖവും അവസ്ഥാഭേദങ്ങളാണെന്നും അതുകൊണ്ട് മനുഷ്യധർമ്മം ജ്ഞാനം നേടുകയാണെന്നും ചിന്തിപ്പിക്കുകയാണിവിടെ. എല്ലാവരിലും നന്മയുണ്ട്. പക്ഷെ അജ്ഞതമൂലം അത് പലർക്കും മനസ്സിലാകുന്നില്ലായെന്നതാണ് സത്യം. അതുപോലെ നല്ല പ്രവർത്തികൾ ചെയ്യുന്നതിനും ജ്ഞാനസമ്പാദനം നടത്തുന്നതിനും എല്ലാവർക്കും തുല്ല്യാവകാശമുണ്ട്. ആധുനീക സമത്വദർശനവും ജ്ഞായത്വവും സോഷ്യലിസവും ഒക്കെതന്നെയാണ് പ്രഹ്ലാദന്റെ വാക്കുകളിലൂടെ നാം കേൾക്കുന്നതെന്നു തോന്നും.

പ്രഹ്ലാദന്റെ ഇത്തരം ചിന്താഗതികൾ അന്നത്തെ തലമുറയെ ആകർഷിച്ചതിന്റെ ഫലമായി അവർ നന്മയുടെ പക്ഷത്തു നിലകൊണ്ടു. നല്ല അഭിപ്രായമായാലും മററുള്ളവർ പറഞ്ഞാൽ അതൊ

ന്ന് അംഗീകരിക്കുവാൻ മടി കാണിക്കുന്ന ചിലരേപ്പോലെ ഹിരണ്യകശിപുവും ഭയന്നു. അയാൾ പ്രഹ്ലാദനെ വംശദ്രോഹിയെന്നു വിളിച്ചു. നമ്മൾ സാധാരണകേൾക്കുന്ന വാക്കുകൾ. ഉള്ളതു പറയുമ്പോൾ വംശദ്രോഹി, വഞ്ചകൻ എന്നൊക്കെ വിളിച്ചു വധഭീഷണി മുഴക്കുക. ഇതുതന്നെയാണ് ഹിരണ്യകശിപുവും ചെയ്തത്. ഈ പ്രപഞ്ചശക്തി വിഷ്ണുവിന്റേതാണ്. ത്രിഗുണങ്ങളുടെ നിയന്താവും സർവ്വോൽകൃഷ്ടനുമാണ് ഭഗവാൻ.

ന കേവലം മേ ഭവദശ്ച രാജൻ
സ വൈ ബലം ബലിനാം ചാപരേഷാം
പരേ ള വരേ ള മീ സ്ഥിരജംഗമായേ
ബ്രഹ്മാദയോ യേന വംശം പ്രണീതാഃ

മഹാരാജാവേ, എന്റെ ശക്തി മാത്രമല്ല, അങ്ങയുടേയും സർവ്വ ദേവീദേവന്മാരുടേയും ബ്രഹ്മാ മഹേശ്വരന്മാരുടേയും ശക്തി അതുതന്നെയാണ്. ആ ബലം എന്നിലും അങ്ങയിലും ഉണ്ട്. ആ പരമാത്മാവിന്റെ ബലമാണ് എല്ലാവരിലുമുണ്ടായത്. അസുരഭാവം ഒഴിവാക്കി കാമക്രോധാദി ശത്രുക്കളെ ജയിക്കുക.

പ്രഹ്ലാദന്റെ വാക്കുകൾ ഹിരണ്യകശിപുവിനെ കൂടുതൽ രോഷാകുലനാക്കി. നീ എന്റെ ആജ്ഞയെ ലംഘിച്ച് എന്തിനാണവനെ സേവിക്കുത്.

എന്തെടോ! കശ്മലാ! ദുർബ്ബലനായ നീ
എന്തുബലംകൊണ്ടിവിടെമമാജ്ഞയും
ലംഘിച്ചു നമ്മുടെ ദേശികൻ തന്നെയും
ശങ്കിച്ചിരിയാതെ ജാത്യാരിയാകിയ
പങ്കജനാഭനെ സ്സേവിച്ചുകൊള്ളുന്നു

അതുകൊണ്ട് നിന്റെ കഴുത്തു ഞാനറക്കും എന്നൊക്കെ ഹിരണ്യകശിപു പറയുകയാണ്. എന്നാൽ ഈ പ്രപഞ്ചത്തിലെ ല്ലാവർക്കും ഇന്ദിരാവല്ലഭനിൽ കഴിഞ്ഞു മറെറാരാളില്ലായെന്നാണ് പ്രഹ്ലാദൻ പറയുത്. പ്രഹ്ലാദന്റെ വാക്കുകൾ കേട്ട ഹിരണ്യകശിപു വാളെടുത്തു. എല്ലായിടത്തും സർവ്വേശ്വരനുണ്ട്. ഈ തൂണിലും തുരുമ്പിലും. പ്രഹ്ലാദൻ തൊഴുതു നമസ്കരിച്ച തൂണിൽ ഭഗവദ് ദർശനം പ്രഹ്ലാദനു സാധിച്ചു. പക്ഷെ അഹ്ലനതു കാണാൻ കഴിഞ്ഞില്ല. ഞാൻ ഈ തൂണ് മുറിക്കുന്നു. നിന്റെ ഹരി അവിടെയുണ്ടെങ്കിൽ നിന്നെ രക്ഷിക്കട്ടെ. അവിടെ കേട്ട അട്ടഹാസം ഹിരണ്യകശിപുവിനെ ഭയപ്പെടുത്തിയില്ല. ശ്രീഹരിയുടെ ഭയാനകമായ രൂപം ഹിരണ്യകശിപുവിനു മനസ്സിലായി. എങ്കിലും പരിഭ്രമം പുറത്തു കാണിക്കാതെ ഗദയെടുത്ത് നരസിംഹമൂർത്തിയെ അടിച്ചു. രണ്ടുപേരും തമ്മിൽ യുദ്ധമാരംഭിച്ചു. അവസാനം ഭഗവാൻ അയാളെ എടുത്ത് തന്റെ തുടയിൽ കിടത്തി കൈനഖങ്ങൾകൊണ്ട് നെഞ്ചു പിളർന്ന് കൊന്നു.

തന്റെ മടിയിൽ മലർത്തി കിടത്തി വീരന്റെ കരങ്ങളും കാലും ശരീരവും
കമ്പം വരുത്താതെ രണ്ടു തൃക്കൈകളാൽ
വമ്പോടമർത്തു പാദങ്ങളാലും രൂഷാ
പിൻപു തൃക്കൈയിണതൻ നഖരങ്ങളാൽ
സമ്പ്രാതി ദാനവൻ മാറിടം നീളവേ
കീറിപ്പിളർന്നുടനേറെ ചിരിച്ചവൻ
തേറും പ്രകാരമരുൾ ചെയ്തനന്തരം
ശോണിതം വന്നയരുന്നതിൽ നിന്നുടൽ
വാരിയെടുത്തു വളർ കുടൽ മാലകൾ
ചാരുതിരുമിലങ്ങണിഞ്ഞീടിനാൻ.

ഉഗ്ര വിഷമുള്ള സർപ്പത്തെ ഗരുഡൻ വലിച്ചെറിയുന്നതുപോലെ ഉദരം പിളർന്നുവെന്നു വിവരിക്കുന്നു. ഭഗവാന്റെ ഉഗ്രരൂപം കണ്ട് എല്ലാവരും ഭയന്നു.

ദദാര ലീലയാ നഖൈർ യഥാഹിം
ഗരുഡോ മഹാഷിഷം

ഭഗവാൻ അവന്റെ ഉദരത്തെ പിളർന്നു.

ഇതുകണ്ടവരെല്ലാം സന്തോഷം പൂണ്ടു. ബ്രഹ്മാവ്, രുദ്രൻ, ദേവേന്ദ്രൻ, ഋഷിമാർ, പിതൃക്കൾ, സിദ്ധന്മാർ, നാഗങ്ങൾ, മനുക്കൾ എല്ലാവരും ഭഗവാനെ സ്തുതിച്ചു. ബ്രഹ്മാവിന്റെ അപേക്ഷപ്രകാരം പ്രഹ്ലാദൻ ഭഗവാനെ സമീപിച്ചു. തന്റെ കാൽക്കൽ നമസ്രിച്ച പ്രഹ്ലാദനെ ഭഗവാൻ പിടിച്ചെഴുന്നേൽപ്പിച്ചു.

വീണു നമസ്കരിച്ചോരു ഭക്ത്യാഢ്യനെ
ക്ഷോണീവരനെഴുൽപ്പിച്ചു സാദരം
ചിത്ത വിശുദ്ധിയോടാശു മുകുന്ദനെ
ഭക്ത്യാ നമസ്കരിച്ചഞ്ജലിയും ചെയ്തു
നിൽക്കുന്നതുകണ്ടു കാരുണ്യമുൾക്കനി
ഞ്ഞഗ്രേ മൃദുസ്മിത വക്ത്രനാമീശ്വരൻ
തൃക്കൈകൾ കൊണ്ടവൻ തന്നെയടുപ്പിച്ചു
വക്ഷസി ചേർത്തു പുണർന്നു
പുണർന്നുടൻ

പ്രഹ്ലാദൻ പറയുകയാണ്:

നാ ഹം വിഭേമ്യജിത തേ ള തിഭയാ
നഛാസ്യ

അങ്ങയുടെ ഭയാനകമായ ഈ രൂപത്തെ എല്ലാവരും ഭയപ്പെടുന്നു. പക്ഷെ എനിക്കല്പം പോലും ഭയം തോന്നുന്നില്ല. എന്നാൽ ഈ ലോകത്തെ ഒന്നു മറിയാത്ത അജ്ഞരായ മനുഷ്യരുടെ ദുഃഖം കണ്ടാണെനിക്കു സങ്കടം വരുന്നത്. അവരുടെ ദുഃസ്ഥിതി എനിക്കു മനസിലാകുന്നില്ല.

ദുഃഖൗഷധം നദപി ദുഃഖമതദ്ധിയാഹം
ഭൂമൻ ഭ്രമാമി വദമേ തവ ഭാസുയോഗം

എന്നു മുതൽക്കാണു ഇതിൽ പെട്ടുപോയത് എന്നറിയില്ല. അങ്ങയുടെ ഭക്തിയോഗം ഞങ്ങൾക്കു ഉപദേശിച്ചു തരണം എന്നു പറയുകയാണ്. ധർമ്മത്തിലും തപസ്സിലും തുടങ്ങിയുള്ള ഗുണങ്ങളൊന്നും തന്നെ അങ്ങയെ സന്തോഷിപ്പിക്കുവാൻ മതിയാകുകയില്ല. കുലമോ മഹിമയോ ഒന്നുമല്ല ഭഗവദ്ഭക്തിക്കാവശ്യം എന്നു പലതവണ നമുക്കു പറഞ്ഞു തരുന്നുണ്ട്. ഭഗവാനിൽ സ്വയം അർപ്പിക്കുവരാണ് ഭക്തർ. ഭഗവാന് എല്ലാം സമർപ്പിച്ചാൽ അപൂർണ്ണത മാറിയെന്നാണ് വിശ്വാസം. ആ സ്വരൂപത്തെ അറിഞ്ഞാൽ മനസ്സ് ശുദ്ധമാകും. അങ്ങ് അഛന്റെ നേരെ എടുത്ത കോപം അഛൻ മരിച്ചപ്പോൾ കഴിഞ്ഞു. അസുരന്മാരെ അങ്ങ് നശിപ്പിക്കുമ്പോൾ എല്ലാവരുംസന്തോഷിക്കുന്നു. ഈ രൂപം കണ്ടു ഞാൻ ഭയന്നു മാറുന്നില്ല. കാരണം അങ്ങയുടെ ഭക്തനായ എനിക്കീ രൂപം ഭയമുണ്ടാക്കുന്നില്ല. മനുഷ്യരാശിക്കു മുഴുവൻ ദുഃഖമുണ്ടാകും. ദുഖം ഒന്നുകൊണ്ടും അവസാനിക്കുന്നില്ല. ഭഗവാനേ! ഭക്തിയോഗം അനുഗ്രഹിച്ചു തരണമേ എന്നു വീണ്ടും വീണ്ടും അപേക്ഷിക്കുകയാണ് പ്രഹ്ലാദൻ ചെയ്യുന്നത്. ദുഃഖങ്ങളിൽ നിന്നും മനുഷ്യരെ രക്ഷിക്കാൻ കഴിയുന്നത് ഈശ്വരനു മാത്രമാണ്. നാരദമഹർഷിയുടെ ഉപദേശവും അനുഗ്രഹവും പ്രകാരം എനിക്കു ഭക്തിമാർഗ്ഗത്തിലേക്കു തിരിയാൻ സാധിച്ചു. സാധാരണ മനുഷ്യന്റെ ഞാനെന്നും എന്റേതെന്നുമുള്ള തോന്നൽ മായകൊണ്ടാണ്. അതുകൊണ്ട് ഇന്ദ്രിയങ്ങളിൽ നിന്നുള്ള ജയമാണ് പ്രഹ്ലാദൻ ആഗ്രഹിക്കുന്നത്. തീയുണ്ടാകാൻ അരണി കടയുന്നതു പോലെ കടഞ്ഞു കടഞ്ഞു ഭഗവാനെ അറിയണം. പ്രഹ്ലാദൻ പറഞ്ഞു:

യദി, രാസീശ മേ കാമാൻ വരാംസ്
ത്വം വരദർഷഭ
കാമാനാം ഹൃദ്യ സരോഹം ഭവസ്
തു വൃണേവരം

ഭഗവാനേ! അങ്ങക്ക് എന്നോടു സ്നേഹമുണ്ടെങ്കിൽ, അങ്ങ് വരം തരാനാഗ്രഹിക്കുന്നുവെങ്കിൽ എന്റെ മനസിന് ആഗ്രഹങ്ങളൊന്നും നാമ്പെടുക്കാതിരിക്കുന്നതിന് സഹായകരമായ വരം നൽകി

യാലും. ഭഗവാൻ പറഞ്ഞു:

എന്തു വരം തവ വേണ്ടതു ചൊൽക നീ
സന്തോഷമോടു തരുന്നതുമുണ്ടു ഞാൻ

ഭഗവാൻ പ്രഹ്ലാദന്റെ പല ആവശ്യങ്ങൾക്കും ഉത്തരമായി പറഞ്ഞു, നിർവ്യാജ ഭക്തൻ ലോകസുഖത്തിനായി യാതൊന്നും ആവശ്യപ്പെടുകയില്ല. എനിക്കായി കർമ്മങ്ങൾ ചെയ്താൽ അതൊന്നും ബന്ധഹേതുക്കളാകില്ല. അതുകൊണ്ട് ഭഗവാദ് നാമം ജപിച്ച് പ്രജാക്ഷേമം ചെയ്ത് കാലക്രമത്തിൽ ശരീരം ഉപേക്ഷിച്ച് എന്നിൽ പ്രാപിക്കുക. പ്രഹ്ലാദൻ പറഞ്ഞു:

എന്നുടെ താതനുള്ളോരു ദുരിതങ്ങൾ
നിന്നുടെ കാരുണ്യമോടതു തീർക്കണം.

ഇത്രയും കേട്ടപ്പോൾ ഭഗവാനു സന്തോഷമായി. രാജ്യം ലഭിച്ചപ്പോൾ സ്വന്തം പിതാവ് ദുഷ്ടനാണെറിയാമെങ്കിലും ഗുണവാനായ പ്രഹ്ലാദൻ അച്ഛനു വേണ്ടി യാചിക്കുകയാണ്. ഭഗവാൻ പറഞ്ഞു:

നിന്നുടെ താതനും നിന്റെ പിതൃങ്ങളു
മിന്നുവിശുദ്ധരായ് നിന്നുടെ കാരണാൽ

എന്റെ സ്പർശനത്താൽ നിന്റെയച്ഛൻ പരിശുദ്ധനായി. അങ്ങനെ സംസ്കാരാദി കർമ്മങ്ങളെല്ലാം ചെയ്തു. ഹിരണ്യകശിപുവിന്റെ പുണ്യലോകത്തേക്കുള്ള യാത്രക്ക് അതിന്റേതായ കർമ്മവും ചെയ്തു.

നാരദൻ യുധിഷ്ഠിരനോട് പറഞ്ഞു നിങ്ങളുടെ മാതുലപുത്രനായ ശ്രീകൃഷ്ണന്റെ യഥാർത്ഥ രൂപം ബ്രഹ്മാവിനോ ഭഗവാൻ ശിവനോ അറിയാൻ കഴിയില്ല. ഇന്ദ്രിയങ്ങളെ ജയിച്ചു ഭഗവദ് ഭക്തനാകുന്നു. ഇവിടെ ഭഗവാന്റെ അനുഗ്രഹം എല്ലാവർക്കും ലഭിക്കുമെന്നു പറയുന്നു. പക്ഷെ ഭക്തി വേണം. യുധിഷ്ഠിരൻ നാരദരോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നു. പരീക്ഷിത്ത് ശ്രീശുകന്റെ മുൻപിലും.

മനുഷ്യധർമ്മം എന്താണ്? ഭക്തിയാണ് ധർമ്മം. ഭഗവാൻ തന്നെയാണ് ധർമ്മത്തിന്റെയും മൂലം. മനുഷ്യൻ ഓരോ ഘട്ടത്തിലും നിർവ്വഹിക്കേണ്ട കർമ്മങ്ങൾ അനുഷ്ഠിക്കണം. സമയവും സ്ഥാനവും അനുസരിച്ച് കർത്തവ്യം മാറിമറയും. അയാളുടെ വളർച്ചയും അതിൽ നിന്നുണ്ടാകുന്ന സംസ്കാരവും അനുസരിച്ചായിരിക്കും സ്വഭാവം. മനസ് സംയമനത്തിലൂടെ, ശുദ്ധിയിലൂടെ, ഇന്ദ്രിയ നിയന്ത്രണത്തിലൂടെ ബ്രഹ്മനെ അറിയണം. ഇവിടെ വ്യാസൻ ഓരോ പ്രവർത്തിമണ്ഡലത്തിലും സ്ഥാനവും ധർമ്മവും അനുസരിച്ച് എന്തു ചെയ്യണമെന്നും ചെയ്യേണ്ടഎന്നും വിവരിക്കുന്നു. നിഷ്കാമകർമ്മത്തോടു ഗൃഹസ്ഥാശ്രമം പാലിക്കവനും സംന്യാസിക്കു ലഭിക്കുന്ന മോക്ഷം ലഭിക്കുമെന്നു വ്യാസൻ പറയുന്നു.

നല്ല കർമ്മങ്ങൾചെയ്തെല്ലാം
ഭഗവാങ്കൽ
നല്ലവണ്ണം സമർപ്പിക്കുക
ഗൃഹസ്ഥൻമാർ
സജ്ജനഭക്തനായീശ്വരൻ സൽക്കഥ
പുത്രദാരാദികൾ ഗാത്രാർത്ഥ
വസ്തുക്കൾ
നിത്യമല്ലെറിഞ്ഞോരു വൈരാഗ്യവും
മിഥ്യയായീടും പ്രപഞ്ചം സമസ്തവും

ഇതെല്ലാം മനസിലാക്കുവൻ അറിവുള്ളനായി മാറുന്നു. സ്വധർമ്മം ചെയ്തും ഭഗവാനെ ആരാധിച്ചും ഭക്തിയോടു കൂടിയിരുന്നാൽ അവസാനം ഭഗവാനെ പ്രാപിക്കാം.

*****

# റോമാക്കാരുടെ ശാസ്ത്ര ചിന്തകളും പ്രായോഗികശാസ്ത്രവും

സി. രാമചന്ദ്രൻ – 9995820684

**ച**രിത്രത്തിൽ റോമാക്കാരുടെ സ്ഥാനം വലുതാണ്. എന്നാൽ ശാസ്ത്രചരിത്രത്തെ സംബന്ധിച്ചിടത്തോളം അവർ അത്ര മുന്നിലുമല്ല. ഭൗതികശാസ്ത്രത്തേക്കാൾ അവർക്കു പ്രിയം സാമൂഹ്യ ശാസ്ത്രമായിരുന്നു. ശാസ്ത്രപരീക്ഷണങ്ങളേക്കാൾ രാഷ്ട്രീയ പരിഷ്കരണങ്ങൾക്കാണ് അവർ മുമ്പന്തിയിൽ നിന്നത്. രാഷ്ട്രീയത്തിൽ മതവും മതത്തിൽ രാഷ്ട്രീയവും പരീക്ഷിച്ചു. മാത്രമല്ല ജ്യോതിഷത്തിലും, ലക്ഷണങ്ങളിലും, നിമിത്തങ്ങളിലും അവർ വിശ്വസിച്ചു ജീവിച്ചു. ധീരനായ ജൂലിയസ് സീസർപോലും താൻ ഒരു അന്ധവിശ്വാസിയല്ല എന്നു വരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

പോരാളികൾ എന്ന നിലയിൽ അവർക്ക് പക്ഷേ യുദ്ധോപകരണങ്ങൾ ആവശ്യമായിരുന്നുതാനും. അതിനായി അവർ ആശ്രയിച്ചത് ഗ്രീക്ക് സാങ്കേതിക ശാസ്ത്രത്തെത്തന്നെയാണ്. അരിസ്റ്റോട്ടിലിന്റെ അതിഭൗതികചിന്തകൾക്ക് ഗ്രീക്കുകാർ വശംവദരായി എങ്കിൽപ്പോലും അതിനുശേഷവും അവർ ഒരു ശാസ്ത്രപൈതൃകം നിലനിർത്തിയിരുന്നു. യുദ്ധോപകരണങ്ങളും യുദ്ധതന്ത്രങ്ങളും റോമാക്കാർക്കാവശ്യമായിരുന്നു എന്നതിനാൽ ആശ്രയിച്ചതു സ്വാഭാവികവുമാണ്. ജ്യോതിശാസ്ത്രത്തിൽ കാര്യമായ സംഭാവനകളൊന്നും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ പോലും കലണ്ടർ നിർമ്മാണത്തിൽ അവർ ബഹുദൂരം മുന്നേറി. ചന്ദ്രന്റെ ചലനത്തെ അടിസ്ഥാനമാക്കി റോമിൽ നിലനിന്നിരുന്ന, വർഷത്തിൽ 354 ദിവസങ്ങളുള്ള കലണ്ടർ അവർ 365 ദിവസമുള്ള സൗരവർഷകലണ്ടറാക്കി പരിഷ്ക്കരിച്ചു. അത് ജൂലിയസ് സീസറിന്റെ കാലത്താണ്. ഒരു മാസത്തിന് ജൂലൈ എന്ന പേരുവന്ന തങ്ങിനെയാണ്. പിന്നീട് അഗസ്റ്റസ് സീസറിന്റെ കാലത്ത് മാസങ്ങൾ പുനഃക്രമീകരിക്കുമ്പോൾ ആഗസ്റ്റുമാസവുമുണ്ടായി. പരിഷ്ക്കരണത്തിനുമുമ്പുള്ള കലണ്ടറാണ് ഇന്നും അറബികൾ ഹിജറാവർഷമായി പിന്തുടരുന്നത്. കൃഷി ഒരു പ്രധാന വിഷയമാകാത്ത മരുഭൂമിയിലെ ജനതയ്ക്ക് സൗരകലണ്ടർ അത്ര ഒഴിച്ചുകൂടാത്തതല്ല.

ഈജിപ്തിലും ഗ്രീസിലും മറ്റും കാണുന്നതുപോലെ ഭീമാകാരങ്ങളായ കോട്ടമതിലുകളും സ്മാരകസ്തൂപങ്ങളും ദേവാലയങ്ങളും നിർമ്മിക്കുന്നതിനു പകരം റോമാക്കാർ കൊട്ടാരങ്ങളും പള്ളികളും തീയേറ്ററുകളും റോഡുകളും പാലങ്ങളും മറ്റും ഉൾപ്പെടുന്ന സിവിൽ എഞ്ചിനീയറിംഗ് ജോലികൾക്കാണ് പ്രാധാന്യം നൽകിയത്. അതിനുള്ള ടെക്നോക്രസിയുടെ സംഘമികവ് അവർ നേടിയെടുത്തു. ഭരണകൂടം, പണികൾ കോൺട്രാക്ട് നൽകുന്ന രീതിയുടെ തുടക്കവും റോമിലാണ്.

ജനാധിപത്യവും ഏകാധിപത്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ രാഷ്ട്രീയമായും താത്ത്വികമായും നടക്കുമ്പോൾതന്നെ റോമാസാമ്രാജ്യത്തിൽ അടിമത്തം ശക്തമായിരുന്നു. ഉടമയും അടിമയും തമ്മിലുള്ള തൊഴിൽ ബന്ധം ഒരു തരത്തിലും സൗഹാർദ്ദപരമല്ലായിരുന്നതിനാൽ ഉദ്പാദനം അലങ്കോലപ്പെട്ടിരുന്നു എന്നത് എടുത്തുപറയേണ്ടതായിട്ടുണ്ട്. ഗതികെട്ട അടിമകൾ സംഘടിച്ച് സ്പാർട്ടാക്കസ് എന്ന യോധാവിന്റെ നേതൃത്വത്തിൽ വിപ്ലവമുണ്ടാക്കുന്നസ്ഥിതിയെത്തി.പ്രക്ഷോഭകാരികളെ കീഴടക്കി വിചാരണ ചെയ്ത് നിരനിരയായി കുരിശിൽ തറച്ചു. എല്ലാ വിപ്ലവങ്ങളേയും പോലെ പരാജയത്തിനുശേഷമുള്ള ഗുണഫലങ്ങളനുഭവിക്കുവാൻ പിൻതലമുറയ്ക്കാണ് യോഗമുണ്ടായത്. ഉത്പാദന ഉപാധികൾ സമൂഹത്തെ നാടുവാഴിത്ത വ്യവസ്ഥയിലേക്കു നയിച്ചു. ക്രമേണ നാടുവാഴിത്തവ്യവസ്ഥ യൂറോപ്പാകെ വ്യാപരിച്ചു. കുതിരപ്പടയാളികളുടെ സംഘങ്ങൾ കർഷകരെയും കർഷകത്തൊഴിലാളികളെയും പിഴിയുന്ന ഒരു വാഴ്ചയായിരുന്നു അത്. പടയാളികളിൽ പകുതിയും പിടിച്ചു പറിക്കാരും അപഹർത്താക്കളുമായി മാറി. അതായത് മുകളിലേയ്ക്കു നൽകേണ്ട വിഹിതം സ്വകാര്യമായി അനുഭവിച്ചു. ഒരുതരം ഗുണ്ടാപ്പിരിവാണ് നടന്നുവന്നത്.

ഈ സ്ഥിതിക്കു പരിഹാരമാകുക എന്ന നിലയ്ക്കുകൂടിയാണ് മതം സജീവമായി രംഗത്തുവന്നത്. മതം അതിന്റെ ധാർമ്മികത പ്രചരിപ്പിക്കുന്നതിനോടൊപ്പം രാഷ്ട്രീയത്തിലും പിടിമുറുക്കി. പഴയ റോമാസാമ്രാജ്യത്തിന്റെ പതനത്തിന്റെ മൂന്നു നൂറ്റാണ്ടുകൾക്കുശേഷം രാജ്യവും, സമൂഹവും ഉയർത്തെഴുന്നേൽക്കുവാനുള്ള വ്യഗ്രതയാണ് ഇതിലൂടെ കാണാനിടയാക്കിയത്. ഇതുകൊണ്ടുണ്ടായ അനന്തരഫലം, വേഷഭൂഷാദികളോടെയുള്ള പൗരോഹിത്യശ്രേണി, ആചാരാനുഷ്ഠാനങ്ങളുടെ അതിപ്രസരം, ദൈവസൃഷ്ടിയായ ഭൗമകേന്ദ്രപ്രപഞ്ചത്തിലുള്ള ഉറച്ച വിശ്വാസം, പുണ്യസത്യവേദപുസ്തകത്തിന്റെ അപ്രമാദിത്വം എന്നീ നാലുഘടകങ്ങളിലൂന്നിയ സാമൂഹ്യ നിർമ്മിതായണ്. ജീവിതം ഈ കെട്ടുപാടിൽ കുരുങ്ങിക്കിടന്ന പശ്ചാത്തലത്തിലാണ് റോമിന്റെ സാമ്പത്തിക, സാങ്കേതിരംഗം രൂപപ്പെടുന്നത്.

ഏച്ചുകെട്ടിയപോലെ പലപ്പോഴും അവിടവിടെ മുഴച്ചുനിന്ന ഈ സമൂഹ

നിർമ്മിതിയുടെ പ്രതിഫലനം പോലെ തന്നെയായിരുന്നു പിന്നീടുള്ള റോമിന്റെ വാസ്തുവിദ്യ. ആരാധനാലയങ്ങളെ മോടിപിടിപ്പിക്കാനുള്ള വ്യഗ്രത, വാസ്തുഘടനയ്ക്കു ചേരാത്ത അലങ്കാരങ്ങൾ അതിൽ പറ്റിച്ചുവയ്ക്കുവാനും ഒട്ടിച്ചുചേർക്കാനുള്ള പ്രവണതയിലേയ്ക്കു വഴിതിരിഞ്ഞു. അങ്ങിനെ സൗന്ദര്യത്തിന്റെ അനുപാതത്തെ അലോസരപ്പെടുത്തുന്ന നിർമ്മിതികളുടെ നിരകൾതന്നെ ഉയർന്നു. എങ്കിലും ഭാഗങ്ങളെ ഒറ്റയ്ക്കൊറ്റയ്ക്കെടുക്കുമ്പോൾ അവയിൽ ശില്പിയുടെ കലാവിരുത് കാണുകയും ചെയ്യുമായിരുന്നു. മനോഹരങ്ങളായ കമാനങ്ങൾ ബലത്തെ സമതുലിതമായി നിർത്തുന്നതായിരുന്നു എന്നത് സാങ്കേതിക മികവു കൂടിയായിരുന്നു. ഇത് റോമാക്കാരുടെ കയ്യൊപ്പു പതിഞ്ഞ ഒരു നിർമ്മാണ വിദ്യയാണ്. മറ്റൊന്ന് ചുണ്ണാമ്പും ചരലും ചല്ലിയും ചേർന്നുള്ള കോൺക്രീറ്റ് മിശ്രിതമായിരുന്നു.

വെള്ളം ജലസേചനത്തിനായി കൊണ്ടുപോകുന്നതിനുള്ള ചാലുകൾക്കു പുറമേ അത് ഉയരത്തിലൂടെ കൊണ്ടുപോകാനുള്ള പാത്തിപ്പാലങ്ങളും അവർ നിർമ്മിച്ചിരുന്നു. പമ്പിംഗ് ഇല്ലായിരുന്ന അക്കാലത്ത് ഒഴുക്ക് സുഗമമാക്കും വിധത്തിൽ വെള്ളപ്പാത്തികളുടെ ചരിവ് സൂക്ഷ്മമായി നിലനിർത്തിയിരുന്നു. രഥചക്രങ്ങൾക്ക് സ്വച്ഛമായി ഉരുളുവാൻ തക്കവണ്ണം ഉറപ്പുള്ള റോഡുകൾ നിർമ്മിക്കുന്നതിലും അവർ വൈദഗ്ധ്യം നേടി. അണക്കെട്ടുകൾ, പാലങ്ങൾ, തുരങ്കങ്ങൾ തുടങ്ങിയവയുടെ നിർമ്മിതികളിലും റോമാക്കാരുടെ കൈപ്പുണ്യം ദൃശ്യമാണ്.

യുദ്ധത്തിന് സദാ സർവ്വം സജ്ജമായിരിക്കുക എന്നതാണ് സമാധാനത്തിന്റെ കാതൽ എന്ന വിശ്വാസം തന്നെയായിരുന്നു റോമിന്റെ പ്രതിരോധതന്ത്രം. ആയുധങ്ങളും ആയോധനതന്ത്രങ്ങളും ആയുധസാങ്കേതികതയും അവർ എമ്പാടുനിന്നും സ്വാഗതം ചെയ്ത് സ്വീകരിച്ചിരുന്നു. ആയുധങ്ങൾ നിർമ്മിക്കുകയും പരിഷ്ക്കരിക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുന്ന വിദഗ്ധരും പണിശാലകളും എവിടെയും സജ്ജമായിരുന്നു. മാത്രമല്ല യുദ്ധകാലത്ത്, റോഡും പാലവും നിർമ്മിക്കലും പരിപാലനവും ത്വരിതഗതിയിൽ നിർവഹിക്കുവാൻ കെല്പുള്ള സംഘങ്ങളും സേനയുടെ ഭാഗമായിത്തന്നെ ഉണ്ടായിരുന്നു. കോട്ടകൾക്കുമുകളിൽ പെടച്ചുകയറുവാനുള്ള കോണികളും കോട്ട പൊളിക്കാനുള്ള ആയുധങ്ങളും അവരുടെ സജ്ജീകരണങ്ങളുടെ ഭാഗമായിരുന്നു. ഇത്തരത്തിലുള്ള മികവുകളാണ് അവരുടെ പ്രതിരോധത്തിന്റെയും ആക്രമണത്തിന്റെയും ശക്തിയായി വർത്തിച്ചത്. പൊതുസാങ്കേതിക മികവിലുണ്ടായിരുന്ന ഇടിവ് അവർ പരിഹരിച്ചത് ആസൂത്രണത്തിന്റെ മികവുകൊണ്ടാണ്. ഇതൊന്നും തന്നെ സ്ഥായിയായി നിലനിന്നില്ല. അദ്ധ്വാനത്തോടുള്ള അവജ്ഞയും സാങ്കേതികതയുടെ പിന്നോക്കാവസ്ഥയും ക്രമേണ അവരുടെ പ്രതിരോധശേഷിയേയും ആക്രമണസന്നദ്ധതയേയും മന്ദീഭവിപ്പിച്ചു.

****

# കർണ്ണ രോഗങ്ങൾ

ഡോ. പാർവ്വതി. കെ. എസ്.

ശരീരത്തിന്റെ ബാലൻസ് കാത്തുസൂക്ഷിക്കുന്നത് മൂന്ന് ഘടകങ്ങൾ ചേർന്നാണ്. കാഴ്ച, പേശീ - നാഡീവ്യൂഹം, ആന്തരാകർണം എന്നിവയാണിവ. ഇവയിൽ ഏതെങ്കിലും ഒന്ന് തകരാറിലാകുമ്പോഴാണ് ബാലൻസ് നഷ്ടപ്പെടുന്നത്. വെസ്റ്റിബ്യൂളിനുണ്ടാകുന്ന തകരാറാണ് ചെവിയുടെ ബാലൻസ് തെറ്റാൻ ഇടയാകുന്നത്.

ആന്തരാകർണത്തിലെ രണ്ട് പ്രധാനപ്പെട്ട അവയവങ്ങളാണ് കേൾവിയുടെ ഭാരമായ കോക്ലിയയും, ബാലൻസ് നി യന്ത്രിക്കുന്ന വെസ്റ്റിബ്യൂളും (vestibule) അർധവൃത്താകൃതിയിലുള്ള കനാലുകൾ, യൂട്രിക്കിൾ, ഡാക്യൂൾ എന്നിവ ഉൾപ്പെടുന്നതാണ് വെസ്റ്റിബ്യൂൾ. തലയുടെ റൊട്ടേഷണൽ ചലനങ്ങൾക്കനുസരിച്ച് പ്രതികരിക്കുകയാണ് അർധവൃത്താകൃതിയിലുള്ള കനാലുകളുടെ ധർമ്മം. ഗുരുത്വാകർഷണത്തിനനുസരിച്ചും തലയുടെ മുന്നോട്ടും പിന്നോട്ടുമുള്ള ചലനങ്ങൾക്കനുസരിച്ചും (linear acceleration) പ്രതികരിക്കുകയാണ് വെസ്റ്റിബ്യൂളിന്റെ ദൗത്യം.

ചെവിയുടെ ബാലൻസ് തെറ്റുന്നതുമായി ബന്ധപ്പെട്ട് അനേകം രോഗാവസ്ഥകളുണ്ട്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട രോഗങ്ങളെക്കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്.

### ബിനൈൻ പരോക്സിമൽ പൊസിഷനൽ വെർട്ടിഗോ(Benign paroxysnal positional verligo)

തലചുറ്റലുമായി ഡോക്ടറെ കാണുന്നവരിൽ ഏറിയപങ്കും മേൽപറഞ്ഞ രോഗാവസ്ഥയിലുള്ളവരായിരിക്കും. ചെവിക്കുള്ളിലെ കാൽസ്യം കാർബണേറ്റിന്റെ ചെറിയ ക്രിസ്റ്റലുകളായ ഓട്ടോകോണിയ അടങ്ങിയിരിക്കുന്നത് ഓട്ടേണിയൽ സ്തരത്തിലാണ്. ഈ സ്തരത്തിൽ ചെറിയ തകരാറുകൾ ഉണ്ടാകുമ്പോഴാണ് ഓട്ടോകോണിയ പുറത്തെത്തി അർദ്ധവൃത്താകൃതിയിലുള്ള കനാലുകളിലെത്തിച്ചേരുന്നത്. അതോടെ ഈ കനാലുകളിലെ ദ്രാവകത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സമുണ്ടാക്കുന്നു. അപ്പോഴാണ് തലചുറ്റൽ ഉണ്ടാകുന്നത്.

### ലക്ഷണങ്ങൾ (Symptoms)

രാവിലെ കട്ടിലിൽ നിന്ന് എഴുന്നേൽക്കുമ്പോൾ നിമിഷ നേരത്തേക്ക് കൺമുന്നിൽ കറങ്ങുന്നതായി തോന്നുകയാണ് ഇതിന്റെ ലക്ഷണം. വളരെ ചെറിയ സമയത്തേക്ക് മാത്രമാണ് ഇത്തരത്തിലുള്ള ലക്ഷണമുണ്ടാകുന്നത് തല ചുറ്റി ചിലർ വീഴാറുണ്ട്. പ്രായമായവരിലും കിടപ്പുരോഗികളിലുമാണ് ഈ പ്രശ്നം കൂടുതലായി ഉണ്ടാകുന്നത്. രോഗികൾക്ക് കേൾവിത്തകരാറുകളൊന്നും ഉണ്ടായിരിക്കില്ല.

പെട്ടെന്നുള്ള തലയുടെ ചലനങ്ങൾ, കിടക്കയിൽ ഉരുളുന്നത്. കുനിയുന്നത്, തലയ്ക്ക് ഏൽക്കുന്ന പരിക്കുകൾ, തല അനക്കാതെ ദീർഘനേരം ഒരേ പൊസിഷനിൽ വെയ്ക്കുന്നത്, കഠിനമായ ശാരീരിക വ്യായാമം എന്നിവയെല്ലാം ഇതിനുള്ള സാധ്യത കൂട്ടും.

ചികിത്സ തേടുന്നതിനൊപ്പം ശ്രദ്ധിക്കേണ്ട ചില മുൻകരുതലുകൾ ഉണ്ട്. ഈ രോഗാവസ്ഥയുള്ളവർ ഡ്രൈവിങ്, നീന്തൽ എന്നിവ ഒഴിവാക്കണം. വീട്ടി

ലും, പുറത്തു പോകുമ്പോഴും ഒറ്റയ്ക്കാകാനുള്ള സാഹചര്യമുണ്ടാകരുത്. പെട്ടെന്ന് ബാലൻസ് നഷ്ടപ്പെട്ട് വീണാൽ പരസഹായം ലഭിക്കാതെ പോകുമെന്നതിനാലാണ് ചികിത്സ ഡോക്ടർ നിർദ്ദേശിക്കുന്ന കാലയളവിൽ മുടങ്ങാതെ ചെയ്യണം. നടുവിനോ കഴുത്തിനോ പ്രശ്നമുള്ളവർ പ്രത്യേക വ്യായാമ രീതികൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം ചെയ്യണം.

## മെനിയേർസ് ഡിസീസ്

ബാലൻസ് തെറ്റിക്കുന്ന മറ്റൊരു രോഗാവസ്ഥയാണ് മെനിയേർസ് ഡിസീസ്. ചെവിക്കുള്ളിലെ എൻഡോലിംഫ് എന്ന ദ്രാവകത്തിന്റെ അളവിലുണ്ടാകുന്ന അപാകമാണ് ഈ പ്രശ്നത്തിന് കാരണമെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. രോഗം ഗുരുതരമായാൽ കേൾവി ശക്തി നഷ്ടപ്പെടാനിടയുണ്ട്. ഒരു ചെവിയെയാണ് സാധാരണയായി ഇത് ബാധിക്കുന്നത്.

## കാരണങ്ങൾ (CAUSES)

കോക്ലിയക്കുള്ളിൽ നിറഞ്ഞിരിക്കുന്ന എൻഡോലിംഫ് ദ്രാവകത്തിന്റെ അളവ് ക്രമാതീതമായി ഉയരുമ്പോൾ റിസ്നേഴ്സ് സ്തരത്തിന് പൊട്ടലുണ്ടാകുന്നു. അപ്പോൾ പൊട്ടാസ്യം അയേണുകളുടെ അളവിൽ വ്യതിയാനമുണ്ടാകുന്നു. അത് താത്കാലികമായി ആന്തരകർണ്ണത്തിലെ കോശങ്ങൾക്ക് നാശമുണ്ടാക്കുകയും ചെയ്യുന്നു. ഇതോടെ തലചുറ്റലുണ്ടാകുന്നു. ചിലരിൽ ഇത് ദിവസത്തിൽ പല തവണ ഉണ്ടാകാറുണ്ട്. ഓരോ തവണയും ഇത്തരം അറ്റാക്ക് ഉണ്ടാകുമ്പോൾ ആന്തരികകർണത്തിലെ കോശങ്ങൾ അല്പാല്മായി നശിച്ച് കേൾവിശക്തി കുറയും. ഇത് പിൽക്കാലത്ത് പൂർണ്ണമായ ബധിരതയ്ക്ക് കാരണമാകും.

## ലക്ഷണങ്ങൾ (synptons)

ഇടയ്ക്കിടെ തലചുറ്റൽ ഉണ്ടാകുന്നു. 20 മിനിറ്റ് മുതൽ മണിക്കൂറുകളുടെ ഇടവേളകളിൽ ഇതുണ്ടാകാം. കേൾവി കുറയുന്നു. ചെവിക്കുള്ളിൽ മണിയടിക്കുന്നതു പോലെയോ മുഴങ്ങുന്നതുപോലെയോ തോന്നുന്നു. ചെവിയിലെ അസ്വസ്ഥതകൾ ചിലരിൽ മണിക്കൂറുകൾ നീണ്ടു നിൽക്കാൻ സാധ്യതയുണ്ട്. ഈ ലക്ഷണങ്ങളെല്ലാം രോഗികളിൽ ഒരേ സമയത്താണ് ഉണ്ടാകുന്നു എന്നത് ഈ അസുഖത്തിന്റെ പ്രത്യേകതയാണ്.

മെനിയേർസ് ഡിസീസിന്റെ സമാനലക്ഷണം ഉണ്ടോയെന്നാണ് ആദ്യം നോക്കുന്നത്. ഇതിനുശേഷം രോഗിയെ വിശദമായി പരിശോധിക്കും. ഈ രോഗം പൂർണ്ണമായി ഭേദമാക്കാൻ സാധ്യമല്ല. എന്നാൽ തലചുറ്റൽ കുറയ്ക്കാനുള്ള മരുന്നുകൾ ലഭ്യമാണ്.

ചെവിയിൽ മൂളലും മറ്റു അനുബന്ധ ലക്ഷണങ്ങളും അനുഭവപെടുമ്പോൾ ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള മരുന്ന് ഉടൻ കഴിക്കണം. തലചുറ്റൽ ഉണ്ടാകുമ്പോൾ സ്വസ്ഥമായി ഇരിക്കുകയോ കിടക്കുകയോ ചെയ്യുക. ബാലൻസ് നഷ്ടപെട്ട് വീഴുമെന്ന് മനസ്സിലാക്കി പരിക്കേൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക. ഡ്രൈവിങ്ങ്, നീന്തൽ തുടങ്ങിയവ ചെയ്യരുത്. പുകവലി ഉപേക്ഷിക്കുക.

## ലേബ്രിന്തിറ്റിസ്

ആന്തരകർണത്തിനുണ്ടാകുന്ന അണുബാധയാണിത്. വൈറസ് മൂലമോ ബാക്ടീരിയ മൂലമോ അണുബാധയുണ്ടാകാം. കോക്ലിയയേയും വെസ്റ്റിബ്യൂളിനേയും ഇത് ബാധിക്കാറുണ്ട്. മധ്യകർണത്തിന് ഉണ്ടാകുന്ന അണുബാധയും ആന്തരകർണത്തെ ബാധിക്കാറുണ്ട്. മെനിഞ്ചൈറ്റിസ് മൂലവും ആന്തരകർണം സ്ഥിതിചെയ്യുന്ന ഭാഗത്തെ എല്ല് ദ്രവിക്കുന്ന രോഗാവസ്ഥ മൂലവും രക്തത്തിൽ കൂടിയും അണുബാധയുണ്ടാകാൻ സാധ്യതയുണ്ട്.

### ലക്ഷണങ്ങൾ (symptoms)

പനി, ഛർദ്ദി, ക്ഷീണം കേൾവിശക്തി കുറയൽ, പെട്ടെന്ന് തലചുറ്റൽ, കിടപ്പാകൽ, കണ്ണിന്റെ അസ്വാഭാവിക ചലനങ്ങൾ എന്നിവ.

### രോഗനിർണ്ണയം

രോഗിയെ വിശദമായി പരിശോധിക്കുകയാണ്. ആദ്യഘട്ടത്തിൽ ചെയ്യുന്നത്. തുടർന്ന് കേൾവി പരിശോധന, സ്കാനുകൾ തുടങ്ങിയവയും വേണ്ടിവരും. ആവശ്യമെങ്കിൽ ന്യൂറോളജിസ്റ്റിന്റെ സേവനം വേണ്ടി വരും.

### ചികിത്സ

അണുബാധ ഏതുതരമാണെന്ന് കണ്ടെത്തി ചികിത്സ തേടണം.

### ശ്രദ്ധിക്കേണ്ടത്

ചെവിയിൽ പഴുപ്പുള്ളവർ ഉടനെ ചികിത്സ തേടണം. മെനിഞ്ചൈറ്റിസ് രോഗമുള്ളവരുടെ കേൾവി ശക്തി പരിശോധിക്കണം. ശരീരത്തിൽ എന്തെങ്കിലും അണുബാധ ഉണ്ടെങ്കിൽ അത് ഗുരുതരമാകാതിരിക്കാൻ ശ്രദ്ധിക്കണം.

## വെസ്റ്റിബ്യൂലർ ന്യൂറൈറ്റിസ്

തലയുടെസ്ഥാനചലനത്തെക്കുറിച്ചും ബാലൻസിനെക്കുറിച്ചും മസ്തിഷ്കത്തിലേക്കു സന്ദേശങ്ങളെത്തിക്കുന്ന ചെവിക്കുള്ളിലെ നാഡിയാണ് വെസ്റ്റിബ്യൂലോ കോക്ലിയർ നാഡി. ഇതിനുണ്ടാകുന്ന നീർക്കെട്ടാണ് വെസ്റ്റിബ്യൂലർ ന്യൂറൈറ്റിസ്. ഇതോടെ മസ്തിഷ്കത്തിലേക്കുള്ള സന്ദേശസംവിധാനം തകരാറിലാകുന്നു. ഇതോടെ തലയുടെ ചലനങ്ങളെ സംബന്ധിച്ച് മസ്തിഷ്കത്തിന് വിവരം ലഭിക്കാതെ വരുന്നു. ഇതാണ് ബാലൻസ് നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നത്. തലചുറ്റലും ഛർദ്ദിയും മൂലം രോഗി രണ്ടോ മൂന്നോ ആഴ്ച കിടപ്പിലാകാനിടയുണ്ട്. കേൾവി ശക്തിയെ ഇത് ബാധിക്കില്ല. ഇത്തരം രോഗികളിൽ പലരിലും രോഗാവസ്ഥ തുടങ്ങുന്നതിനു ഒന്നോ രണ്ടോ ആഴ്ച മുമ്പ് പനി ഉണ്ടാകാറുണ്ട്.

### ലക്ഷണങ്ങൾ (symptoms)

പെട്ടെന്നുണ്ടാകുന്ന തലചുറ്റൽ, ബാലൻസ് തെറ്റുന്നതായി അനുഭവപ്പെടൽ. ഛർദ്ദി എന്നിവയാണ് ലക്ഷണങ്ങൾ.

## അക്കനെസ്റ്റ്ക് ന്യൂറോമ

ചെവിക്കുള്ളിൽ നിന്ന് മസ്തിഷ്കത്തിലേക്ക് സന്ദേശങ്ങളെത്തിക്കുന്ന വെസ്ബ്യൂലർ നാഡിയിൽ ഉണ്ടാക്കുന്ന വളർച്ചകളാണ് അക്കൗസ്റ്റിക് ന്യൂറോമ. ശരീരത്തിന്റെ ബാലൻസ് തെററുകയും കേൾവിശക്തി കുറയലുമാണ് സാധാരണ കണ്ടുവരുന്നത്. അപൂർവ്വമായി രണ്ട് ചെവിയിലും വരാം. രോഗം ബാധിച്ച ചെവിക്കുള്ളിൽ മുഴക്കം ഉണ്ടാകാം. അപൂർവ്വമായി തലചുറ്റലും ഉണ്ടാകാറുണ്ട്.

### രോഗനിർണ്ണയം

ആദ്യം രോഗിയെ വിശദമായി പരിശോധിക്കും ന്യൂറോളജിക്കൽ ക്ലിനിക്കൽ പരിശോധനകൾ നിർബന്ധമാണ്. തുടർന്ന് കേൾവിശക്തി പരിശോധന സ്കാനുകൾ എന്നിവ വഴി രോഗ നിർണ്ണയം നടത്താം. ഇതുവഴി ട്യൂമറിന്റെ വലിപ്പം നിർണ്ണയിക്കാം.

### ചികിത്സ


ലക്ഷണങ്ങൾ കുറയ്ക്കാനുള്ള ചികിത്സ മാത്രം മതിയാകും. ആറു മാസത്തിലൊരിക്കൽ സ്കാൻ എടുത്ത് ട്യൂമർ വലുതാവുന്നുണ്ടോയെന്ന് നിരീക്ഷിക്കണം. ട്യൂമർ പെട്ടെന്ന് വളരുകയാണെങ്കിൽ സർജറി തുടങ്ങിയ ചികിത്സാ രീതികൾ ചെയ്യേണ്ടി വരും.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2022 മാർച്ച് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. ശ്യാമള ഗോപിനാഥ്, ഡി.ഡി.ഡയമണ്ട് വാലി, 205 F ഇടച്ചിറ, കാക്കനാട് | 25,000/- |
| 2. | ശ്രീമതി. ലളിത. എ. പി., മാധവം, സന്നിധി ലെയിൻ, രവിപുരം | 10,000/- |
| 3. | ശ്രീ. ജയരാമൻ. കെ. കുററിക്കാട്ട് ഹൗസ്, ചിററൂർ റോഡ്, എറണാകുളം | 9,100/- |
| 4. | ശ്രീ. രാമചന്ദ്രൻ. എം. A -1, പ്ലാററിനം വിസ്ത, ശാസ്താ ടെംബിൾ റോഡ് | 7,000/- |
| 5. | ശ്രീ. സുരേഷ് എസ്., പുല്ലാട്ട്, ഗുഡ് എർത്ത് ലെയിൻ, ചളിക്കവട്ടം | 5,001/- |

## 2022 മാർച്ച് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**കൃഷ്ണമൂർത്തി ചേന്നാട്ട്**
L/1206, പ്രിയദർശിനി
ചിറ്റൂർ റോഡ്,
കൊച്ചി-35




**കെ.എ. ചന്ദ്രശേഖര മേനോൻ**
L/0440, ഉഷസ്സ്.
കടവന്ത്ര
കൊച്ചി-20



**പി.എസ്. അപ്പുകുട്ടൻ പിള്ള**
L/4629, ഐശ്വര്യ, 44/1536
കലൂർ
കൊച്ചി-17



**വിജയകുമാർ. ഇ**
L/1498, ഉഷസ്സ്,
ചമ്പാടി റോഡ്,
എളമക്കര, കൊച്ചി-26



**രാജലക്ഷ്മി പണിക്കർ**
L/2245, മായാവിഹാർ
കരിമ്പറ്റ റോഡ്,
കൊച്ചി-16

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

**0484 2361161**
ചൈത്രത്തിലെ സേവനം തികച്ചും
സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ
6 മണി വരെ

# ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ: അതിജീവിക്കുമോ മനുഷ്യൻ?

**എൻ. രാജശേഖരൻ നായർ - ഫോൺ - 9895550719**

*(തുടർച്ച)*

സമുദ്രം മനുഷ്യന്റെയെന്നല്ല, ഈ ലോകത്തിലെ സർവ്വ ജീവജാലങ്ങളുടെയെല്ലാം പ്രോട്ടീന്റെ ഉറവിടമാണ്. മത്സ്യബന്ധനം, ഗതാഗതം അങ്ങനെ എത്ര എത്ര മേഖലകളിൽ ലോകത്തിലെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് സമുദ്രം. ഈ മലിനീകരണത്തിന് ഒരു അവസാനം ഉണ്ടായേ മതിയാകൂ. വ്യക്തികളിലും, സമൂഹത്തിലും രാഷ്ട്രങ്ങളിലും സമുദ്രത്തോടുള്ള സമീപനത്തിൽ സമഗ്രമായ ഒരു മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. മാലിന്യങ്ങൾ കടലിലെത്താതെ നോക്കേണ്ടിയിരിക്കുന്നു. മാലിന്യങ്ങൾ കടലിലെത്താതെയിരിക്കണമെങ്കിൽ അവ പുഴയിലെത്താതെ നോക്കണം. പ്ലാസ്റ്റിക്ക് കവറുകൾ നിരോധിച്ചതുകൊണ്ട് എല്ലാമായി എന്ന് കരുതി കണ്ണുമടച്ച് ഇരിക്കരുത്. അന്തരീക്ഷത്തിലെ ചൂട് വലിച്ചെടുക്കുന്നതിലും ഓക്സിജനെ പുറത്തേക്ക് വിടുന്നതിനും സമുദ്രങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്.

പ്രകൃതിയോടുള്ള മനുഷ്യന്റെ എണ്ണമറ്റ പ്രതിപ്രവർത്തനങ്ങൾക്ക് ഒരു പൂർണ്ണവിരാമമിടുന്നതിനുള്ള സമയം ഇതാ എത്തിയിരിക്കുന്നു. അല്ലാതെ ഒരു പോംവഴിയും ഫലപ്രാപ്തിയിലെത്തുകയില്ല. ദുരന്തങ്ങളും ഇനി സംഭവിക്കാൻ പോകുന്ന അതിതീവ്രദുരന്തങ്ങളുമെല്ലാം കാലാവസ്ഥാ വ്യതിയാനവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. മനുഷ്യനും പ്രകൃതിയുടെ ഒരു ഭാഗമാണെന്ന സത്യം നാം അംഗീകരിക്കണം. ഭൂമിയിലുള്ളതെല്ലാം നമ്മുടെ മാത്രമാണെന്ന മിഥ്യാധാരണ അവസാനിപ്പിക്കണം. മിതത്വത്തിലേയ്ക്കും ദയയിലേയ്ക്കും കരുണയിലെയ്ക്കും മനപൂർവ്വമായ ഒരു മാറ്റം ഓരോരുത്തരിലും ഉണ്ടാക്കിയെടുക്കണം. മരുഭൂമിയും ശവപറമ്പും മാലിന്യകൂമ്പാരവുമായി മാറികഴിഞ്ഞ നമ്മുടെ ഭൂമിയെ മനോഹരവും ജൈവസമ്പത് സമൃദ്ധവുമായി മാററിയെടുക്കണം അതിന് തയ്യാറാകുമെങ്കിൽ നന്ന്.

## പരിഹാരമാർഗ്ഗങ്ങൾ ചുരുക്കത്തിൽ

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കർശനമായി കുറയ്ക്കണം. അതും സമയ ബന്ധിതമായി തന്നെ ചെയ്യണം. ഗതാഗത സംവിധാനം കാര്യക്ഷമമാക്കണം. കഴിയുന്നതും യാത്രയ്ക്ക് തീവണ്ടിയെ തന്നെ ആശ്രയിക്കണം. അതിനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കണം. നിരത്തുകളിലെ ഇലക്ട്രിക് വാഹനങ്ങൾ, ഹൈഡ്രജൻ

വാഹനങ്ങൾ എന്നിവ വ്യാപകമാക്കണം. ഇപ്രകാരമുള്ള വാഹനങ്ങളുടെ വ്യാപനത്തിന് ഗവൺമെന്റുകൾ കാര്യമായി തന്നെ സഹായിക്കണം.

കൃത്രിമ വനങ്ങൾ, മരങ്ങൾ എന്നിവ ധാരാളമായി വച്ച് പിടിപ്പിക്കണം. അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുക്കുന്നതിൽ മരങ്ങളൾക്കുള്ള പങ്ക് അനുപമമാണ്.

സമുദ്രമലിനീകരണം കർശനമായി തന്നെ തടയണം. പുഴകൾ, തണ്ണീർ തടങ്ങൾ, ചതുപ്പുകൾ എന്നിവ യാതൊരു കാരണവശാലും നികത്താൻ അനുവദിക്കരുത്. കരിങ്കൽ ക്വാറികൾ ഉടനടി അടച്ച് പൂട്ടണം. പരിസ്ഥിതി പ്രശ്നങ്ങളിൽ ജനങ്ങളെ ബോധവന്മാരാക്കണം.

കാർബൺ ഡൈ ഓക്സൈഡിന്റെ ബഹിർഗമനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ ചൈന, യു. എസ്സ്, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളാണ്. ഇത്രയും ഗുരുതരമായ ഭീഷണികൾ ഉയർത്തുന്ന ഈ അവസ്ഥയിലും അതിസമ്പന്നരായ ഒരു കൂട്ടം ആളുകൾ നടത്തുന്ന ബഹിരാകാശ ടൂറിസവും, ബഹിരാകാശ യാത്രകളും ഭൂമിയെ എവിടെ കൊണ്ടെത്തിക്കും എന്ന് ചിന്തിക്കേണ്ടതുണ്ട്.

മണ്ണ്, വായു, സമുദ്രം, പുഴകൾ എന്നിവ മലിനമാക്കിയും, നെൽവയലുകൾ, തണ്ണീർ തടങ്ങൾ എന്നിവ നികത്തിയും, കുന്നുകളും മലകളും ഇടിച്ച് നിരത്തിയും, വനങ്ങൾ കയ്യേറിയും പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തിയ എണ്ണമറ്റ വൃത്തികെട്ട ഇടപെടലുകൾ ഭൂമിയിലെ സമസ്ത ജീവജാലങ്ങളുടെയും സർവ്വനാശത്തിന്റെ വക്കിൽ എത്തിച്ച് കഴിഞ്ഞിരിക്കുകയാണ്. ആഗോള താപനവും അടിക്കടിയുള്ള കാലാവസ്ഥ മാറ്റങ്ങളും ഈ പ്രപഞ്ചത്തിലെ ജീവൻ തുടിക്കുന്ന ഒരേ ഒരു ഗ്രഹമായ ഭൂമിയെ ദുരാഗ്രഹിയായ മനുഷ്യൻ എവിടെ കൊണ്ടെത്തിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഈ ഒരു അവസ്ഥയിൽ പോലും ഏറ്റവും വലിയ ലാഭം കൊയ്യാൻ പറ്റിയ വ്യവസായമെന്ന കണക്കുകൂട്ടലിൽ കണ്ടെത്തിയിരിക്കുന്നത് ഭ്രമണം ഭേദിച്ചുകൊണ്ടുള്ള വിനോദസഞ്ചാര മേഖലയാണ്.

ശാസ്ത്രീയാവശ്യങ്ങൾക്ക് വേണ്ടിമാത്രം നിർമ്മിച്ചാതാണെന്ന് വിവക്ഷിച്ചിരുന്ന അന്തർദ്ദേശീയ ബഹിരാകാശനിലയത്തിൽ ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനും, ഭ്രമണപഥത്തിൽ സ്ഥിരമായി ഒരു ഹോട്ടൽ പണിയുന്നതിനും ഒരുങ്ങുകയാണ് ഓർബിറ്റർ അസംബ്ലി കോർപ്പറേഷൻ എന്ന ശതകോടീശ്വരന്മാകുടെ കമ്പനി. 280 ടൂറിസ്റ്റുകൾക്ക് താമസിക്കാൻ കഴിയുന്ന ബഹിരാകാശ ഹോട്ടൽ 2027 ൽ പണിപൂർത്തിയാക്കി തുറന്ന് കൊടുക്കുന്നതാണ്. തീർന്നില്ല, ഭ്രമണപഥത്തിനപ്പുറത്തുള്ള ഗോളാന്തര യാത്രക്കുള്ള യാത്രാനിരക്കുകളും ഏതാണ്ട് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട് ചന്ദ്രനെ ചുറ്റി വരുന്ന ഒരു ബഹിരാകാശ യാത്രയ്ക്ക് ജാപ്പനീസ് ശതകോടീശ്വരനായ യുസാക്കുമേസാവ ഇനിയും പുറത്ത് വിട്ടിട്ടില്ലാത്ത വൻതുകയാണ് കൊടുത്തിട്ടുള്ളതത്രേ! ചന്ദ്രനെ ഒന്ന് ചുറ്റിവരാൻ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന നിരക്ക് 10 കോടി അമേരിക്കൻ ഡോളറാണ്. നാലഞ്ച് വർഷങ്ങൾക്കകം ചന്ദ്രനെ ചുറ്റി വരുന്ന യാത്രകൾ കുറഞ്ഞപക്ഷം 4,5 എണ്ണമെങ്കിലും ഉണ്ടാകും. ഇപ്പോൾ തന്നെ മൂന്ന് നാല് കമ്പനികൾ ടൂറിസം മേഖലയിൽ സജീവമായി രംഗത്തുണ്ട്.

ഇപ്പോൾ തന്നെ കാർബൺഡൈ ഓക്സൈഡിന്റെ സാന്നിദ്ധ്യം കൊണ്ട് നിറഞ്ഞ് നിൽക്കുന്ന അന്തരീക്ഷ മലിനീക

രണം ബഹിരാകാശ ടൂറിസത്തിന്റെ വരവോടെ, കുത്തനെ ഉയരുകയും, ഇപ്പോഴത്തെ കണക്കു കൂട്ടലുകൾ ആകെ തെറ്റിച്ച് കൊണ്ട്, വളരെ മുമ്പു തന്നെ ഭൂമി ചൂട് കൊണ്ട് തിളയ്ക്കുന്നതിനും സർവ്വനാശത്തിലേക്ക് പതിക്കുന്നതിനുമിടയാകുമെന്നതിൽ സംശയിക്കേണ്ടതില്ല.

## ഉയർന്നുകൊണ്ടിരിക്കുന്ന താപനിലയും ഐ.പി. സി. സി. റിപ്പോർട്ടുകളും

അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നും, അതിന്റെ ഫലമായി ആഗോളതാപനില ഉയർന്നു കൊണ്ടിരിക്കുകയാണെന്നും 1955ൽ ഗിൽബർട്ട് പ്ലാസ് എന്ന ശാസ്ത്രജ്ഞനാണ് കണ്ടെത്തിയത്. എന്നാൽ ലോകനേതാക്കന്മാരാരും തന്നെ അർഹിക്കുന്ന ഗൗരവത്തോടെ ഈ കണ്ടെത്തലിനെ വീക്ഷിച്ചില്ല. അതുകൊണ്ട് തന്നെയാവണം 1972 ൽ സ്റ്റോക്ക് ഹോം കോൺഫറൻസിൽ ഇതിന് വലിയ പ്രാധാന്യം നൽകിയില്ല. ലോകമെമ്പാടുമുള്ള ഈ താപവർദ്ധനവ് അജണ്ടയിൽ പോലും വന്നില്ല. പിന്നീട് 1982 ൽ ഓസോൺ പാളിയെ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ മോൺട്രിയൽ ഉടമ്പടി നിലവിൽ വന്നപ്പോൾ മാത്രമാണ് ആഗോള താപനത്തിന്റെ ഗൗരവം പരിഗണിക്കാനിട വന്നത്. ഇതിനും ശേഷമാണ് ഐക്യരാഷ്ട്രസഭ (UNO) യുടെ കീഴിൽ 1988 ൽ ഐ.പി.സി.സി (Inter Governmental Panel on Climate Change) (IPCC) രൂപീകൃതമായത്. അപ്രകാരം കാലാവസ്ഥാ മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ നിലവിൽ വന്ന ഐ.പി. സി. സി പുറത്തിറക്കിയിട്ടുള്ള ആധികാരിക രേഖകളാണ് ഐ.പി.സി.സി റിപ്പോർട്ടുകൾ. 1988 മുതൽ IPCC റിപ്പോർട്ടുകൾ തയ്യാറാക്കിയെങ്കിലും, ഏതാണ്ട് മുപ്പത് വർഷങ്ങൾക്കുശേഷം പോലും കാലാവസ്ഥാ വ്യതിയാനത്തിലോ, ആഗോളതാപനത്തിലൊ യാതൊരു മാറ്റവും വരുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. ഐക്യരാഷ്ട്രസഭയുടെ ഈ പാനലിൽ 195 രാജ്യങ്ങളുടെ സർക്കാരുകളും അംഗങ്ങളാണ്. ഐ. പി. സി. സിയിൽ ശാസ്ത്രജ്ഞന്മാരും, വിദഗ്ദ്ധരുമടങ്ങിയ 234 പേർ തയ്യാറാക്കിയതും, മൂവായിരത്തിലധികം പേജുകളുമുള്ള റിപ്പോർട്ടാണ് 1990 ൽ പുറത്തുവിട്ടത്. അതിന് ശേഷം പാരീസ് ഉച്ചകോടിക്കു മുമ്പായി ഐ.പി. സി. സി അഞ്ചാമത്തെ റിപ്പോർട്ടും പുറത്തിറങ്ങി. 1990 ൽ പുറത്തിറക്കിയ ആദ്യറിപ്പോർട്ടിൽ തന്നെ, കഴിഞ്ഞ നൂറ്റാണ്ടിനെക്കാൾ താപനില 0.3 മുതൽ 0.6 ഡിഗ്രി വരെ ഉയർന്നതായി വ്യക്തമാക്കിയിരുന്നു. 1992 ൽ റിയോവിൽ വച്ച് ഭൗമ ഉച്ചകോടി നടന്നപ്പോഴാണ് കാലാവസ്ഥാ മാറ്റങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടന്നത്. അതിന് ശേഷമാണ്, 195 അംഗങ്ങളുള്ള ഐക്യരാഷ്ട്രസഭാസമിതി UNFCC (United Nations Framework Convention on Climate Change) രൂപീകൃതമായത്. UNFCC 1994 മാർച്ചിൽ പ്രാബല്യത്തിൽ വന്നു.

2014 ൽ നടന്ന പാരീസ് ഉച്ചകോടിയിൽ 195 രാജ്യങ്ങൾ പങ്കെടുത്തു. ആഗോള താപനില 2 ഡിഗ്രി സെൽഷ്യസിന് മുകളിൽ പോകാതെ പിടിച്ചു നിർത്തുക എന്നതായിരുന്നു ലക്ഷ്യം. 2016 ഏപ്രിൽ 22 നാണ് ലോകരാജ്യങ്ങൾ പാരീസ് കരാറിൽ ഒപ്പ് വച്ചത്.

പാരീസ് കരാറിനെ തുടർന്ന് കാർബൺ പുറം തള്ളുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ചൈന 2060 ൽ നെറ്റ് സീറോ എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇംഗ്ലണ്ട്, യൂറോപ്യൻ യൂണിയൻ എന്നിവരും 2050ൽ നെ

# എറണാകുളം കരയോഗം പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്
# 2022 ലെ അവാർഡ് All India Radio F M 102.3ന്

കേരള നദീ സംരക്ഷണസമിതിയുടെ അദ്ധ്യക്ഷനും 'ഭൂമിക്കു പനി', 'ജലം ജീവജലം' തുടങ്ങി നിരവധി പരിസ്ഥിതി ശാസ്ത്രകൃതികളുടെ രചയിതാവുമായ പരേതനായ പി.എസ്. ഗോപിനാഥൻനായർ 2008 ൽ ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ അവാർഡ്. 2022 ലെ ഈ അവാർഡ് ജേതാക്കളായി തിരഞ്ഞെടുത്തത് All India Radio F M 102.3 നെയാണ് . 15001 രൂപയും പ്രശസ്തി പത്രവും ഫലകവുമാണു അവാർഡായി നൽകുന്നത്. 14-ാമത് എറണാകുളം കരയോഗം പി. എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2022 ഏപ്രിൽ 22 വെള്ളിയാഴ്ച വൈകുന്നേരം 5.30 മണിക്ക് എറണാകുളം ടി.ഡി.എം. ഹാളിൽ കരയോഗം പ്രസിഡന്റ് ശ്രീ. ആലപ്പാട്ട് മുരളീധരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഭൗമദിനാചരണവും അവാർഡ്ദാനവും നടത്തുന്നതായിരിക്കും.

കഴിഞ്ഞ 13 വർഷങ്ങളിലായി വിവിധ വ്യക്തികൾ ചെയ്ത നിസ്ഥൂലമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡുകൾ നൽകി പോന്നിരുന്നത്. എന്നാൽ ഈ വർഷം ഒരു സ്ഥാപനമെന്ന നിലയിൽ പൊതു സമൂഹത്തോടുള്ള പ്രതിബദ്ധത നിറവേറ്റികൊണ്ട് കൊച്ചി ആകാശവാണി ചെയ്ത കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആകാശവാണിയിലെ ഓരോ വ്യക്തികളും ആത്മാർത്ഥമായി പരിസ്ഥിതി പ്രവർത്തനത്തിനു വേണ്ടിയുള്ള ബോധവത്കരണം നടത്തിയിട്ടുള്ളത് ഇവിടെ സ്മരിക്കുകയുമാണ്. Kochi FM ന്റെ പുഴ മലയാളം, Kochi FM Eco Voice , ഇത് ഒരു പരിവർത്തനകാലം/ആരോഗ്യപ്രതിരോധനത്തിന്, പരിസ്ഥിതിയും ഭക്ഷ്യസുരക്ഷയും ആരോഗ്യവും, Kochi FM പച്ചയാകുന്നു. സുസ്ഥിര വികസനവും കാർഷിക മേഘലയും Kochi FM പരിസ്ഥിതി പ്രക്ഷേപണ വൈവിധ്യം കടൽ- കടലോളം എന്നി മികച്ച സാമൂഹ്യപ്രതിബദ്ധതയുള്ള പരിസ്ഥിതി പരിപാടികളിലൂടെ ജനങ്ങളെ ജാഗ്രതയിലേക്ക് നയിക്കുന്നതിന് Kochi FM ന് കഴിഞ്ഞിട്ടുണ്ട് എന്നു പറയുന്നതിൽ അതിയായ ചാരിതാർഥ്യമുണ്ട്. മേൽ പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി Kochi FM ന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി 2022 ലെ 14-ാമത് എറണാകുളം കരയോഗം പി എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് All India Radio F M 102.3ന് നൽകുവാനാണ് എറണാകുളം കരയോഗം പി എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത് എന്ന് സന്തോഷപൂർവ്വം അറിയിച്ചികൊള്ളുന്നു. കൺവീനർ എസ്. ജയതിലകൻ, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഡോ. ജി. മധു, ശ്രീ.കെ.വി.രാമചന്ദ്രൻ എന്നിവരാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്.

എന്ന്

പി.രാമചന്ദ്രൻ (വേണു), ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം

റ്റ് സീറോയിൽ എത്തിചേരാനുള്ള നിയമനിർമ്മാണം നടത്തി. ദക്ഷിണാഫ്രിക്ക, ജപ്പാൻ, കാനഡ, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളും ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. അമേരിക്കയും പിന്നീട് ഇത്തരത്തിലുള്ള തീരുമാനത്തിലെത്തുകയുണ്ടായി. അതോടെ കാർബൺ പുറം തള്ളുന്നതിന്റെ ഏതാണ്ട് 64%വും നിയന്ത്രണത്തിലാകുന്നതാണ്.

*(തുടരും)*

# കൈകേയി

**അംബുജാക്ഷി. പി. – 9447577652**

(തുടർച്ച)

**യാ**ഗാശ്വത്തെ അഴിച്ചു വിട്ടു. കൂടെ നാനൂറു യോദ്ധാക്കളേയും യജ്ജുർവ്വേദ വിധിക്കനുസരിച്ച് യാഗം ആരംഭിച്ചു. മഹാവിഷ്ണുവിനെ ആരാധനാമൂർത്തിയാക്കിയ ആ സന്താന ഗോപാല പൂജയിൽ ഞങ്ങൾ ദമ്പതികൾ ഭക്തിപൂർവ്വം മുഴുകി.

യാഗാനന്തരം ഒരു മഹാദ്ഭുതം സംഭവിച്ചു. ഒരു സ്വർണ്ണപ്പാത്രത്തിൽ പ്രസാദവുമായി ഒരു തേജസ്വി രാജാവിനെ സമീപിച്ചു.

ഇത് പ്രസാദമാണ്. ഔഷധകൂട്ടുകൾ ചേർത്ത് മന്ത്രോച്ചാരണംകൊണ്ട് പവിത്രമാക്കിയ പുത്രകാമയാഗത്തിന്റെ പ്രസാദം.

അദ്ദേഹം തുടർന്നു. ഉർവ്വരതയുടെ ശക്തിയുള്ള ഈ പായസം അങ്ങ് ഭക്തിപൂർവ്വം പത്നിമാർക്കു കൊടുക്കൂ. അഭീഷ്ടസിദ്ധി ഉണ്ടാവട്ടെ.

ആ പ്രസാദപാത്രം രാജാവ് ഭക്തിയോടെ സ്വീകരിച്ച്, യാഗാഗ്നിക്കു ചുറ്റും പ്രദക്ഷിണം വെച്ചു. അത് സുമന്ത്രരെ ഏല്പിച്ച് വീണ്ടും അദ്ദേഹം യാഗാഗ്നിയെ കൈക്കൂപ്പിക്കൊണ്ട് കണ്ണടച്ചു നിന്നു. അതിനുശേഷം അദ്ദേഹം ആ പാത്രം തിരിച്ചു വാങ്ങി.

അപ്പോൾ............

എനിക്കു തോന്നിയതാണോ ?

അല്ല. സുമന്ത്രർ രാജാവിനോടെന്തോ രഹസ്യം പറയുന്നു. രാജാവ് അത് ശ്രദ്ധാപൂർവ്വം കേൾക്കുന്നു. സുമന്ത്രരല്ലേ. മന്ത്രിക്കാൻ ഏറെ മിടുക്കുണ്ടല്ലോ.

രാജാവ് കൗസല്യാദേവിയെ വിളിച്ചു.

ദേവി, കൗസല്യ ഈ പ്രസാദത്തിൽ പകുതി ഞാൻ ദേവിക്കു നല്കുന്നു. ഭക്തിപൂർവ്വം സേവിച്ചാലും.

കൗസല്യ ആ പ്രസാദം സ്വീകരിച്ച് രാജാവിനെ വലംവെച്ച് ഭക്തിപൂർവ്വം അത് സേവിച്ചു. അടുത്ത ഊഴം സുമിത്രയുടേത്. അപ്പോഴും സുമന്ത്രർ രാജാവിന്റെ പാർശ്വത്തിൽ എത്തി. ശേഷിച്ച പ്രസാദത്തിന്റെ പകുതി രാജാവ് സുമിത്രക്ക് കൊടുത്തു. അവരും അത് ആദരവോടെ സേവിച്ചു. എനിക്കൊരു ചെറിയ ദു:ഖം തോന്നി. എങ്കിലും ഇനിയുള്ള പ്രസാദം പാത്രത്തോടെ എനിക്ക് കിട്ടുമല്ലോ എന്ന് ഞാൻ ആശ്വസിച്ചു.

പക്ഷെ എന്നെ അമ്പരിപ്പിച്ചു കൊണ്ട് ആ പായസം അദ്ദേഹം വീണ്ടും പകുത്തു. അതിൽ ഒരു പകുതി എനിക്കു നല്കി. അമൃതോപമമായ ആ പ്രസാദം ഞാൻ ഭക്ത്യാദരപൂർവ്വം സേവിച്ചു. ഇനിയുള്ള ഭാഗം എന്തു ചെയ്യും? ഞാൻ ചിന്തിച്ചു. ആ പങ്ക് സുമിത്രയുടെ നേരെ നീട്ടിയപ്പോൾ എനിക്ക് നിരാശ തോന്നി. ദു:ഖവും സുമന്ത്രരുടെ കണ്ണിൽ അർഥഗർഭമായ ഒരു ചിരി.

എന്റെ സംശയം നീങ്ങി. ഞാൻ ആഭിജാത്യം കുറഞ്ഞവൾ. തന്നിഷ്ടക്കാരിയായ ഒരമ്മയുടെ മകൾ! സാമന്ത രാജകുമാരി !

എന്റെ മനസ്സ് പുകഞ്ഞു. അത് ഊതിയൂതി കത്തിക്കാൻ വളർത്തമ്മ മന്ഥരയും........

ദിവസങ്ങൾ മാസങ്ങൾക്ക് വഴി

മാറി. ഞങ്ങൾ മൂന്നുപേരും ഗർഭിണികളായി. അയോധ്യാരാജ്യം സന്തോഷത്തിലാറാടി. എങ്ങും എന്നും പൂജയും ഉത്സവങ്ങളും തന്നെ. വംശപ്പൊടിപ്പുകളെ വരവേൽക്കാനുള്ള ആവേശം. ഞങ്ങൾക്കും ചില വ്യത്യാസങ്ങൾ അനുഭവപ്പെട്ടു. കൗസല്യാദേവിക്ക് ചൈതന്യം ഇരട്ടിച്ചു. കണ്ടാൽ തൊഴാൻ തോന്നുന്ന ഐശ്വര്യം. സുമിത്രയുടെ ഉദരം എന്നെ പേടിപെടുത്തി. ഞാൻ ഒന്നു മിനുങ്ങിയിട്ടുണ്ടെന്ന് നിലക്കണ്ണാടി അറിയിച്ചു.

അങ്ങനെ.......ആ ദിവസവും വന്നു. ആദ്യം നിരുവയറൊഴിഞ്ഞത് കൗസല്യാദേവിക്കാണ്. ചൈത്രത്തിലെ പുനർവസു. നവമി തിഥിയും.

...............ഉണ്ടാകുമോ എന്ന് മന്ഥര സംശയം പ്രകടിപ്പിച്ചു. പക്ഷെ രാജാവിന്റെ ശപഥത്തിൽ എനിക്ക് വിശ്വസമുണ്ടല്ലോ.

പിറ്റേന്ന് പുഷ്യനക്ഷത്രത്തിലാണ് എന്റെ മകൻ ഭരതൻ ജനിച്ചത്. അതിനടുത്ത ദിവസം സുമിത്രക്ക് ഇരട്ടക്കുഞ്ഞുങ്ങളും. അന്ന് ആയില്യമായിരുന്നു നക്ഷത്രം.

സന്താനലബ്ധിയിൽ അയോധ്യ മുഴുവൻ ആഹ്ളാദിച്ചു. ആഘോഷങ്ങൾ! ഉപഹാരങ്ങൾ! ദേവകുമാരന്മാരെപ്പോലെയുള്ള നാലു രാജകുമാരന്മാർ. മക്കളില്ലാതിരുന്ന മഹാരാജാവിന് അത് മഹാഭാഗ്യമായിരുന്നു.

ജാതകർമ്മവും നാമകരണവും ഉത്സവത്തിന്റെ പ്രതീതിയുണ്ടാക്കി. കുലഗുരുവായ വസിഷ്ഠനാണ് നാമകരണത്തിന്റെ അധികാരം. അദ്ദേഹം കുമാരന്മാർക്ക് പേരു നല്കി.

രാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ.

ഇതൊന്നും വെറും പേരുകളല്ല. അന്വർത്ഥമായ പേരുകൾ. ഞാൻ ചിന്തിച്ചു. അപ്പോൾ ഇതിൽ ആരാണ് ഭരണകുശലൻ ? എന്റെ മകൻ ഭരതൻ തന്നെ. എന്റെ മനസ്സൊന്നും പൂത്തു.

നാലു കുമാരന്മാരും പരസ്പരം സ്നേഹത്തോടെയാണ് വളർന്നത്. രാമകുമാരന്റെ സ്നേഹവും സൗകുമാര്യവും സംരക്ഷണവും എല്ലാവരും ആദരവോടെ അംഗീകരിച്ചു.

എന്നാൽ രാമകുമാരൻ നമ്മുടെ യുവരാജാവ് എന്ന് എവിടെ നിന്നെങ്കിലും കേട്ടാൽ അന്നു മുഴുവൻ ഞാൻ അസ്വസ്ഥയാകും.

എന്താണ് കുമാരി ഒരു മൗഢ്യം. മന്ഥരയുടെ ചോദ്യം ഞാൻ കേട്ടില്ലെന്ന് നടിക്കും. എന്നാലും അവൾ പറഞ്ഞു കൊണ്ടേയിരിക്കും.

എനിയ്ക്കറിയാം. കുമാരി ഒരു വിഡ്ഢിയാണ്. എപ്പോഴും അണിഞ്ഞൊരുങ്ങി രാജാവിനെ സന്തോഷിപ്പിക്കുകയല്ലാതെ എന്തറിയാം ദേവിയ്ക്ക്. വിവാഹസമയത്തെ വാഗ്ദാനത്തെക്കുറിച്ചു പോലും മറന്നു പോകുന്നു.

എന്നെ കൂടുതൽ അസ്വസ്ഥയാക്കുകയാണ്. അവളുടെ ലക്ഷ്യം ഭരതനെ അഭിഷേകം ചെയ്യുന്നതുവരെ ഈ കുത്തിയോർമ്മിപ്പിക്കാൽ തുടർന്നു.

സമയമാവട്ടെ മന്ഥരേ, ആ വാഗ്ദാനത്തിനു പിന്നിൽ എത്ര കഥകൾ ഉണ്ടെന്ന് നിനക്കറിയില്ല.

"കുമാരി" മന്ഥര അത്ഭുതത്തോടെ ചോദിച്ചു. എന്താണത് ? പറയൂ, പറയൂ കുമാരി മറന്നാലും ഞാൻ ഓർപ്പിക്കാം. വാഗ്ദാന കഥകൾ.

മന്ഥരേ ഞാനാണ് രാജാവിന്റെ പ്രിയ പത്നി. എത്രയെത്ര നായാട്ട് ! പോരാട്ടങ്ങൾ! അപ്പോഴൊക്കെ കൂടെ കൊണ്ടുപോകുന്നത് എന്നെ മാത്രമല്ലേ?

അത് എനിക്കറിയാമല്ലോ? ദേവീ, അതും രാജ്യാഭിഷേകവും ആയിട്ടെന്താണ് ബന്ധം.

പറയാം, ദശരഥമഹാരാജാവിന്റെ

യഥാർത്ഥത്തിലുള്ള പേര് നേമിയെന്നാണ്. പത്തു ദിക്കിലും തേരോടിക്കാനുള്ള രാജാവിന്റെ സാമർത്ഥ്യം കൊണ്ടാണ് അദ്ദേഹം ദശരഥനായത്. എന്നാൽ ആ പേരിന് കൂടുതൽ പ്രസിദ്ധി വന്നത് ശംബരാസുര വധത്തോടെ ആണ്.

അതെങ്ങനെയാണ് ദേവീ? മന്ഥരയുടെ ആകാംക്ഷ എന്നെ ആ യുദ്ധക്കളത്തിലേക്ക് നയിച്ചു. ഞാൻ പരിസരം മറന്നു.

പതിവുപോലെ നായാട്ടിനിറങ്ങിയതാണ്. ദണ്ഡകാരണ്യത്തിലെ തന്നെ ഒരു ഉൾക്കാട്ടിലേക്ക് . ഞങ്ങൾ രണ്ടു പേർ മാത്രം. നിബിഡ വനത്തിൽ പക്ഷിമൃഗാദികളുടെ ശബ്ദം മാത്രം. പെട്ടെന്ന് ഞങ്ങളുടെ മുമ്പിൽ ഒരു ഭീകര രൂപം ! തേരോടിച്ചിരുന്ന ഞാൻ ഒന്നു നടുങ്ങി.

"നില്ക്കവിടെ" ആ സത്വം ഗർജ്ജിച്ചു.

നീയാരാണ്, എന്തിനാണ് ഞങ്ങളോട് എതിർക്കുന്നത്. ഞങ്ങൾ നായാട്ടിന് വന്നതാണ്.

ഹ! ഹ! ഹ! നായാട്ടിനോ ? ഒരു സ്ത്രീയേയും കൊണ്ടോ? എന്നാൽ തോല്പിക്കാതെ ഒരടി മുന്നോട്ടടു വയ്ക്കരുത്.

അപ്രതീക്ഷിതമായ ഒരു വെല്ലുവിളി. എങ്കിലും ധൈര്യം കൈവിടാതെ രാജാവ് ചോദിച്ചു.

നീയാരാണ് ? ഞങ്ങളെ വെല്ലു വിളിക്കുന്നതെന്തിനാണ് ?

അട്ടഹാസം !

ഞാനാണ് മായാവിയായ ശംബരാസുരൻ. എല്ലാ ദേവന്മാരെയും രാജാക്കന്മാരേയും തോല്പിച്ച് സ്വർഗ്ഗവും ഭൂമിയും കീഴടക്കാനാണ് എന്റെ ശ്രമം. ഇനി ഭൂമി കീഴടക്കാൻ തുടങ്ങുന്നതേയുള്ളൂ. സ്വർഗ്ഗത്തിൽ എന്റെ പരിശ്രമം ഫലം കാണുന്നുണ്ട്.

"അപ്പോൾ."– ദശരഥൻ ഒന്നാലോചിച്ച ശേഷം തുടർന്നു. നിന്നെ കീഴടക്കാൻ വേണ്ടിയാണ് ദേവേന്ദ്രൻ എന്റെ സഹായം ആവശ്യപ്പെട്ടത്.

ഓഹോ, ഒരു പരിഹാസത്തോടെ ശംബരൻ തുടർന്നു. ഒരു മായാസുരനെ തോല്പിക്കാൻ ഒരു മനുഷ്യപ്പുഴുവോ ?

പിന്നെ ഒരു പൊരിഞ്ഞ യുദ്ധം തന്നെയായിരുന്നു. പത്തു ദിക്കിൽ പത്തു ശംബരന്മാർ. ഞാൻ തേര് നിയന്ത്രിച്ചു. എന്റെ മഹാരാജാവ് പത്ത് ദശരഥനായപോലെ. പത്തു ശംബരനോടു പൊരുതാൻ പത്ത് രാജാവ് ! പക്ഷം അപ്പോഴാണ് രഥചക്രം ഇളകിയത്. രാജാവ് തേരിൽ നിന്ന് വീഴാൻ തുടങ്ങി. ഞാൻ എന്റെ വജ്രഹസ്തമുപയോഗിച്ച് രഥചക്രം ഉറപ്പിച്ചു. തുടർന്നുള്ള യുദ്ധത്തിൽ ശംബരൻ മരിച്ചു വീണു. അന്നു മുതൽക്കാണ് നേമി എന്ന രാജാവ് ദശരഥൻ എന്ന സജ്ജനാമത്തിൽ കൂടുതൽ പ്രസിദ്ധനായത്.

യുദ്ധം ജയിച്ച രാജാവിനെ ദേവന്മാർ പാടിപ്പുകഴ്ത്തി. എല്ലാവരും പോയപ്പോൾ രാജാവ് എന്നെ ചേർത്തു നിർത്തി. ചോരയൊഴുകുന്ന ശരപ്പാടുകൾ ഞാൻ തഴുകി തഴുകി വേദനയകറ്റി. വസ്ത്രാഞ്ചലംകൊണ്ട് മുഖം തുടച്ചു.

ദേവി എന്റെ ഇടംകൈ തലോടിക്കൊണ്ട് രാജാവ് പറഞ്ഞു. ദേവിയുടെ ധീരതകൊണ്ടുമാത്രമാണ് ഞാൻ ശംബരനെ വധിച്ചത്. ഈ കൈക്കരുത്തില്ലെങ്കിൽ ഞാൻ ഒന്നുമല്ല, എന്റെ ജീവൻ രക്ഷിച്ച ഭവതിയുടെ ഏതാഗ്രഹവും ഞാൻ സാധിപ്പിക്കും. പറയൂ, എന്റെ രാജ്യം? സിംഹാസനം? എന്താണ് വേണ്ടത് ?

രാജാവേ അങ്ങ് എപ്പോഴും എന്റെ കൂടെത്തന്നെ ഉണ്ടായിരിക്കണം. അതിൽ കവിഞ്ഞ് എനിക്കൊന്നും വേണ്ട. എനിക്കങ്ങയെ പിരിഞ്ഞിരിക്കാനാവില്ല.

ദേവീ, ഊണിലും ഉറക്കത്തിലും കാര്യാലോചനയിലുമൊക്കെ. മാത്രമല്ല ഇപ്പോൾ യുദ്ധത്തിലും ഭവതി എന്റെ കൂടെയല്ലേ. വേറെ എന്തെങ്കിലും ആവശ്യപ്പെടൂ.

രാജാവേ, ഇപ്പോൾ എനിക്ക്

അങ്ങയെ മാത്രമാണ് ആവശ്യം. എന്തെങ്കിലും വരം ഞാൻ ആവശ്യപ്പെടും. അതിപ്പോഴല്ല. ആവശ്യമുള്ളപ്പോൾ അങ്ങ് എന്റെ ആഗ്രഹം സാധിപ്പിക്കണം. ഇപ്പോൾ അത് അങ്ങയിൽത്തന്നെ ഞാൻ നിക്ഷേപിക്കുന്നു.

എന്റെ ഇടംകൈ തടവിക്കൊണ്ട് രാജാവ് ചോദിച്ചു.

വേദനയുണ്ടോ? ഞാൻ തലോടിത്തരട്ടെ ? താമരത്തണ്ടുപോലെ മൃദുലമായ ഈ കൈകൊണ്ട് ദേവി എങ്ങനെ രഥചക്രം ശരിയാക്കി ?

മഹാരാജാവേ ഇതെന്റെ വജ്രഹസ്തമാണ്. ഒരിക്കലും വേദനിക്കുകയോ മുറിയുകയോ ചെയ്യാത്ത കയ്യ് ഒരു മുനിയുടെ അനുഗ്രഹമാണ്.

ഞാൻ വീണ്ടും ചിന്തയിലേക്ക് ആഴ്ന്നു.

എന്റെ ബാല്യത്തിലെന്നോ...........? ഞങ്ങൾ കുട്ടികൾ പരസ്പരം ചായം തേച്ചു കളിക്കുകയാണ്. അപ്പോൾ, ഒരു വൃദ്ധതാപസൻ ആ വഴി വന്നു. വെളുത്ത നിറം. നരച്ച താടിയും ജടയും. എനിക്കൊരു കുസൃതി തോന്നി. എന്റെ കയ്യിൽ പുരണ്ട കറുത്ത ചായം ഞാൻ മുനിയുടെ മുഖത്തും താടിരോമങ്ങളിലും തേച്ചുപിടിപ്പിച്ചു. ആ വേഷം കണ്ട് ഞങ്ങൾ കൈകൊട്ടിച്ചിരിച്ചു. മുനിയുടെ കണ്ണുകൾ ജ്വലിക്കുന്നത് ഞാൻ അറിഞ്ഞില്ല.

ഭാവിയിൽ നിന്റെ മുഖം ജനങ്ങൾ വെറുക്കട്ടെ. അദ്ദേഹം എന്നെ നോക്കി ഗർജ്ജിച്ചു.

ശാപാനുഗ്രഹങ്ങളുടെ ശക്തി ആ ചെറുപ്രായത്തിൽ എനിക്ക് അറിയില്ലായിരുന്നു. എന്നാലും ഞാനൊന്നു വിരണ്ടു. പിന്നെ യാതൊരു കൂസലും കൂടാതെ ഞാൻ മുനിയെ സമീപിച്ചു.

ഞാൻ അങ്ങയുടെ മുഖം വൃത്തിയാക്കി തരാം. എന്റെ ഈ ഇരുമ്പുവടി ഒന്നു പിടിച്ചാലും.

എന്റെ ഇടതുകയ്യിലുണ്ടായിരുന്ന ആ വടി ഞാൻ മുനിയെ ഏല്പിച്ചു.

*(തുടരും)*

****




# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

തേ പ്രതിപ്രസവഹേയാ സൂക്ഷ്മാ:

അവ (ക്ലേശങ്ങൾ) സൂക്ഷ്മങ്ങളാണ്. പ്രതി പ്രസവത്തിലൂടെ അവ നശിക്കും.

ക്രിയാ യോഗത്തിലാണ് രണ്ടാം അധ്യായം തുടങ്ങുന്നത്. അത് ക്ലേശങ്ങളെ ദുർബ്ബലമാക്കുമെന്നു പറഞ്ഞ ശേഷം ക്ലേശങ്ങളുടെ വിശദമായ ചർച്ചയാണ് വരുന്നത്. ക്ലേശങ്ങൾ അഞ്ചാണ്. അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം. ഇവ ഓരോന്നും വിശദമാക്കി.

അവിദ്യയാണ് മറ്റു നാലിനും കാരണം. അവ നാലവസ്ഥകളിലുണ്ടാവും – പ്രസുപ്തം(ഉറങ്ങിക്കിടക്കുന്ന അവസ്ഥ) തനു (ക്ഷീണിച്ച അവസ്ഥ) വിച്ഛിന്നം (വളർച്ച തടസ്സപ്പെട്ട അവസ്ഥ) ഉദാരം (വികസിച്ച അവസ്ഥ)

ഈ സൂത്രത്തിന്റെ ഭാഷ്യത്തിൽ വ്യാസൻ അഞ്ചാമതൊരു അവസ്ഥ കൂട്ടിച്ചേർക്കുന്നു. ദഗ്ധ ബീജാവസ്ഥ. വറുത്ത വിത്ത് പോലെ. അതിനു ക്ലേശത്തിന്) മുളക്കാനോ വളരാനോ ശേഷിയോ സാധ്യതയോ ഇല്ല. അനുകൂല സാഹചര്യത്തിൽ പോലും മുളക്കില്ല. യോഗി ഈ അവസ്ഥയിൽ എത്തിച്ചേരും. ഇവിടെ ഒരു കാര്യം കൂടി ശ്രദ്ധയിൽ വരും. വ്യാസന്റെ ഭാഷ്യത്തിന്റെ പ്രാധാന്യം. പതഞ്ജലി നേരിട്ടു പറയാത്തതു പോലും വ്യാസൻ പൂരിപ്പിക്കും.

ഈ അഞ്ച് അവസ്ഥകളിൽ ക്ലേശങ്ങളുടെ ഉദാരാവസ്ഥ മാത്രമെ സ്ഥൂലമായി പ്രകടമാവൂ. മറ്റുള്ളവ സൂക്ഷ്മമാണ്, പ്രകടമല്ല. ക്രിയാ യോഗത്തിലൂടെ ഉദാരങ്ങളെ സൂക്ഷ്മമാക്കിത്തീർക്കാം. പിന്നീട് സൂക്ഷ്മതരമാക്കി സൂക്ഷ്മതമമാക്കി അഞ്ചാമത്തെ അവസ്ഥയിൽ ദഗ്ധബീജ അവസ്ഥയിൽ എത്തിക്കാം. പക്ഷെ അവ ചിത്തത്തിൽ തന്നെ കിടക്കും. അവയെ എങ്ങനെ നീക്കം ചെയ്യാം. ചിത്ത ശുദ്ധി വരുത്താം ചിത്തം അതിന്റെ കാരണത്തിൽ ലയിക്കുമ്പോൾ ഇവ തനിയേ അപ്രത്യക്ഷമാവും എന്നാണ് ഈ സൂത്രം പറയുന്നത്.

ക്ലേശങ്ങൾ ഒന്നുകിൽ പ്രകടമായിരിക്കും. അല്ലെങ്കിൽ അവസരം കാത്ത് ഉള്ളിൽ പതുങ്ങിക്കിടക്കും. പ്രകടമായതിനെ നമുക്ക് എളുപ്പത്തിൽ കണ്ട് തിരിച്ചറിയാം. ക്രോധിച്ചു നില്ക്കുന്ന ഒരുവന്റെ ദ്വേഷം തിരിച്ചറിയാൻ പ്രയാസമില്ല. (അത് ദ്വേഷത്തിന്റെ ഉദാരാവസ്ഥയാണ് ) ഇത് ഒരു ഘട്ടം. എന്നാൽ അതിനെ നിയന്ത്രിക്കാൻ കഴിവുള്ള ഒരുവൻ ദ്വേഷത്തെ സൂക്ഷ്മമായ അവസ്ഥയിൽ വെക്കുകയാണ് ചെയ്യുക. പ്രകടമാക്കില്ല. എന്നാൽ പറ്റിയ സന്ദർഭത്തിൽ പുറത്തു വരാൻ സാധ്യതയുണ്ടുതാനും. ക്രിയാ യോഗം കൊണ്ട് ഇതിനെ വിച്ഛിന്നാവസ്ഥയിലേക്കും പിന്നീട് തനുവിലേക്കും ക്രമത്തിൽ പ്രസുപ്തത്തിലേക്കും എത്തിക്കാം. ഇത് മറ്റൊരു ഘട്ടം. ഇവിടെ അത് മുളപൊട്ടാൻ സാധ്യതയുള്ള ബീജമാണ്. പിന്നീട് ഇത് ദഗ്ധ ബീജാവസ്ഥയിലേക്കും എത്തിക്കാം. ഇത് മൂന്നാം ഘട്ടമാണ്. സൂക്ഷ്മാ എന്ന ഘട്ടം. ഇവിടെ അതിന് ജീവൻ വെക്കുന്ന പ്രശ്നമില്ല. കണ്ടാൽ വിത്തുപോലെ തോന്നും അത്രതന്നെ.

പ്രസവം എന്നത് എല്ലാവർക്കും

അറിയുന്ന പദമാണ്. ഒരു പുതിയ കുട്ടി ജനിക്കുന്നു. പ്രതിപ്രസവമെന്നാൽ നേർ വിപരീതമായ പ്രവർത്തനമാണ്. വന്നിടത്തേക്കു തന്നെ മടങ്ങി പോവുക. ശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ കാര്യം കാരണത്തിലേക്കു മടങ്ങിപ്പോവുക. ഇതിനെ പ്രളയം എന്നും പറയും.

വസ്ത്രം കാര്യമാണെങ്കിൽ നൂല് കാരണമാണ്. നൂല് കാര്യമാണെങ്കിൽ പരുത്തി കാരണമാണ്. ഇത് പോലെ കാര്യ-കാരണ പരമ്പരയാണ് സൃഷ്ടി. സാംഖ്യ സിദ്ധാന്ത പ്രകാരം മൂലപ്രകൃതിയാണ് കാരണമില്ലാത്ത കാര്യം. അത് ആദിയിലേ ഉള്ളതാണ്. ഒന്നിൽ നിന്നും ഉണ്ടായതല്ല എന്നർത്ഥം. അതിലേക്കുള്ള തിരിച്ചു പോക്കാണ് പ്രതി പ്രസവം. യോഗി നിർബീജസമാധിയിലെത്തുമ്പോൾ ഈ തിരിച്ചു പോക്ക് പൂർണമാവും. അപ്പോൾ ക്ലേശങ്ങളും എന്നെന്നേക്കുമായി ലയിക്കുമെന്നാണ് ഇവിടെ താല്പര്യം. അതിനായി പ്രത്യേക പ്രവർത്തനം പരിശ്രമം ആവശ്യമില്ല എന്നു സാരം.

സമ്പ്രജ്ഞാത സമാധിയിൽ മനസ്സ് സജീവമാണ്. 'ഞാൻ ശരീരമല്ല' എന്ന ഉൽകൃഷ്ടമായ ജ്ഞാനം പോലും മനസ്സിലെ ഒരു വൃത്തിയാണ്. ഞാൻ ശരീരമാണ് എന്ന ചിന്ത എന്നപോലെ തന്നെ. പക്ഷെ അവയ്ക്കു തമ്മിൽ ഒരു വ്യത്യാസമുണ്ട്. ആദ്യത്തേത് ക്ലേശമുണ്ടാക്കില്ല. ക്ലേശമില്ലാതാക്കാൻ സഹായിക്കുകയും ചെയ്യും. അതായത് അവ അക്ലിഷ്ടമായ വൃത്തിയാണെന്നർത്ഥം. ഞാൻ ശരീരമാണ് എന്ന ചിന്ത അവിദ്യായാണ്. ക്ലിഷ്ടമാണ്. ഇതു പോലെയാണ് ജീവനുള്ള വിത്തും വറുത്ത വിത്തും. ഒന്ന് ഫലമുണ്ടാക്കും മറ്റേത് മുളക്കില്ല.

അതുപോലെ അസമ്പ്രജ്ഞാതസമാധിയിൽ മനസ്സ് പ്രവർത്തനരഹിതമാവും. ക്ലേശങ്ങളും നശിക്കും. അതു പിന്നെ പുരുഷനെ തെറ്റിധരിപ്പിക്കാൻ ശ്രമിക്കില്ല. കാര്യകാരണ ബന്ധം ക്ലേശങ്ങളിലും കാണാം. അവിദ്യയിൽ നിന്നും അസ്മിതയും അതിൽ നിന്നും രാഗ-ദ്വേഷങ്ങളും അതിൽ നിന്ന് അഭിനിവേശവും കാരണ കാര്യക്രമത്തിൽ ഉദിക്കുന്നു. അപ്പോൾ അഭിനിവേശത്തിന്റെ കാരണത്തെ രാഗ ദ്വേഷങ്ങളിൽ കണ്ടെത്താം. അവയുടെ കാരണം അസ്മിതയത്രെ. അസ്മിതയ്ക്കു കാരണം അവിദ്യയും. ഇതിലൂടെ തന്നെ പ്രതി പ്രസവവും തിരിച്ചുപോക്ക് -നടക്കണം. എളുപ്പവഴി ഇല്ല. അവിദ്യാനാശത്തിലും ചെറുതായ ഒരു ലക്ഷ്യം കൊണ്ടു പ്രയോജനമില്ല. അത് തന്നെ എല്ലാ യോഗങ്ങളുടെയും അന്തിമ ലക്ഷ്യം.

***


**എറണാകുളം കരയോഗാംഗത്വമെടുക്കൂ**
**സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# വൈകാരിക ബുദ്ധിവികാസം

ഡോ. കെ.ഹരിഹരൻ- 9847313322

മനുഷ്യരടക്കമുള്ള സകല ജീവികൾക്കും ഉള്ള ഒരു സ്വാഭാവിക ജൈവ പ്രതിഭാസമാണ് വികാരങ്ങൾ. ജീവികളുടെ മനസ്സിനുള്ളിൽ നിന്നും പുറത്തേക്കു പ്രകടിതമാകുന്ന ചോദനകളാണവയെന്നോ അല്ലെങ്കിൽ മനസ്സിനുള്ളിലെ അകം വ്യവസ്ഥകൾ പുറം വ്യവസ്ഥകളോട് നടത്തുന്ന ഒരു ആശയവിനിമയമായിട്ടോ നമുക്ക് അതിനെ മനസ്സിലാക്കാം. ഈ ചോദനകളെ സഹജമായും മുൻശീലത്തിന്റെ തൽഫലമാണെന്ന് കരുതാം. ചോദനകളെ ചിന്തയുമായി ചേർത്തുകൊണ്ടാണ് ഓരോ ജൈവസത്തയും, പുറം വ്യവസ്ഥകകളോട് ഇടപെടുന്നത്. തിരിച്ച് പുറം വ്യവസ്ഥകൾ പലപ്പോഴും അതിനോട് പ്രതികരിക്കുകയും ചെയ്യും. ചയാപചയപ്രവർത്തനങ്ങൾ നടത്തേണ്ടി വരുമ്പോൾ കോശങ്ങൾ കലകളോടും കലകൾ അവയവത്തോടും, അവയവം ജീവനോടും വിശപ്പെന്ന രൂപേണ ആവശ്യമുന്നയിക്കുന്ന ദൃഷ്ടാന്തത്തിലൂടെ വികാരത്തെ നമുക്കു മനസ്സിലാക്കാം. അതായത് വിശക്കുന്ന സമയത്ത് ഒരു ജൈവസത്ത അത് ഭാഗമായിരിക്കുന്ന പുറം വ്യവസ്ഥയിലേക്ക് ഒരു കണത്തെ പ്രവഹിപ്പിക്കുമ്പോഴാണ് വിശപ്പെന്ന വികാരം നമുക്ക് അനുഭവപ്പെടുന്നത്. അത്തരം ഒരു വികാരത്തോട് പുറം വ്യവസ്ഥ പ്രതികരിക്കും എന്നതാണ് പ്രകൃതി നിയമം.

വികാരത്തിൽ മുഴുകി മൂഡ് ഔട്ടായി കഴിയുമ്പോൾ നേരാംവണ്ണം ചിന്തിക്കാനാവില്ല. ഫാക്ടറികളിൽ നിന്നും ഉയരുന്ന പുക അന്തരീക്ഷം മലീമസമാക്കുന്നതുപോലെ മനസ്സാകെ കലങ്ങിമറിഞ്ഞ് പ്രക്ഷുപ്തമായിരിക്കുന്ന അവസ്ഥയിൽ എന്നോടാർക്കും സ്നേഹമില്ല, എനിക്കിവിടെ ഒരു സ്ഥാനവുമില്ല, എനിക്കു കഴിയില്ല, ആരും എന്നെ മനസ്സിലാക്കുന്നില്ല എന്ന് തന്നെപ്പറ്റിയും ആർക്കും ഒരു സ്നേഹവുമില്ല, എല്ലാവർക്കും സ്വന്തം കാര്യം കാണണമെന്നേയുള്ളു എന്ന് മറ്റുള്ളവരെ പറ്റിയും, ജീവിതം ദുരിതമോ, വെല്ലുവിളിയോ നിറഞ്ഞതും അർത്ഥമില്ലാത്തതും അതിനാൽ ജീവിച്ചിട്ടു തന്നെ കാര്യമില്ലെന്നും മറ്റുമാണ് ചിന്തിക്കുക. കലങ്ങിയ വെള്ളത്തിൽ പ്രതിച്ഛായ കാണാനാവില്ല. മനസ്സിൽ അമർന്നു കിടക്കുന്ന യഥാർത്ഥ വികാരങ്ങൾ എന്താണെന്ന് സാധാരണ ഗതിയിൽ നാമറിയുന്നില്ല. ചെറുപ്പത്തിൽ സ്വന്തമാക്കിയ ജീവിതവീക്ഷണം ആണ് അപ്പോൾ നാം പുലർത്തുന്നത്.

വികാരങ്ങളും അതിനോടു ചേർന്ന ചിന്തയും ചില വ്യക്തികളുടെ ചില പെരുമാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നു. ചെറിയ ഒരു അവഗണനയോ മൗനമോ അല്ലെങ്കിൽ ഒരു പാഴ്‌വാക്കോ ആണ് തീപ്പൊരിയാകുന്നത്. മൗനമായിരിക്കുക, മുഖം കറുപ്പിക്കുക, ധൃതിയിൽ നടക്കുക്ക, കരയുക ദേഷ്യപ്പെടുക, ബഹളം വെയ്ക്കുക, പ്രാർത്ഥനയിൽ മുഴുകുക, ബോധം കെടുക, ഛർദ്ദിക്കുക എന്നിവയാണ് ചില പെരുമാറ്റങ്ങൾ. ചിന്ത,

വികാരം, പെരുമാറ്റം ഇവ മനസ്സിന്റെയും ശരീരത്തിന്റെയും സന്തുലിതാവസ്ഥയെ ഹാനികരമായി ബാധിക്കുന്നതിനാൽ തലവേദന, മലബന്ധം, ഗ്യാസ്, വയറിളക്കം, ജലദോഷം, ചുമ, തൊണ്ടവേദന, പുറംവേദന, അൾസർ, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, മ്ലാനത, രക്തസമ്മർദ്ദം ഇങ്ങനെ പല അസുഖങ്ങൾക്കും കാരണമാകുന്നു. ഇവയെ സൈക്കോസോമാറ്റിക് ഡിസീസ് (psychosomatic disease) എന്നാണ് വിളിക്കുന്നത്. ഏതാണ്ട് 75% അസുഖങ്ങളും ഇത്തരത്തിൽ പെടുന്നവയാണ് എന്ന് ആധുനിക വൈദ്യശാസ്ത്രം വെളിപ്പെടുത്തുന്നു.

പലരുടേയും സംസാരം ശ്രദ്ധിച്ചാൽ അവർക്ക് തങ്ങളെപ്പറ്റി ഒരു മതിപ്പ് അഥവാ വില (self esteem)തീരെ കുറവാണെന്ന് മനസ്സിലാക്കാം. താനൊരു കഴുത, കറിവേപ്പില, കുറ്റിച്ചൂൽ, അനാഥ, പിച്ചക്കാരി, വേലക്കാരി എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൽ, പരിവേദനങ്ങൾ സർവ്വസാധാരണമാണ്. ചിലർ താൻ ജീനിയസ്സാണ്, മാലാഖയാണ് എന്നിങ്ങനെ യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത സങ്കല്പ ചിത്രങ്ങൾ മനസ്സിൽ താലോലിച്ച് വികാരങ്ങൾക്ക് ഊന്നൽ നൽകുന്ന വിചിത്രമായ ഭാവനകൾ വെച്ചു പുലർത്തുന്നവരുമുണ്ട്.

ചിന്തയും വികാരങ്ങളും , ഭാവനയും ഓർമ്മകളും ചേർന്നൊരു വിഷമവൃത്തം മനസ്സിനെ മഥിക്കുകയാണ്. കുരുക്കഴിക്കാൻ ശ്രമിക്കുന്തോറും കെട്ടുമുറുകുന്ന ഒരനുഭവം. ഈ ഊരാക്കുടുക്കിൽ നിന്നും രക്ഷപ്പെടാൻ സമയം ചിലവഴിച്ചു ജീവിതം പാഴാക്കുന്നവർ കുറച്ചൊന്നുമല്ല.

ശിശുക്കൾക്ക് പൊതുവെ വികാരങ്ങളെ കൈകാര്യം ചെയ്യാൻ അറിയില്ല. വളർച്ചയുടെ ഘട്ടങ്ങളിൽ ശിശു പതിയെ വികാരങ്ങളെ കൈകാര്യം ചെയ്യാനും യുക്തിയാൽ വികാരപ്രകടനം നടത്താനും പഠിക്കും. സുപ്രധാന ജീവിതപാഠങ്ങളെല്ലാം അഞ്ചു വയസ്സാകുമ്പോൾ കുട്ടികൾ പഠിച്ചു കഴിഞ്ഞിരിക്കും. സന്തോഷം, ദു:ഖം, കോപം, ഭയം എന്നീ വികാരങ്ങൾ എപ്പോൾ എങ്ങനെ പ്രകടിപ്പിക്കാം എന്നുള്ളതാണ് അവർ പഠിക്കുന്ന ഒരു പാഠം. അച്ഛനമ്മമാരുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതെങ്ങനെയെന്ന് അവരറിയാതെ തന്നെ പഠിക്കും. മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും ഒക്കെ ഇതേ സ്വഭാവമാണുള്ളത്. ശീലങ്ങളാൽ വികാരങ്ങളെ വേണ്ട വിധം കൈകാര്യം ചെയ്യാനുള്ള ശേഷി ആർജ്ജിക്കുമ്പോൾ അതിനെ പക്വത എന്ന് വിശേഷിപ്പിക്കാം. പ്രകൃതത്തെ (Nature) പാകം (Nurture) ചെയ്തെടുക്കുന്ന പ്രക്രിയയാണിത്. വികാരത്തെ ശീലം കൊണ്ടല്ലാതെ യുക്തിക്കൊണ്ട് കൈകാര്യം ചെയ്യാൻ മനുഷ്യന് മാത്രമാണ് സാദ്ധ്യമാവുക. മൃഗത്വം വിട്ട് മനുഷ്യത്വം വരുന്നത് അപ്പോഴാണ്. ഓരോ വ്യക്തിയുടെയും അനുഭവങ്ങളുടെയും ശാരീരിക ഘടനയുടെയും പരിശീനലത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും യുക്തിവൈഭവത്തിന്റെയും ഒക്കെ പരിണിത ഫലമായ ഒരാളിലെ വൈകാരിക പക്വത.

വൈകാരിക പക്വത ഒരു വ്യക്തിയെ സാമൂഹികമായ ബാഹ്യവ്യവസ്ഥകളുടെ ഭാഗമായുള്ള ജീവിതത്തിന് പ്രാപ്തനാക്കും. വൈകാരിക പക്വത കുറവുള്ള ഒരാൾ സമൂഹത്തിൽ നിന്നും പുറം തള്ളപ്പെടും. ചുരുക്കിപ്പറഞ്ഞാൽ വൈകാരിക പക്വതയാണ് സന്തോഷകരമായ സാമൂഹിക ജീവിതത്തിന്റെ വിജയം. വികാരങ്ങളോട് പാരിസ്ഥിതിക പ്രതികരണം ഉണ്ടാകും എന്ന പ്രകൃതി നിയമത്തെ

അടിസ്ഥാനമാക്കി മനുഷ്യന്, അവനാവശ്യമുള്ള രീതിയിൽ സമൂഹത്തെ വിനയോഗിക്കാം എന്ന കണ്ടെത്തലാണ് വൈകാരിക ബുദ്ധി എന്ന മാനേജ്മെന്റ് തന്ത്രത്തിലേക്ക് നാം എത്തി നിൽക്കുന്നത്. വികാരങ്ങളെ കൈകാര്യം ചെയ്യാനുള്ള ഒരു വ്യക്തിയുടെ മനക്കരുത്ത് പരിശീലനത്തിലൂടെ ലഭിക്കുന്ന ഒരു കഴിവാണ്. അതിനെയാണ് പൊതുവെ വൈകാരികബുദ്ധിയെന്ന് വിശേഷിപ്പിക്കുന്നത്. വികാരങ്ങൾ എന്തെന്നും അത് നമ്മെ എങ്ങനെ കർമ്മനിരതരാക്കുമെന്നും, പ്രതീക്ഷിക്കുന്ന ജീവിത നിലവാരത്തിലേക്ക് എങ്ങനെ കടന്നു ചെല്ലാൻ എന്തെല്ലാം വൈകാരികതലങ്ങളിലൂടെ നാം കടന്നു പോകണമെന്നും ഉള്ള അറിവ് നേടുകയാണ് വൈകാരിക ബുദ്ധി ആർജ്ജിക്കുവാനുള്ള ആദ്യപടി. ഇതിന് പരന്ന വായനയും ക്ലാസ്സുകളും ഒക്കെ വേണ്ടി വരും.

അടുത്ത പടി ഒരു വ്യക്തിയുടെ ഉപബോധമനസ്സിലുളള്ള വികാര തരംഗങ്ങളെ ജീവിതലക്ഷ്യപ്രാപ്തിക്കുതകും വിധം മാറ്റിയെടുക്കാനുള്ള പരിശീലനങ്ങളാണ്. അതിനായി ന്യൂറോ-ലിങ്ക്വിസ്റ്റിക് പ്രോഗ്രാമുകൾ ഉപയോഗിച്ച് കാണുന്നു. സാധാരണ വ്യക്തികൾ തന്റെ ആവശ്യങ്ങളോടാണ് പൊതുവെ പ്രതികരിക്കുക. ഇതിനെ പ്രതികരണാത്മക കർമ്മസ്വഭാവം (Reactive) എന്ന് പറയും. വൈകാരിക ബുദ്ധി ആർജ്ജിച്ചവർ തന്റെ ലക്ഷ്യങ്ങളോടാണ് കൂടുതൽ പ്രതികരിക്കുക. മുൻകർമ്മ (Pro-active) സ്വഭാവം എന്ന് ഇതിനെ വിളിക്കാം. പ്രതികരണാത്മക കർമ്മ സ്വഭാവത്തിൽ നിന്നും മുൻകർമ്മ സ്വഭാവത്തിലേക്കുള്ള മാറ്റമാണ് വൈകാരിക ബുദ്ധി പരിശീലനത്തിന്റെ അടുത്ത പടി.

ജീവിത വിജയം തന്റെ ഇച്ഛാനുസരണം നേടിയെടുക്കുന്ന വ്യക്തികൾക്കുണ്ടായിരിക്കേണ്ട ചില ഗുണങ്ങൾ ഉണ്ട്. ഭയം, കുറ്റബോധം, അവജ്ഞ, വെറുപ്പ് എന്നീ വികാരങ്ങൾ നിർബന്ധമായും ഒഴിവാക്കുക, അതോടുകൂടി കൃതജ്ഞത, നിർമ്മലത, ദാനം, നിഷ്പക്ഷത, സ്വീകാര്യത എന്നീ സ്വഭാവങ്ങൾ വളർത്തിയെടുക്കുകയും വേണം. ഇവ വളർത്തിയെടുക്കാൻ പല വിധത്തിലുള്ള പ്രായോഗിക പരിശീലനങ്ങളും കായികാഭ്യാസങ്ങളും പെരുമാറ്റ രീതികളും അനുഷ്ഠാനങ്ങളും നിലവിലുണ്ട്.

വികാരപരമായബുദ്ധിശക്തി അവന്റെ വികാരങ്ങളും വിചാരങ്ങളും മനസ്സിലാക്കാനുള്ള ഒരു വ്യക്തിയുടെ കഴിവാണ്. വൈകാരിക ബുദ്ധി എന്ന പ്രതിഭാസത്തെ മനശാസ്ത്രജ്ഞന്മാർക്ക് ഇതുവരെ ശരിയായിട്ട് നിർവ്വചിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം എങ്കിലും വികാരങ്ങൾ ഉപയോഗിക്കാൻ പഠിക്കേണ്ട ഒരു ഉപകരണമാണ് വൈകാരിക ബുദ്ധിയെന്ന് അവർ വിശ്വസിക്കുന്നു. വൈകാരികബുദ്ധിയുള്ളവർ ഏത് സാഹചര്യത്തിലും മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കാൻ കഴിവുള്ളവരായിരിക്കും. ഒരാളുടെ വികാരങ്ങൾ മനസ്സിലാക്കാനും നിയന്ത്രിക്കുവാനും ഉള്ള കഴിവ് പലപ്പോഴും സൃഷ്ടിയുടെയും വ്യക്തിഗതജീവിതത്തിന്റെയും വിജയത്തെ ആശ്രയിച്ചാണിരിക്കുന്നത്.

ഒരു മനുഷ്യന്റെ ജീവിത വിജയത്തിന് ഏറെ പങ്കു വഹിക്കുന്നത് വ്യക്ത്യാന്തര ബുദ്ധിയും ആന്തരിക വൈയക്തിക ബുദ്ധിയും ചേർന്ന വ്യക്തിപരബുദ്ധി (personal intelligence) ആണെന്ന് പീറ്റർ സലോവെ, ജോൺ മേയർ എന്നിവർ 1996 ൽ വെളിപ്പെടുത്തി. ഈ ബുദ്ധിയെ അവർ വൈകാരിക ബുദ്ധിയെന്ന് വിശേഷിപ്പിച്ചു. ഈ ബുദ്ധിയെ അഞ്ചു മണ്ഡ

ലങ്ങളിലുള്ള കഴിവായി പീറ്റർ സലോവെ വിശദീകരിച്ചു. അവ താഴെ പ്രതിപാദിക്കുന്നു.

* സ്വന്തം വൈകാരികതയെ കുറിച്ചുള്ള തിരിച്ചറിവ്
* വൈകാരികമായ സിയന്ത്രണശേഷി
* സ്വന്തം വൈകാരികതയെ ക്രമപ്പെടുത്താനും ലക്ഷ്യപ്രാപ്തി കൈവരിച്ചു മുന്നേറാനുള്ള ശേഷി.
* മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള കഴിവ്
* ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കാനുള്ള കഴിവ്.

ഡാനിയൽ ഗോൾമാൻ ഈ മേഖലയിൽ ഒട്ടേറെ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ നടത്തുകയും ജീവിത വിജയത്തിന് വൈകാരികമാനമാണ് ഏറെ ആവശ്യമെന്ന് തെളിയിക്കുകയും ചെയ്തു. 1995 ൽ അദ്ദേഹമെഴുതിയ 'Emotional Intelligence' എന്ന പുസ്തകം വളരെ പ്രശസ്തമാണ്.

മറ്റുള്ളവരെ മനസ്സിലാക്കാനും അവരുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിക്കാണാനുമുള്ള കഴിവ്, സഹകരണാത്മകത, അനുതാപം, പ്രതിപക്ഷ ബഹുമാനം, സമന്വയപാടവം, സംഘർഷങ്ങൾക്ക് പരിഹാരം കാണൽ, കൂടിയാലോചനകളിലൂടെ പൊതുധാരണകളിൽ എത്തിച്ചേരൽ, തീരുമാനങ്ങളെടുക്കൽ എന്നിവ മികച്ച വൈകാരികശേഷിയുടെ ലക്ഷണങ്ങളാണ്. ആത്മപരിശോധന നടത്തൽ, ലക്ഷ്യബോധം, വൈകാരിക പക്വത, ജയപരാജയങ്ങളെ ആരോഗ്യകരമായി അംഗീകരിക്കൽ, ആത്മനിയന്ത്രണം തുടങ്ങിയവയും വൈകാരിക മാനത്തിന്റെ ഉള്ളിൽ വരുന്നവയാണ്.

മാനസ്സിക സമ്മർദ്ദം ലഘൂകരിക്കുവാനും പരിസ്ഥിതിയുമായി ഫലപ്രദമായി ആശയവിനിമയം നടത്താനും മറ്റുള്ളവരുമായി സഹാനുഭൂതിയോടെ സഹകരിക്കുവാനും നിരന്തരം പ്രതിസന്ധികളേയും സംഘർഷങ്ങളേയും അതിജീവിക്കാനും, മനസ്സിലാക്കുവാനും, നിർവ്വഹിക്കുവാനും ഉപയോഗിക്കുവാനും വൈകാരിക ബുദ്ധിയുള്ളവർക്കു കഴിയും. ഈ ബുദ്ധി ദൈനംദിന ജീവിതത്തിന്റെ വിവിധ വശങ്ങളിൽ സ്വാധീനം ചെലുത്തുന്നു. ഉയർന്ന വൈകാരിക ബുദ്ധിയുപയോഗിച്ച് നമ്മൾക്ക് സ്വന്തം അവസ്ഥയേയും മറ്റ് ആളുകളുടെ അവസ്ഥയേയും തിരിച്ചറിയാൻ സാധിക്കും. അവയെ അടിസ്ഥാനമാക്കി സംവദിക്കുവാനും അവരെ നമ്മളിലേക്ക് ആകർഷിക്കുവാനും കഴിയും. ആളുകളുമായി ആരോഗ്യകരമായ ബന്ധം സ്ഥാപിക്കുന്നതിനും ജോലിയിൽ വിജയം നേടുന്നതിനും കൂടുതൽ ക്രിയാത്മക മനോഭാവം പുലർത്തുന്നതിനും നമ്മൾക്ക് ഈ കഴിവ് ഉപയോഗിക്കാം.

വൈകാരിക ബുദ്ധി, ,സാമൂഹിക കഴിവുകൾ, സമാനുഭാവം, ഉത്തരവാദിത്തം, ജീവിതാനുഭവങ്ങൾ എന്നിവയുള്ള ഒരു വ്യക്തിയുടെ സ്വഭാവത്തെ വൈകാരിക പക്വത എന്ന് വിശേഷിപ്പിക്കാം. ഒരു വ്യക്തി സ്വതന്ത്രനായിരിക്കുമ്പോൾ പക്വത പ്രാപിക്കുമെന്നും അയാൾക്ക് സ്വയം ചിന്തിക്കുവാൻ കഴിവുണ്ടെന്നും പൊതുവെ അനുമാനിക്കപ്പെടുന്നു. വൈകാരിക പക്വതയില്ലാത്ത ഒരു വ്യക്തിക്ക് വൈകാരിക ബുദ്ധിശക്തി കുറവായിരിക്കും. അയാൾ സമൂഹനിരുത്തരവാദപരവും, കുറഞ്ഞ ജീവിതാനുഭവങ്ങൾ ഉള്ളവനുമായിരിക്കും. വൈകാരിക ബുദ്ധി കുറവായതും വൈകാരിക പക്വത എത്താത്തവരുമായ കുട്ടികൾ പ്രായപൂർത്തിയായാലും ഈ ഗുണങ്ങൾ നേടുമെന്നു വരില്ല.

വ്യക്തികൾ അവരുടെ പ്രവർത്തനം,

അനുഭവങ്ങൾ ലോകത്തെ കാണാനും, വ്യാഖ്യാനിക്കാനും ഉള്ള രീതി, വൈകാരിക കഴിവുകൾ, വ്യക്തിഗത വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിനായി അവർ അർപ്പിക്കുന്ന ശ്രമങ്ങൾ എന്നിവയിലൂടെ വൈകാരിക പക്വത വികസിപ്പിച്ചെടുക്കാവുന്നതാണ്. വൈകാരിക പക്വതയുള്ള ഒരു വ്യക്തി തന്റെ ചിന്തയിലും പെരുമാറ്റത്തിലും 'ശിശുത്വത്തെ' മറികടന്ന് അവനേയും അവന്റെ പരിതസ്ഥിതിക്കു ബാധകമാകുന്ന മനോഭാവങ്ങളുടെ ഒരു പരമ്പര തന്നെ വികസിപ്പിച്ച വ്യക്തിയായിരിക്കും. ഈ വസ്തുത വ്യക്തമാക്കുന്നത് വൈകാരിക പക്വത സ്വതസിദ്ധമായ ഒന്നല്ല എന്നുള്ളതാണ്. അതായത് ഒരു വ്യക്തിയും വൈകാരിക പക്വത പ്രാപിച്ചവരായി ജനിക്കുന്നില്ല. അതിനാൽ വൈകാരിക പക്വത സ്വമേധയാ കൈവരിക്കുന്നതോ, നേടുന്നതോ അല്ല, മറിച്ച് അവ വികസിപ്പിക്കുന്നതോ വികസിപ്പിക്കപ്പെടുന്നതോ ആയ ഒന്നാണ്. വൈകാരിക പക്വതയുടെ വികസനത്തിൽ അനേകം ഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതിൽ പ്രധാനം അയാളുടെ വ്യക്തിത്വമാണ്. അതായത് വ്യക്തി പുറം ലോകവുമായി പ്രവർത്തിക്കുന്നതും ബന്ധപ്പെടുന്നതുമായ രീതി.

വൈകാരിക പക്വത വളർത്തിയെടുക്കുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ തന്നെക്കുറിച്ച് ഉയർന്ന അറിവു നേടണം, സ്വന്തം വ്യക്തിത്വം അറിയണം. അതുപോലെ താൻ ചിന്തിക്കുന്ന രീതി പെരുമാറ്റം, പ്രതികരിക്കുന്ന രീതി എന്നീ കാര്യങ്ങളിൽ തികഞ്ഞ ബോധമുണ്ടായിരിക്കണം. വ്യക്തി ഒരു വികസിത ഐഡന്റിറ്റി നേടിയെടുക്കണം. സ്വയം സത്യസന്ധത പുലർത്താൻ ശ്രമിക്കുകയും തന്റെ മൂല്യങ്ങൾ, വിശ്വാസങ്ങൾ മനോഭാവങ്ങൾ എല്ലാം അറിഞ്ഞു പെരുമാറാൻ പരിശീലിക്കുകയും വേണം. യുക്തിയും വികാരവും തമ്മിൽ വേർതിരിച്ചറിയാനുള്ള കഴിവ് വളർത്തിയെടുക്കണം. അതിന് വികാരങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നതിനേക്കാൾ യുക്തിസഹമായ പ്രവർത്തനരീതികൾ തിരഞ്ഞെടുക്കാൻ കഴിയണം. തന്റെ ജീവിതത്തിൽ യാഥാർത്ഥ്യബോധമുള്ള ലക്ഷ്യങ്ങളും, ഘടനാപരവും സുതാര്യവുമായ രീതിയിൽ ലക്ഷ്യങ്ങൾ വൈകരിക്കാനുള്ള ആവശ്യപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം. തന്റെ തെറ്റുകളും കുറവുകളും തിരിച്ചറിഞ്ഞ് തന്റെ കഴിവുകൾ മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ആർജ്ജവം നേടിയെടുക്കാനുള്ള പ്രവണത വളർത്തിയെടുക്കണം. ശരിയായി പ്രവർത്തിക്കാൻ എല്ലായ്പ്പോഴും യുക്തി ഉപയോഗിക്കണം. അതിനുവേണ്ട പരിശീലനം നേടിയെടുക്കാൻ കഴിയണം. വൈകാരിക പ്രതികരണത്തിനു പകരം നമ്മുടെ ചിന്താരീതിക്കും മൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും അനുസൃതമായി നമ്മുടെ സ്വഭാവത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞാൽ വൈകാരിക പക്വത കൈവരിക്കാൻ സാധിക്കും.

വൈകാരിക പക്വത തന്നിൽ തന്നെ നില നിറുത്താതെ മറ്റൊരാളുമായും പരിതസ്ഥിതിയുമായും ഉള്ള ബന്ധത്തിലേക്ക് വ്യാപിപ്പിക്കണം. ഈ അർത്ഥത്തിൽ പതിവായി ചെയ്യാൻ പഠിക്കേണ്ട വ്യായാമമുറയാണ് 'സമാനുഭാവം' വൈകാരിക പക്വത കൈവരിക്കുന്നതിന് മറ്റുള്ളവരുമായി എങ്ങനെ സഹാനുഭൂതി കാണിക്കണം. അത് അവർ എങ്ങനെ വിലയിരുത്തും എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക, എന്നിട്ട് ഈ വിവരങ്ങളെല്ലാം അനുസരിച്ച് അവരുമൊത്ത് പ്രവർത്തിക്കുവാൻ ശീലിക്കുക. ഇത് ചെയ്യുന്നതിന് ഞാൻ അവരുടെ ചെരുപ്പിനുള്ളിൽ ആയിരുന്നെങ്കിൽ എനിക്ക് എങ്ങനെ തോന്നുമായി

രുന്നു എന്ന് മാനസ്സികമായി ചിന്തിക്കാനും സങ്കല്പിക്കുവാനും ശ്രമിക്കുകയും ചെയ്താൽ സഹാനുഭൂതി തത്ക്ഷണം ഉണ്ടാകും. മറ്റുള്ളവരുമായി ശരിയായി ബന്ധപ്പെടാനും വൈകാരികമായി പക്വതയുള്ള പെരുമാറ്റങ്ങൾ വികസിപ്പിക്കുവാനും പഠിക്കുന്നതിനുള്ള അടിസ്ഥാന കഴിവാണ് 'സമാനുഭാവം'.

ആത്മാഭിമാനമാണ് നമ്മൾക്ക് ജീവിതത്തിൽ കൂടുതൽ സന്തോഷം പകർന്നു നൽകുന്നത്. ക്രിയാത്മകമായ ആത്മാഭിമാനം കൂടാതെ നമ്മൾക്ക് മറ്റുള്ളവരുമായി ബന്ധപ്പെടാനോ നമ്മുടെ ലക്ഷ്യങ്ങളിൽ എത്തിച്ചേരാനോ കഴിയില്ല.

**പ്രചോദിത ബുദ്ധി**

ഡോൺ കാൾഡ് വെൽ ഹോൾട്ട് എന്ന അമേരിക്കൻ വിദ്യാഭ്യാസ വിചക്ഷണൻ ബുദ്ധിക്ക് മനോഹരമായ ഒരു നിർവ്വചനം നൽകിയിട്ടുണ്ട്.

"Intelligence is that which tells you what to do when you don't know what to do" എന്നാണത്. ചെയ്യേണ്ടതെന്ത് എന്നറിയാത്ത ഘട്ടത്തിൽ ചെയ്യേണ്ടതെന്താണെന്ന് പറഞ്ഞു തരുന്നതെന്തോ? അതാണ് ബുദ്ധി. നിശ്ചയാത്മിക ബുദ്ധിയെന്ന് ഇതിനെ വിശേഷിപ്പിക്കാം. ശരി തെറ്റുകളേയും വേണ്ടതും വേണ്ടാത്തതുമായവയേയും നിശ്ചയിക്കുന്ന പ്രതി ഭാസമാണിത്. എന്നാൽ ഈ നിശ്ചയം അഥവാ തീരുമാനം ശരിയായിട്ടില്ലെങ്കിൽ ദു:ഖത്തിൽ കലാശിക്കും. ശരിയായിട്ടുള്ളതാണെങ്കിൽ സന്തോഷപ്രദവുമയിരിക്കും. ഇന്നു നാം എടുക്കുന്ന തീരുമാനങ്ങളാണ് നാളത്തെ സുഖദു:ഖങ്ങൾ നി ർണ്ണയിക്കപ്പെടുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ നമ്മുടെ വിശകലനങ്ങളും സാഹചര്യങ്ങളും ഒരു തീരുമാനമെടുക്കുവാൻ നമ്മെ നിർബന്ധിച്ചാലും ഉള്ളിൽ നിന്നും ഒരു പ്രചോദനം മറ്റൊരു തീരുമാനമെടുക്കാൻ നമ്മെ നിർബന്ധിതമാക്കും. ആ തീരുമാനം എടുക്കുകയും പിന്നീട് അതിന്റെ ഫലം സഫലമായി തീരുമ്പോൾ നാം വിചാരിക്കും ആ തീരുമാനം എടുത്തത് നന്നായി എന്ന്. എന്നാൽ വിശകലനങ്ങൾക്ക് വിധേയമായി മറ്റൊരു തീരുമാനം എടുത്തിരുന്നുവെങ്കിൽ ഫലം വിപരീതമായേനെ. അപ്പോൾ ബുദ്ധി എന്നതിനുപരിയായി ഏറ്റവും കൃത്യമായ തീരുമാനമെടുക്കുവാൻ വേറൊരു ബുദ്ധിയുണ്ട്. അതിനെയാണ് 'പ്രചോദിത ബുദ്ധി' എന്നറിയപ്പെടുന്നത്. ഇതിനെ വേണമെങ്കിൽ 'പ്രായോഗിക ബുദ്ധി' എന്നും വിശേഷിപ്പിക്കാം. ജോൺ ഹോൾട്ടിന്റെ നിർവ്വചനം യഥാർത്ഥത്തിൽ 'പ്രചോദിത ബുദ്ധി'യെ ലക്ഷ്യമാക്കിയുള്ളതാണ്.

ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ എന്ത് ചെയ്യണമെന്ന് പഠിപ്പിക്കുന്നതിനെയല്ല നമ്മൾ ഇന്നത്തെ വിദ്യാഭ്യാസം എന്ന് വിളിക്കുന്നത്. പൗരാണിക ഭാരതീയർ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വിദ്യയാണ് അഭ്യസിപ്പിച്ചിരുന്നത്. പതിനായിരം ഋക്കുകൾ ഉള്ള ഋഗ്വേദത്തിൽ ഒരു ശ്ലോകം ബുദ്ധിയെ പ്രചോദിപ്പിക്കുന്നതാണ്. ആ മന്ത്രത്തെയാണ് നാം ഗായത്രീ മന്ത്രം എന്ന് അറിയപ്പെടുന്നത്. വലിയ പ്രാധാന്യം ഈ മന്ത്രത്തിന് ലഭിച്ചതും ഈ കാരണം കൊണ്ടാണ്. ഗായത്രി ഒരു മന്ത്രം മാത്രമല്ലാ അത് വേദശാസ്ത്രത്തിലെ ഛന്ദസ്സ് എന്ന വേദാംഗം കൂടിയാണ്. ഗായത്രി മന്ത്രത്തിലെ അവസാന ശ്ലോകം.

'ധീയോ യോ ന: പ്രചോദയാത്'

എന്നാണ്.

എങ്ങനെയാണ് ബുദ്ധി പ്രചോദിതം ആവുന്നത് ? ഏകാഗ്രതയാണ് സൂക്ഷ്മ ബുദ്ധിക്ക് ഉണർവ്വ് നൽകുന്നത്. ഇതിനെ

*(ശേഷം പേജ് 61)*

# മഹാവാക്യങ്ങൾ

## സി. നാരായണൻ

ഭാരതത്തിന്റെ പുറത്തു രൂപപ്പെട്ട ചില മതങ്ങൾ (മതമെന്ന വാക്കുകൊണ്ട് തത്ത്വസംഹിതയെന്നേ ഇവിടെ വിവക്ഷിക്കുന്നുള്ളൂ.) മനുഷ്യൻ പാപത്തിൽ നിന്നു ഉത്ഭവിച്ചവനാണെന്നും, അവൻ നിസ്സഹായതയുടെ പടുകുഴിയിൽ കിടക്കുന്നവനാണെന്നും, അവനു തന്റെ ദുരവസ്ഥയിൽ നിന്നു മോചിതനാവാൻ ഒരു ദൈവപ്രതിനിധിയിൽ വിശ്വസിക്കയേ നിവൃത്തിയുള്ളൂ എന്നും പറയുന്നു. പക്ഷേ ഏതാണ് ആ ദൂതൻ എന്ന കാര്യത്തിൽ അവർക്ക് ഐക്യതയില്ല.

വെറും വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായതുകൊണ്ട് ആ അഭിപ്രായ വ്യത്യാസം തീർപ്പാക്കാൻ, ആരുടെ വിശ്വാസികൾക്കാണ് കൂടുതൽ ബലമെന്ന് പരീക്ഷിക്കയേ നിവൃത്തിയുള്ളൂ. വിശ്വാസികൾ തമ്മിലുള്ള അത്തരം സംഘട്ടനങ്ങളിൽ ഒരു പാട് രക്തം ഒഴുകിയിട്ടുമുണ്ട്.

എന്നാൽ സനാതനധർമ്മം പറയുന്നത് മനുഷ്യൻ, ഈശ്വരനെപ്പോലെ തന്നെ സ്വരൂപേണ സത്തും ചിത്തുമായ ആനന്ദമാണെന്നാണ്. അതിന്റെ യുക്തി ഇപ്രകാരമാണ്. അസ്തിത്വം ഒന്നേയുള്ളൂ. അസ്തിത്വവും അറിവും ഭിന്നമായിട്ടിരിക്കില്ല താനും. കാരണം ഞാനുണ്ട് എന്നത് ഒരറിവാണ്. ഞാൻ അറിയുന്നു എന്നുള്ളത് ഉണ്മയുമാണ്. ഞാൻ സത്ചിദാനന്ദമാണ് എന്നു പറയുന്നതിന്റെ താല്പര്യം അതാണ്. അറിവ് രണ്ടുണ്ടെങ്കിൽ അതിൽ ഒന്ന് അറിവും മറ്റേത് അറിയപ്പെടുന്നതുമായിത്തീരും. അറിയപ്പെടുന്ന വസ്തു എപ്പോഴും ജഡമായതാണ്. മാത്രമല്ല, അപ്പോൾ, രണ്ടറിവുകൾ പരസ്പരം അറിയപ്പെടുക എന്ന വിരോധാഭാസത്തിനും അതു വഴി വെയ്ക്കും.

ഇനി അസ്തിത്വം മാത്രമെടുത്ത് പരിശോധിക്കുകയാണെങ്കിലും, അത് ഒന്നേ ഉണ്ടായിക്കൂടു. മറ്റൊന്നും യുക്തിക്കു നിരക്കുന്നതല്ല. കാരണം പലത്, ഒന്നായ ഒരു സത്തയിലേ പ്രകടമാകൂ. നാം കുറച്ച് വിവേകത്തോടെ ചിന്തിച്ചാൽ മനസ്സിലാക്കാവുന്ന യാഥാർത്ഥ്യമാണത്. ഒരു പാത്രത്തിൽ പത്തു മാങ്ങകളുണ്ടെന്നു നാം പറയുമ്പോൾ, മാങ്ങകൾ എന്ന ഒന്നു മാത്രമായ ഒരു സത്തയെ മുൻകൂട്ടി ധരിക്കുന്നുണ്ട്. ആ ഒന്നാണ് പത്തായി പ്രകടമാകുന്നത്. അല്ലെങ്കിൽ പത്ത് എന്ന വാക്കിന് ഒരർത്ഥവുമില്ല. പത്ത് എന്നത് ഏത് ഒറ്റ സാധനമെന്നു പറഞ്ഞില്ലെങ്കിൽ പത്ത് എന്ന വാക്ക് ഒന്നിനേയും ദ്യോതിപ്പിക്കുന്നതല്ല. പാത്രത്തിൽ അഞ്ചു മധുരനാരങ്ങയും അഞ്ച് മാങ്ങയുമാണെങ്കിൽ നാം പത്ത് പഴങ്ങളുണ്ടെന്നു പറയും. അപ്പോളും പഴങ്ങൾ എന്ന ഒറ്റ ഒരു അസ്തിത്വത്തിനെയാണ് പത്തായി കാണുന്നത്. അങ്ങിനെ ലോകത്തിലെ എല്ലാ വസ്തുക്കളേയും കുറിച്ചു പറയുമ്പോൾ അത് ദൃശ്യം എന്ന ഒറ്റ ഒരു സത്തയെ ഉദ്ദേശിച്ചാണ്. നാം ഗ്രഹിക്കുന്നതെല്ലാം ദൃശ്യം എന്ന

ഒരേ ഒരു സത്ത, സാങ്കല്പികമായി വേറെ വേറെയായി തോന്നപ്പെടുന്നതാണ്. (നമ്മുടെ മനസ്സിനു ഒരു സമയത്ത് ഒരു അസ്തിത്വത്തിനെ മാത്രമേ ഗ്രഹിക്കാനാവൂ. നാം രണ്ടു പേരെ കാണുമ്പോൾ മനസ്സ് ഒരു ഇരട്ടയെ ആണ് കാണുന്നത്. മാർക്കറ്റിലും മറ്റും ഒരു പാട് ആളുകളെ കാണുമ്പോൾ സത്യത്തിൽ മനസ്സ് കാണുന്നത് ഒരു ആൾക്കൂട്ടത്തെയാണ്. അപ്പോൾ ദൃശ്യം ഒരു സത്യത്തെ അംഗീകരിച്ചു. ഈ ദൃശ്യവും അതു കാണുന്ന ഞാനെന്ന ദൃക്കും ഒരേ അസ്തിത്വം തന്നെയല്ലെങ്കിൽ ഗ്രഹണം എന്ന പ്രക്രിയയേ നടക്കില്ല. ഞാൻ, എന്റെ മുന്നിലിരിക്കുന്ന ഒരു പുഷ്പത്തെ കാണുന്നുണ്ടെങ്കിൽ, കാണുന്ന ഞാനും കാണപ്പെടുന്ന പുഷ്പവും ഒരേ ബോധത്തിന്റെ തന്നെ അംശങ്ങളാകണം. ഉദാഹരണത്തിനു, സ്വപ്നത്തിൽ ഞാൻ തൊട്ടറിഞ്ഞ ഒരു വസ്തുവിനെ, ജാഗ്രത്തിൽ എനിക്കു തൊടാൻ സാദ്ധ്യമാവുന്നതല്ല. യുക്തിയെ ഒരു പടി കൂടെ മുന്നോട്ടു കൊണ്ടുപോയാൽ ദൃക്ക് തന്നെയാണ് ദൃശ്യമായി പ്രതീതിപ്പെടുന്നതെന്നു മനസ്സിലാക്കാം.

ഇതിനെല്ലാം പുറമെ നാനാത്വം അനുഭവപ്പെടണമെങ്കിൽ, ദേശകാലങ്ങളെ (Time & space) അംഗീകരിക്കണം. ദേശവും കാലവും നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്. (ദക്ഷിണാമൂർത്തി സ്തോത്രത്തിൽ, “മയാകല്പിത ദേശകാലകലനാ” എന്നു പറയുന്നുണ്ട്)

സമയം എന്ന തത്ത്വത്തെ എടുക്കൂ. നമുക്ക് വർത്തമാനമേ (present) ശരിക്കും ഗ്രഹിക്കാനാവൂ. നാം ഇന്നലെ നടന്ന ഒരു സംഭവത്തെ ഓർത്തെടുക്കുമ്പോൾ, അതു സംഭവിച്ച നിമിഷത്തെ നാം വർത്തമാനകാലത്തേക്ക് സങ്കല്പേണ കൊണ്ടു വരുന്നുണ്ട്. അല്ലാതെ ഭൂതകാലത്തിലേക്ക് മടങ്ങിപ്പോയിട്ടില്ല.

നാമതു പുന:സൃഷ്ടിക്കുന്നത്. ഇനി ഭാവിയിലെ (ഒരു മണിക്കൂർ കഴിഞ്ഞുള്ള) ഒരു കാര്യത്തെപ്പറ്റിയാലോചിക്കുമ്പോഴും, നാം ഭാവിയിലെ ആ നിമിഷത്തെ വർത്തമാനത്തിലേക്ക് സാങ്കല്പികമായി കൊണ്ടു വരുന്നുണ്ട്. അതായത് ഭൂതവും ഭാവിയും സാങ്കല്പികമാണ്. അങ്ങിനെ വരുമ്പോൾ കാലം തന്നെ ഒരു സങ്കല്പമാണ്.

രമണമഹർഷി കാലത്തെപ്പറ്റി പറയുന്നതു നോക്കൂ.

ഭൂതം ഭവിഷ്യച്ച ഭവത്
സ്വകാലേ
തദ്വർത്തമാനസ്യ വിഹായേ
തത്വം
ഞാസ്യാ ന സ്യാത് ഗത ഭാവി
ചർച്ചാ
വിനൈക സംഖ്യാ
ഗണനേവ ലോകേ

(ഭൂതവും ഭാവിയും വർത്തമാനത്തിന്റെ തന്നെ വേറെ രൂപമാണ്. ഒന്ന് എന്ന സംഖ്യയെ വിട്ടിട്ടുള്ള ഗണിതശാസ്ത്രം അപഹാസ്യമല്ലേ ? )

ഭൂതവും ഭാവിയും നിശേഷം വിട്ട് വർത്തമാനകാലം മാത്രമായിട്ടുള്ള സമയത്തിന്റെ ഒരു സൂക്ഷ്മ ബിന്ദുവിലുള്ള നമ്മുടെ അറിവ്, ആത്മാവെന്ന ചൈതന്യമാണ്.

ഇനി ദേശത്തിന്റെ കാര്യമെടുത്താൽ ആ തത്ത്വവും സങ്കല്പത്തിലാണ് വികസിക്കുന്നതെന്നു കാണാം. നാം ദൂരം എന്നു പറയുന്നത് രണ്ടു ബിന്ദുക്കൾക്കിടയിലുള്ള അകലത്തെയാണ് ആ രണ്ടു ബിന്ദുക്കൾ നമ്മുടെ മനസ്സിൽ മാത്രമേയുള്ളൂ. ആകാശത്തിൽ ബിന്ദുവിനെ സങ്കല്പിക്കാൻ മാത്രമേ സാധിക്കൂ. ബിന്ദുക്കളെ സങ്കല്പിക്കാതെ നമുക്ക് ആകാശം എന്ന സത്തയെ അറിയാൻ സാധിക്കയില്ല. ഇവിടെ ഒഴിച്ചുള്ള എന്തും സങ്കല്പത്തിന്റെ ലോകത്തിൽ പെടും.

അഖണ്ഡമായ ദേശത്തെ ഈ സ്ഥലം, ആ സ്ഥലം എന്നും അഖണ്ഡമായ സമയത്തെ ഈ സമയം ആ സമയം എന്നുമൊക്കെ നാം വിഭജിക്കാറ്. ആ വിഭജനം മനസ്സിൽ മാത്രമാണ് നടക്കുന്നത്. കാലദേശങ്ങൾ മനസ്സിന്റെ സൃഷ്ടിയായതുകൊണ്ടാണ് നമുക്കത് സാധിക്കുന്നത്. ഇവിടെയും നമുക്ക് രമണമഹർഷിയെ ഉദ്ധരിക്കാം.

ക്വ ഭാതി ദിക്കാല കഥാ
വിനാസ്മാൻ
ദിക്കാല ലീലേഹ
പൂർവയം ചേത്
ന ക്വാപി ഭാമോ ന കദാപി
ഭാമോ
വയം തു സർവത്ര സദാ ച
ഭാമ

(നമ്മെ കൂടാതെ ദിക്കാലങ്ങൾ എങ്ങിനെ പ്രകാശിക്കും. അവ രണ്ടിന്റെയും ലീലകൾ നമ്മെ ആശ്രയിച്ചാണ്. നാമാണ് വിളങ്ങുന്നത്. ദിക്കിന്റെ പ്രകാശമെവിടെ? കാലത്തിന്റെ പ്രകാശമെവിടെ ? നാം മാത്രമാണ് പ്രകാശിക്കുന്നത് )

ഇതുവരെ പറഞ്ഞത് കാലദേശങ്ങൾ, അസ്തിത്വ സ്വരൂപമായ ആത്മാ (ബ്രഹ്മ) വിനെ പരിച്ഛേദിക്കുന്നില്ല എന്നാണ്. ശരിക്കും ഇല്ലാത്ത ഒന്നിനു ഉള്ളതായ ഒന്നിനു അതിരുകൾ കല്പിക്കാനാവില്ലല്ലോ. ബ്രഹ്മം ഒരു കാലത്തും (സൃഷ്ടിക്കു മുമ്പും പ്രളയത്തിനു ശേഷവും) ഇല്ലാത്തതല്ല. എന്നു വെച്ചാൽ നിത്യം, അമൃതം. കാലദേശങ്ങൾ കൂടാതെ ലോകത്തിൽ എല്ലാത്തിനുമുള്ള വേറെ ഒരു പരിച്ഛേദം വസ്തുപരിച്ഛേദമാണ്. അതായത് ഏതു വസ്തുവും ആ വസ്തു മാത്രമാണെന്ന പരിമിതി. ഉദാഹരണത്തിനു ഒരു മൺകുടമെടുത്താൽ അതു മൺകുടം മാത്രമാണ്. അത്

മരമോ, കുടയോ, വളയോ അല്ല. അതായത് ഒരുമൺകുടം ലോകത്തിലെ അതല്ലാത്ത മറ്റെല്ലാത്തിൽ നിന്നും വ്യത്യസ്തമായി സ്ഥിതി ചെയ്യുന്നു. പ്രത്യേകമായ ഒരു രൂപമാണ് ഒരു വസ്തുവിനെ വേറൊരു വസ്തുവിൽ നിന്ന് ഭിന്നമാക്കുന്നത്. രൂപമുണ്ടാവണമെങ്കിൽ Space ന്റെ ചില സ്ഥലത്തുമാത്രം ഉണ്ടായിരിക്കയും മറ്റെല്ലാ സ്ഥലത്തും ഇല്ലാതിരിക്കാതെയിരിക്കയും വേണം. എന്നാൽ ബ്രഹ്മം എല്ലായിടത്തും വ്യാപിച്ചു നിൽക്കുന്നു. അതുകൊണ്ട് ബ്രഹ്മത്തിനു രൂപമുായിക്കൂടാ. വേറെ മറ്റൊന്നും ശരിക്കുമില്ലാത്തതിനാൽ ബ്രഹ്മം ഒന്നിൽ നിന്നും വേറിട്ടു നിൽക്കുന്നില്ല. അതായത്, ബ്രഹ്മമല്ലാതെ മറ്റൊന്നില്ല.

സത്യത്തിന്റെ വിപരീതശബ്ദം അസത്യമാണ്. അത് സങ്കല്പങ്ങളായാണ് നമ്മുടെ സ്വരൂപമായ ചിദാനന്ദത്തെ മറയ്ക്കുന്നത്. സത്യത്തെ മാത്രം അർത്ഥിച്ചാൽ സങ്കല്പാത്മകമായ ജഗത്ത് വിട്ടുപോകും.

നമ്മുടെ തത്ത്വശാസ്ത്രപ്രകാരം ഒരു വസ്തുത ശ്രുതി, യുക്തി, അനുഭവം എന്നി മൂന്നു വിധത്തിലും തെളിയിക്കപ്പെടണം. നമ്മുടെ ഋഷിവര്യരുടെ സത്യത്തിനോടുമാത്രമുള്ള ആഭിമുഖ്യമാണത് കാണിക്കുന്നത്. ഇതുവരെ നാം യുക്തികൊണ്ട് കാലദേശങ്ങളിൽ അധിഷ്ഠിതമായ നാനാത്വം സത്യമല്ലെന്നും, ഏകത്വം അദ്വിതീയത്വവും മാത്രമാണ് സത്യം എന്നും തെളിയിച്ചു. മറ്റു പലരും അവർ പറയുന്ന ദൈവദൂതന്റെ വചനമാത്രം ആധാരമാക്കിയെടുക്കണമെന്നു പറയുമ്പോൾ, സനാതനധർമ്മം പറയുന്നു ശ്രുതിവചനം കൂടാതെ, യുക്തിയും നേരിട്ട അനുഭവവും സത്യത്തിനു ഉപോത്ബലകമായി വേണമെന്ന്.

സനാതനധർമ്മം പറയുന്നത്, സത്യവും ശിവവുമായ തന്റെ അവസ്ഥയിൽ മനുഷ്യനെ അണുവിട വ്യതിചലിപ്പി

ക്കാൻ ഒരു ശക്തിക്കും കഴിയില്ലെന്നാണ്. പക്ഷേ, തന്റെ സ്വരൂപം തന്നെ നിരതിശയമായ ആനന്ദമാണെന്ന കാര്യം തത്ക്കാലം അവൻ മറന്നിട്ടുണ്ട്. താൻ, തന്റെ നിയന്ത്രണത്തിലല്ലാത്ത ഒരു ശക്തിയുടെ അധീനത്തിലാണെന്ന ഭ്രമം അവനിലുണ്ട്. അക്കാരണത്താൽ താൻ ബദ്ധനും അപൂർണ്ണവും ദു:ഖിതനുമൊക്കെയാണെന്നൊക്കെയുള്ള ധാരണകൾ അവനിലുണ്ട്. അതിനാണ് സംസാരം എന്നു പറയുന്നത്. വെറുമൊരു വിഭ്രാന്തിയായതിനാൽ, ശാസ്ത്രീയമായ ഒരു പഠനപദ്ധതിയിലൂടെ, കുറച്ചു പ്രയാസപ്പെട്ടിട്ടാണെങ്കിലും, അതിനെ നീക്കാവുന്നതേയുള്ളൂ. ആവരണം വിക്ഷേപം എന്ന രണ്ടു രൂപത്തിലുള്ള അജ്ഞാനമാണ് നമ്മുടെ ഈ അബദ്ധധാരണക്ക് കാരണം. ആവരണം, നമ്മിൽ നിന്ന് നമ്മുടെ സ്വരൂപത്തെ മറയ്ക്കുന്നു. വിക്ഷേപം പ്രവർത്തിക്കുന്നത്, ദേശം കാലം എന്ന സങ്കല്പങ്ങളിലൂടെയാണെന്നു നാം കണ്ടു. ഈ അജ്ഞാനത്തെ സമ്യക് ജ്ഞാനം കൊണ്ടു നീക്കാവുന്നതാണ്. അച്ചടക്കത്താൽ മെരുക്കിയ മനസ്സുകൊണ്ട്, ശ്രുതി നിർദ്ദേശിക്കുന്ന ഉപദേശം ഒരു ആചാര്യനിൽ നിന്ന് കേൾക്കലാണ് ഒരേയൊരു മാർഗ്ഗം. സത്യം സാക്ഷാത്ക്കരിക്കേണ്ട മനസ്സിനെ അസത്യമായ സങ്കല്പങ്ങൾ കയ്യടക്കി വെച്ചിരിക്കയാണെങ്കിൽ അവയെ ഏതു വിധേനയും നിവർത്തിക്കുക തന്നെ വേണം.

ശ്രുതിയും ഇതേ തത്വം തന്നെയാണ് പറയുന്നത്. ഏകവും അദ്വിതീയവുമായ ചൈതന്യം മാത്രമാണ് സത്യം. ആ നിർവിശേഷവും അനന്തവുമായ ഈശ്വരതത്ത്വത്തിനെ ബ്രഹ്മമെന്നു പറയും. അതേ ചൈതന്യം, താൻ പരിമിതവും അജ്ഞനുമാണെന്നു ഭ്രമിക്കുന്ന അവസ്ഥയിൽ ജീവനെന്ന പേരിൽ അറിയപ്പെടുന്നു. നാം ഓരോരുത്തരും ജീവൻമാരാണ്. ജീവന്റെയും ഈശ്വരന്റെയും സത്യം ഒന്നു തന്നെ.

അറിവ് നമുക്ക് മൂന്നു തരത്തിൽ ലഭ്യമാകുന്നുണ്ട്. പ്രത്യക്ഷം, പരോക്ഷം, അപരോക്ഷം എന്നിങ്ങനെ.

അക്ഷം പ്രതിയെയാണ് പ്രത്യക്ഷമെന്നു പറയുന്നത്. അക്ഷമെന്നു പറഞ്ഞാൽ കണ്ണാണെങ്കിലും ഇവിടെ അത് എല്ലാ ഇന്ദ്രിയങ്ങളിലുടെയും ഉപലക്ഷണമാണ്. അതായത് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിൽ ഒന്നിലൂടെ ലഭിക്കുന്ന അറിവിനെയാണ് പ്രത്യക്ഷജ്ഞാനമെന്നു പറയുന്നത്. പരോക്ഷമെന്നാൽ അക്ഷ:പരം. അതായത് ഇന്ദ്രിയങ്ങൾക്ക് വ്യാപ്തിയില്ലാത്തത്. അനുമാനം മുതലായ പ്രമാണങ്ങളാൽ മാത്രം അറിയപ്പെടുന്നതാണ് പരോക്ഷം. ഇപ്പോൾ പരോക്ഷമായ ചില വിഷയങ്ങൾ പിന്നീടു വല്ലപ്പോഴും പ്രത്യക്ഷമാവാൻ വിരോധമില്ല. ഉദാഹരണത്തിനു ന്യൂയോർക്ക് എന്ന നഗരം ഇപ്പോൾ എനിക്ക് പരോക്ഷമാണ്. എന്നാൽ ഞാൻ വിമാനത്തിൽ കയറി ആ നഗരത്തിലെത്തിയാൽ അതെനിക്ക് പ്രത്യക്ഷമാകും. പക്ഷേ ചില വിഷയങ്ങൾ നിത്യപരോക്ഷങ്ങളാണ്. സ്വർഗ്ഗം മുതലായവ. അത് ഇപ്പോൾ എനിക്കുള്ള ഇന്ദ്രിയങ്ങൾക്ക് ഒരിക്കലും വിഷയമായി തീരില്ല. മരണശേഷം ലഭിക്കുന്ന വിശേഷ ഇന്ദ്രിയങ്ങൾക്കേ അത് വിഷയമാകൂ. പക്ഷേ ആസ്തികന്മാർ വേദത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് അതിനെ വിശ്വസിക്കയും അതിനെ പ്രാപിക്കാൻ ഇച്ഛിക്കുന്നവർ വേദത്തിൽ പറഞ്ഞ ഉപായങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

ഇനിയുള്ളത് അപരോക്ഷമാണ്. അത് വിവക്ഷിക്കുന്നത്, പ്രത്യക്ഷവും പരോക്ഷവുമല്ലാത്തതായ അറിവിനെയാണ്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിലൂടെയോ,

അനുമാനം മുതലായ പരോക്ഷപ്രമാണങ്ങളിലൂടെയോ അല്ലാതെ ലഭ്യമാവുന്ന അറിവ്. ഒരു പ്രമാണത്തിന്റെയും സഹായമില്ലാതെ അറിയാൻ കഴിയുന്നതായ അറിവാണ് അപരോക്ഷത. ഞാൻ എന്ന സത്തയെ നാമൊക്കെ അറിയുന്നത് അപരോക്ഷമായാണ്. ബ്രഹ്മത്തിനെയും നമുക്കറിയേണ്ടത് അപരോക്ഷമായാണ്. അതായത് ബ്രഹ്മത്തെ ഞാനായിട്ടാണ് അറിയേണ്ടത്.

ജീവൻ വാസ്തവത്തിൽ ഈശ്വരൻ തന്നെയാണെന്നു യുക്തികൊണ്ടു നമുക്ക് ബോധ്യമായല്ലോ. ശ്രുതി അല്ലെങ്കിൽ ഉപനിഷത്തുകളും ഈ തത്ത്വം തന്നെ. സത്യം ജ്ഞാനമനന്തം എന്നിങ്ങനെ നമ്മുടെ സ്വരൂപത്തെ പറയുന്നു. അങ്ങിനെ യുക്തിയിലൂടെയും ശ്രുതിയിലെ വിവരണങ്ങൾ കൊണ്ടും നമുക്ക് കിട്ടുന്നത് ജീവനും ഈശ്വരനും തമ്മിലുള്ള അഭിന്നതയുടെ പരോക്ഷമായ അറിവാണ്. അപരോക്ഷ വാക്യങ്ങളിലൂടെ ആ സത്യത്തെ അനുഭവമാക്കണം. ജീവബ്രഹ്മതാദാത്മ്യത്തെ പ്രതിപാദിക്കുന്ന ഉപനിഷ ത്തുകളിലെ അപരോക്ഷ വാക്യങ്ങളെ മഹാവാക്യങ്ങൾ എന്നു പറയും. നമുക്ക് മനസ്സിലാക്കേണ്ട വസ്തുത, പരോക്ഷമായി അറിഞ്ഞ ബ്രഹ്മത്തെ മഹാവാക്യങ്ങളുടെ നിദിദ്ധ്യാസനത്താൽ അപരോക്ഷമായി സാക്ഷാത്കരിക്കണം. അതായത് ഞാനും ബ്രഹ്മവും അപരോക്ഷമായ ഒരേ സത്യം തന്നെയാണെന്നു അനുഭവപ്പെടണം. അതു തന്നെ പരമപുരുഷാർത്ഥമായ മോക്ഷം. അതു സാധിച്ചാൽ പിന്നെയൊന്നും ചെയ്യാനില്ല. ജീവൻ , തന്റെ ജീവത്വം എന്ന ദയനീയ അവസ്ഥ വിട്ട്, അപരിച്ഛിന്ന ആനന്ദമായ ബ്രഹ്മമാണു താനെന്നറിയുന്നു.

അംഗീകരിക്കപ്പെട്ട മഹാവാക്യങ്ങൾ നാലാണ്. വേറെയും ഇല്ലാതില്ല. എങ്കിലും നാലെണ്ണത്തിനാണ് പ്രസിദ്ധി. പ്രജ്ഞാനം ബ്രഹ്മ, അഹം ബ്രഹ്മാസ്മി, അയമാത്മാ ബ്രഹ്മ, തത്ത്വമസി എന്നിവയാണ് ഈ നാലെണ്ണം. അവയോരോന്നും നാലുവേദങ്ങളിൽ ഓരോന്നിൽ നിന്നും എടുത്തവയാണ്.

ഋഗ്വേദത്തിലെ ഐതരേയോപനിഷത്തിലേതാണ് പ്രജ്ഞാനം ബ്രഹ്മ എന്ന മഹാവാക്യം അതിന്റെയർത്ഥം വിദ്യാരണ്യമുനി എങ്ങിനെയാണ് പറയുന്നത് എന്നു നോക്കാം.

യേനേക്ഷതേശൃണോതീദം
ജിഘ്രതി വ്യാകരോതി ച സ്വാദസ്വാദൂ വിജാനതി
തത് പ്രജ്ഞാനമുദിരിതം.

പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, ചെവി, ത്വക്ക്, മൂക്ക്, നാക്ക് എന്നിവയിലൂടെ മനസ്സിൽ രൂപപ്പെടുന്ന അഞ്ചുരൂപത്തിലുള്ള വിഷയവത്തികളെ അറിയുന്ന ചൈതന്യമാണ് ഈ വാക്യത്തിലെ പ്രജ്ഞാനം എന്ന വാക്ക് ദ്യോതിപ്പിക്കുന്നത്.

ചതുർമുഖേന്ദ്രദേവേഷു മനുഷ്യാശ്വഗവാദിഷു
ചൈതന്യമേകം ബ്രഹ്മാത:
പ്രജ്ഞാനം ബ്രഹ്മമയ്യപി

പ്രജ്ഞാനം ബ്രഹ്മ എന്ന മഹാവാക്യത്തിലെ ബ്രഹ്മം എന്ന പദത്തിന്റെ അർത്ഥം പറയുന്നു. ബ്രഹ്മാവ്, ഇന്ദ്രൻ മുതലായ ഉത്തമശരീരങ്ങളിലും, മനുഷ്യാദി മദ്ധ്യമന്മാരിലും പശുവാദി താണനിലയിലുള്ള ശരീരങ്ങളിലും, ആകാശാദി പഞ്ചഭൂതങ്ങളിലും സ്ഥിതി ചെയ്യുന്നതും ജഗത്തിന്റെ ഉത്പത്തി സ്ഥിതിലയാദികൾക്ക് കാരണമായതുമായ ഏതൊരണ്ടു ചൈതന്യമുണ്ടോ, അതിനെയാണ് ഈ മഹാവാക്യത്തിൽ ബ്രഹ്മ ശബ്ദം കൊണ്ടു കാണിക്കുന്നത്.

ഇനി മറ്റൊരു മഹാവാക്യമായ യജുർവേദത്തിലെ ബൃഹദാരണ്യകോപനിഷദിൽ പറഞ്ഞിരിക്കുന്ന 'അഹം ബ്രഹ്മാസ്മി' യെക്കുറിച്ച് വിദ്യാരണ്യമുനീശ്വരൻ എന്താണ് ഉപദേശിക്കുന്നതെന്നു നോക്കാം.

പരിപൂർണ്ണ : പരാത്മാസ്മിൻ
ദേഹേ വിദ്യാധികാരിണി
ബുദ്ധേ: സാക്ഷിതയാ
സ്ഥിത്വാ
സ്ഫുരന്നഹമിതീര്യതേ.

നിർവിശേഷവും അനന്തവുമായ പരചൈതന്യം ആത്മവിദ്യക്കധികാരിയായ മുനഷ്യന്റെ ബുദ്ധിക്കും മനസ്സിനും സാക്ഷിയായി വിളങ്ങുമ്പോൾ അതു, അഹം ശബ്ദത്താൽ അറിയപ്പെടുന്നു.

സ്വത: പൂർണ്ണ പരാത്മത്ര
ബ്രഹ്മശബ്ദേന വർണ്ണിത :
അസ്മിതൈക്യപരാമർശ:
തേന ബ്രഹ്മ ഭവാവമ്യേഹം.

പരിപൂർണ്ണമായ പരമാത്മാവാണ് ഈ വാക്യത്തിലെ ബ്രഹ്ണശബ്ദത്തിനർത്ഥം. അസ്മി എന്ന പദം, സാക്ഷി ചൈതന്യമായ പരമാത്മാവും ദേശകാലവസ്തു പരിഛേദമില്ലാത്ത ബ്രഹ്മാവും ഒന്നുതന്നെയെന്നു കാണിക്കുന്നു. ഇങ്ങിനെ ഈ മഹാവാക്യത്തിലെ മൂന്നു ശബ്ദങ്ങളാൽ ഞാൻ ബ്രഹ്മം തന്നെയെന്ന് പറയുന്നു.

അടുത്തായി അഥർവ്വവേദത്തിലെ മുണ്ഡകോപനിഷത്തിൽ വരുന്ന 'അയമാത്മാ ബ്രഹ്മ' എന്ന മഹാവാക്യത്തെ കുറിച്ച് ഗുരുവര്യൻ എന്താണ് പറയുന്നതെന്ന് നോക്കാം.

സ്വപ്രകാശാപരോക്ഷത്വ
മയമിത്യുക്തിതോമതം
അഹങ്കാരാദി ദേഹാന്താൽ
പ്രത്യഗാത്മേതിഗീയതേ

അയം (ഈ) എന്ന ശബ്ദം കൊണ്ടുദ്ദേശിക്കുന്നത് പ്രകാശത്തെയും അപരോക്ഷതയുമാണ്. അതായത് ഏറ്റവും സമീപത്തുള്ള സത്ത. ആത്മശബ്ദത്തിനു സന്ദർഭമനുസരിച്ച്, ദേഹം പ്രാണൻ, മനസ്സ് എന്നൊക്കെ അർത്ഥം പറയാറുണ്ട്. എന്നാൽ ഇവിടെ ആത്മശബ്ദം ഉപയോഗിച്ചിരിക്കുന്നത് മനസ്സ്, ഇന്ദ്രിയങ്ങൾ പ്രാണൻ മുതലായി സ്തൂലശരീരം വരെയുള്ള എല്ലാത്തിലും വ്യാപിച്ച് അവയ്ക്കധിഷ്ഠാനവും സാക്ഷിയുമായ ചൈതന്യത്തെയാണ്.

അപ്പോൾ 'അയം ആത്മാ' എന്നാൽ സ്വപ്രകാശവും അപരോക്ഷവുമായ ആന്തര ചൈന്യമെന്നർത്ഥം.

ദൃശ്യമാനസ്യ സർവ്വസ്യ
ജഗതസ്തസ്ത്വമീര്യതേ
ബ്രഹ്മശബ്ദേന തൽ ബ്രഹ്മ
സ്വപ്രകാശാത്മരൂപകം.

ദൃശ്യജഗത്തിനു അധിഷ്ഠാനവും എന്നാൽ ജഗത്താൽ അബാധിതവും സ്വപ്രകാശരൂപവും ആയ അപരിച്ഛിന്ന ചൈതന്യത്തെയാണ് ബ്രഹ്മം എന്ന് ഈ വാക്യത്തിൽ പറയുന്നത്.

ഇങ്ങിനെ ഓരോ ശരീരത്തിലും പ്രകാശാനന്ദരൂപമായി സർവ്വവ്യത്തി സാക്ഷിയായി വിളങ്ങുന്ന ആത്മാവ്. ബ്രഹ്മം തന്നെയാണെന്ന് ഈ വാക്യം ബോധിപ്പിക്കുന്നു.

ഈ പറഞ്ഞ മൂന്നു മഹാവാക്യങ്ങളും ജീവബ്രഹ്മങ്ങളുടെ താദാത്മ്യമാണ് പ്രതിപാദിക്കുന്നത്. തത്ത്വമസിയുടെ നിരൂപണം അടുത്ത ലേഖനത്തിൽ ചെയ്യാം.

ചില പണ്ഡിതന്മാർ നാലുമഹാവാക്യങ്ങളെ നാലു വിധത്തിൽ തരം തിരിക്കാമെന്നു പറയാറുണ്ട്. തത്ത്വമസി ഒരു ഉപദേശവാക്യമാണെന്നും, പ്രജ്ഞാനം ബ്രഹ്മ ലക്ഷണവാക്യമാണെന്നും, അഹം ബ്രഹ്മാസ്മി അനുഭവവാക്യമാണെന്നു, അയമാത്മ ബ്രഹ്മ നിദിദ്ധ്യാസനവാക്യമാണെന്നുമാണ് അവരുടെ അഭിപ്രായം.

പക്ഷേ അതിന് അംഗീകാരം കുറവാണ്. മഹാവാക്യങ്ങളുടെ ഉദ്ദേശ്യം ജീവബ്രഹ്മൈക്യം പ്രതിപാദിക്കലാണ്. അതിൽ ഏതു വേണമെങ്കിലും ഉപദേശത്തിനുമെടുക്കാം ധ്യാനത്തതിനുമെടുക്കാമെന്നാണ് സാർവത്രികമായ അഭിപ്രായം.

വേദാന്തതത്ത്വങ്ങളെ അപഗ്രഥിക്കുന്ന രീതിയെ പ്രക്രിയയെന്നു പറയും. മിക്കവാറും ശിഷ്യന്റെ അധികാരിത്വമനസരിച്ചാണ് ആചാര്യന്മാർ പ്രക്രിയ തിരഞ്ഞെടുക്കുക.

പ്രധാനമായും മൂന്നു പ്രക്രിയകളാണ് അവലംബിച്ചു പോരുന്നത്. അജാതവാദം, ദൃഷ്ടിസൃഷ്ടിവാദം, വ്യാവഹാരികവാദം എന്നിങ്ങനെയാണ് ആ മൂന്ന് .

**1. അജാതവാദം :**

ഏതൊരു മതത്തിൽ പരമാർത്ഥിക സത്തയാകുന്ന ഒരു ചൈതന്യത്തെ മാത്രം അംഗീകരിക്കുന്നുവോ, അതിനെ അജാതവാദം എന്നു പറയും. ഇത് ഉത്തമാധികാരികളെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നാണ് പറയുക. ഗൗഡപാദാചാര്യർ തന്റെ മാണ്ഡൂക്യകാരികയിൽ ഈ രീതിയാണ് അവലംബിച്ചിട്ടുള്ളത്.

**2. ദൃഷ്ടിസൃഷ്ടിവാദം :**

ഈ പ്രക്രിയയിൽ പാരമാർത്ഥിക സത്തയോടൊപ്പം പ്രാതിഭാസിക സത്തയേയും അംഗീകരിച്ചുകൊണ്ടാണ് അപഗ്രഥനം

**3. വ്യാവഹാരികവാദം :**

നമ്മെ പോലുള്ള ലൗകികർക്ക് ഈ രീതിയാണ് നല്ലത്. ഇതു പാരമാർത്ഥികം. പ്രാതിഭാസികം വ്യാവഹാരികം എന്നീ മൂന്നു സത്തകളേയും കണക്കിലെടുക്കുന്നു. ഈ മാർഗ്ഗത്തിലൂടെയാണ് ഗുരുദേവൻ ശ്രീ വിദ്യാരണ്യമുനി മേൽപ്പറഞ്ഞ മൂന്നു മഹാവാക്യങ്ങളുടെയും അർത്ഥം പറഞ്ഞത്.

വാക്കിനും വാക്യങ്ങൾക്കും ചിലപ്പോൾ വാച്യാർത്ഥത്തെ വിട്ടു കളഞ്ഞ് ലക്ഷ്യാർത്ഥത്തെ എടുക്കേണ്ടി വരും.

കൂടസ്ഥൻ, ജീവൻ, ഈശ്വരൻ, ബ്രഹ്മം എന്നിങ്ങനെ ചൈതന്യം നമുക്കു നാലു തരത്തിൽ വെളിപ്പെടുന്നു. മുൻ പറഞ്ഞ മൂന്നു മഹാവാക്യങ്ങളിൽ പ്രജ്ഞാനം, അഹം, അയം, ആത്മാ എന്നിവയ്ക്ക് കൂടസ്ഥൻ ലക്ഷ്യാർത്ഥവും ജീവൻ വാച്യാർത്ഥവുമാണ്. ബ്രഹ്മപദത്തിനു ഈശ്വരൻ വാച്യാർത്ഥം ബ്രഹ്മം ലക്ഷ്യാർത്ഥം.

പ്രസിദ്ധമായ തത്ത്വമസി മഹാവാക്യത്തിന്റെ നിരൂപണം ഭഗവദ്പാദരുടെ വാക്യവൃത്തിയുടെ സഹായത്തോടെ അടുത്ത ലേഖനത്തിൽ ചെയ്യാം.

***

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# യോഗ ചതുഷ്ടയം

എം.ആർ.എസ്. മേനോൻ - 9037126220

**ഭാഗം - 1**

**യോ**ഗം എന്നാൽ യോജിക്കുക, ഒന്നായിച്ചേരുക എന്നർത്ഥം. വ്യക്തിസത്തയും പരമസത്തയും തമ്മിൽ യോജിക്കുന്നതാണ് യോഗം. സനാതനധർമ്മം വ്യക്തിയുടെ ജീവിതദർശനങ്ങൾക്കനുസരിച്ച് വ്യത്യസ്ഥങ്ങളായ മാർഗ്ഗങ്ങൾ ഈശ്വര സാക്ഷാത്കാരത്തിന് പഠിപ്പിക്കുന്നു. സെമിറ്റിക് മതങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സഗുണകാരനായ ഈശ്വരനും ആ ഈശ്വരനിലേക്കുള്ള വിശ്വാസത്തിന്റെ മാർഗ്ഗവും മാത്രമാണ് ഈശ്വരനിലേക്കുള്ള ഏക വഴി. സനാതനധർമമാകട്ടെ വ്യക്തികളുടെ ഗുണങ്ങൾക്കനുസരിച്ച് വിഭിന്നങ്ങളായ മാർഗ്ഗങ്ങൾ ഈശ്വരനിലേക്കുണ്ടെന്ന് പഠിപ്പിക്കുന്നു.

പ്രധാനമായി യോഗമാർഗ്ഗങ്ങളെ ഭക്തിയോഗം, കർമ്മയോഗം, ജ്ഞാനയോഗം, രാജയോഗം എന്നിങ്ങനെ നാലായി തിരിക്കാം. ഇവ ഓരോ വ്യക്തിയിലും വ്യത്യസ്ഥ അനുപാതത്തിൽ ഉണ്ടായിരിക്കും. ഏത് ആണ് മുന്തി നിൽക്കുന്നത് അത് വ്യക്തിയുടെ മാർഗ്ഗമായി കരുതാം. ഇവ നാലും കൂടാതെ നിരവധി ഉപാസനാമാർഗ്ഗങ്ങൾ ഹിന്ദു മതത്തിൽ ഉണ്ട്. തന്ത്ര ശാസ്ത്രം ഇതിന് ഉദാഹരണമാണ്.

ഭക്തിയോഗം ഏറ്റവും ലളിതമായ മാർഗ്ഗമാണ്. ഭക്തിശാസ്ത്ര ഗ്രന്ഥമായ നാരദഭക്തിസൂത്രങ്ങളിൽ നാരദൻ പറയുന്നത് ഭക്തിയുടെ സ്വരൂപം പരമപ്രേമമാകുന്നു എന്നാണ്. അത്തരം ഭക്തി നമ്മേ മുക്തിയിലേക്ക് നയിക്കും.

വാസ്തവത്തിൽ ജ്ഞാനവും ഭക്തിയും തമ്മിൽ അന്തരമില്ലെന്ന് നമുക്ക് പഠനത്തിലൂടെയും അനുഭവത്തിലൂടെയും വ്യക്തമാകും. ഭക്തി ഏറ്റവും എളുപ്പമായുള്ള മാർഗ്ഗമാണ്. ഗീത പന്ത്രണ്ടാം അദ്ധ്യായത്തിൽ ആദ്യ ശ്ലോകത്തിൽ സാകാരരൂപത്തിലും നിരാകാര രൂപത്തിലും ഈശ്വരനെ ഉപാസിക്കുന്നതിൽ ഏതാണ് ശ്രേഷ്ഠത്വം എന്ന് അർജുനൻ ഭഗവാനോട് ചോദിക്കുന്നുണ്ട്. നിർഗുണ ഉപാസന ക്ലേശകരമാണെന്നും എല്ലാ കർമ്മങ്ങളും ഭഗവാനിൽ അർപ്പിച്ച് ഭഗവാനെ പരമ ലക്ഷ്യമായി കണ്ട് ഉപാസിക്കുന്നവരെ താൻ കരകയറ്റുന്നുവെന്നും ഭഗവാൻ മറുപടി പറയുന്നു. ഭക്തിയാണ് പരമലക്ഷ്യത്തിൽ എത്തിച്ചേരാൻ സുഗമമായ മാർഗ്ഗമെന്നു ഇതിൽ നിന്ന് വ്യക്തം.

ഭക്തി അതിന്റെ പ്രാരംഭാവസ്ഥയിൽ നിന്ന് (ഗൗണി) ഉയർന്ന തലത്തിൽ എത്തുമ്പോൾ (പരാ) ജ്ഞാനത്തിലേക്ക് നയിക്കുന്നു. ഉത്തമ ഭക്തന്റെ ലക്ഷണങ്ങൾ ഗീത വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. "അദ്വേഷ്ടാ സർവ്വഭൂതാനാം...മുതൽ തുല്യനിന്ദാസ്തുതിർ മൗനി വരെ (ഗീത 12.12 മുതൽ 19 വരെ) ഭക്തന്റെ 22 ലക്ഷണങ്ങൾ ഗീത പറയുന്നുണ്ട്. ഇവയെല്ലാം ഒരു സ്ഥിതപ്രജ്ഞന്റെ, ജ്ഞാനിയുടെ ലക്ഷണങ്ങൾ ആണെന്ന് കാണാം. സാമ്പ്രദായിക രീതിയിലല്ല ഗീത ഭക്തനെ നിർവ്വചിച്ചിരിക്കുന്നത്.

ഭാഗവതന്റെ ധർമ്മങ്ങൾ ഏവ എന്ന ചോദ്യത്തിന് ശ്രീമദ് ഭാഗവതം നൽകുന്ന ഉത്തരം ഇങ്ങിനെയാണ് "സർവ്വഭൂതങ്ങളിലും വാഴുന്ന ആത്മാവ് ശ്രീഭഗവാൻ തന്നെയാണെന്നും സർവ്വ ഭൂതങ്ങളും ഭഗവാനിൽ വസിക്കുന്നുവെന്നും കാണുന്നവനത്രേ ഭാഗവതോത്തമൻ. ഈശ്വരനിൽ പ്രേമവും തദ്ഭക്തന്മാരിൽ മൈത്രിയും അജ്ഞരിൽ കരുണയും ശത്രുക്കളിൽ ഉപേക്ഷയും പുലർത്തുന്നവൻ മധ്യമ ഭക്തനാകുന്നു. വിഗ്രഹത്തിൽ മാത്രം ശ്രദ്ധയോടെ ഹരിയെ പൂജിക്കുകയും ഹരിഭക്തന്മാരിലോ അന്യരിലോ ഭക്തിയില്ലാതിരിക്കുകയും ചെയ്യുന്നവനാണ് പ്രാകൃത ഭക്തൻ". നാം ഇന്ന് ഭക്തൻ എന്ന് കരുതുന്നവർ ബഹുഭൂരിപക്ഷം പ്രാകൃത ഭക്തരാണെന്ന് ഇതിൽ നിന്ന് വ്യക്തം. ഇക്കാണുന്ന ജഗത്ത് മുഴുവൻ ഭഗവാൻ തന്നെയെന്നറിഞ്ഞ ഉത്തമ ഭക്തൻ സംസാര ധർമ്മങ്ങളിൽ മോഹിതനാവുന്നില്ല. ജന്മം കൊണ്ടോ കർമ്മം കൊണ്ടോ വർണ്ണാശ്രമം കൊണ്ടോ ഉത്തമ ഭക്തൻ ശരീരത്തിൽ അഭിമാനം ഇല്ലാത്തവനാണ്.

"ഭക്തിയൊന്നൊഴിഞ്ഞു മറ്റില്ല കാരണമേതും മുക്തി വന്നീടുവാനുമില്ല മറ്റേതുമൊന്നും" എന്നാണ് അദ്ധ്യാത്മ രാമായണം പറയുന്നത്. തീർത്ഥ സ്നാനം, തപസ്സ്, ദാനം, വേദാധ്യയനം, ക്ഷേത്രോപവാസം, യാഗം ഇവ കൊണ്ടൊന്നും മുക്തി ലഭിക്കുന്നില്ലന്നും ഭക്തി മാത്രമാണ് മുക്തിക്ക് വഴിയെന്നും അദ്ധ്യാത്മരാമായണം വ്യക്തമാക്കുന്നു. (ആരണ്യകാണ്ഡം, ശബര്യാശ്രമപ്രവേശനം) ഭക്തിക്ക് ഗൗണി (പ്രാരംഭം) എന്നും പര (ഉച്ചതമം) എന്നും രണ്ടു തലങ്ങളുണ്ട്. ഭാഗവതത്തിലെ പ്രാകൃത ഭക്തൻ ഗൗണി ഭക്തനാണ്. ഇതാണ് ഭക്തിയുടെ തുടക്കം. അവരുടെ ഭക്തി ഭൗതിക സുഖങ്ങൾക്ക് വേണ്ടി മാത്രം. അതിലൂടെ ഉയർന്ന് പരാ ഭക്തിയിലെത്തുമ്പോൾ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളിലും ഈശ്വര സ്വരൂപം മാത്രമായി മാറുന്നു. ഭക്തന് പ്രാഥമിക തലത്തിൽ ഒരു ഉപാധി ആവശ്യമായി വരുന്നു. ഈശ്വരന്റെ രൂപം ഇത്തരം ഒരുപാധി മാത്രമാണ്. സഗുണ രൂപത്തിലുള്ള ഉപാസനയെ പറ്റി സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറയുന്നു. മനുഷ്യപ്രകൃതിയിൽ നിന്ന് ഉയർന്ന് ഈശ്വരന്റെ തലത്തിൽ എത്തുന്നത് വരെ ഈശ്വരനെ മനുഷ്യരൂപത്തിൽ ആരാധിക്കേണ്ടി വരും. നാം മനുഷ്യപ്രകൃതി കൊണ്ട് പരിമിതനാണ്. ഈശ്വരനെ മനുഷ്യഭാവത്തിൽ ആരാധിക്കാത്ത രണ്ടു കൂട്ടരെ ഉള്ളൂ. ഒന്ന് മതബോധം ഇല്ലാത്ത മൃഗസമാന മനുഷ്യൻ, മറ്റൊന്ന് മനുഷ്യന്റെ പരിമിതികളെ അതിലംഘിച്ച പരമഹംസൻ. ഇതിൽമനുഷ്യ പശു അജ്ഞാനി, പരമഹംസൻ ജീവന്മുക്തൻ, ഭക്തിയുടെ സ്വരൂപം സ്നേഹമാണ്. സ്നേഹം എല്ലാ ജന്തുക്കൾക്കും സഹജമായ ഭാവവും സ്നേഹിക്കാൻ മനുഷ്യന് എളുപ്പം നശ്വരമായ വിഷയങ്ങളെ സ്നേഹിച്ചാൽ ദു:ഖമാവും ഫലം. പുത്രകളത്രാദികളേയും ധനധാന്യാദികളെയും കുറിച്ചുള്ള സ്നേഹം ഈശ്വരന് നേരെ തിരിഞ്ഞാൽ അത് ഭക്തിയായി. ഈ ഭക്തി ക്രമേണ പരാഭക്തിയായിത്തീരും. ഭക്തിയുടെ പ്രാഥമികാവസ്ഥയിൽ ശ്രവണം കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നി ഘട്ടങ്ങൾ ഉണ്ട്. ഈ ഘട്ടങ്ങൾ പുരാണകഥകളിൽ വിസ്തരിച്ചിട്ടുണ്ട്. ഭക്തി വളരാൻ ഇതൊക്കെ ആവശ്യം. ഭഗവാനിൽ പ്രേമം ഉദിക്കാത്തിടത്തോളം ഭക്തി അപക്വമാണെന്നാ

ണ് ശ്രീരാമകൃഷ്ണ ദേവന്റെ അഭിപ്രായം. ശ്രീരാമകൃഷ്ണ ദേവൻ പറയുന്നു. ഭഗവാനെ ലഭിക്കണമെങ്കിൽ ഏതെങ്കിലും ഒരു ഭാവത്തെ ആശ്രയിക്കണം. ശാന്തം, ദാസ്യം, സഖ്യം, വാത്സല്യം, മധുരം ഇവയിൽ ഏതെങ്കിലും ഒന്ന്. ഋഷിമാരുടെ ഭാവമാണ് ശാന്തം. ഹനുമാന്റെ ദാസ്യം. സുദാമാവിന്റെ ഭാവമാണ് സഖ്യം. യശോദക്ക് വാത്സല്യഭാവം മധുരഭാവം രാധക്ക്. നിരന്തര സാധന ചെയ്യുമ്പോൾ പ്രേമ ശരീരം ലഭിക്കും. അതിൽ പ്രേമ ചക്ഷുസ്സ് ഉണ്ടായിരിക്കും. ആ ദിവ്യചക്ഷുസ്സ് കൊണ്ട് ഈശ്വരനെ കാണാൻ സാധിക്കും.ശ്രീരാമകൃഷ്ണവചനാമൃതം 1.71) ശ്രീരാമകൃഷ്ണ ദേവൻ ഈ ഭാവങ്ങളിലെല്ലാം തീവ്രമായ പ്രേമം കൊണ്ട് ഈശ്വരന്റെ വിവിധ നാമരൂപങ്ങളെ ഒരു ശരീരത്തിൽ ഇരുന്ന് പ്രത്യക്ഷപ്പെടുത്താൻ കഴിഞ്ഞു. വിഷയബുദ്ധി ഉള്ള മനസ്സ് നനഞ്ഞ തീപ്പെട്ടിക്കോലു പോലെയാണ് എന്നാണ് ശ്രീരാമകൃഷ്ണൻ പറയുന്നത്. ആയിരം എണ്ണം ഉരച്ചാലും ഒന്നും കത്തില്ല. ഭഗവാനിൽ യഥാർത്ഥ ഭക്തി കൈവന്നാൽ എല്ലാ ബന്ധങ്ങളും വിടും. വിഷയാസക്തി നഷ്ടപ്പെടുന്നതോടെ ഭഗവത് ദർശനം ലഭിക്കും. യഥാർത്ഥ ഭക്തി ജ്ഞാനത്തിലേക്ക് നയിക്കും. ഈശ്വരനിൽ പ്രേമം ഉണ്ടായാൽ ഭക്തിയായി. ഭക്തിയുടെ ശുദ്ധമായ പ്രേമ ഭക്തി ഉണ്ടായാൽ ജ്ഞാന വൈരാഗ്യങ്ങൾ താനെ വന്നു ചേരും ഇന്ന് ഭക്തി കച്ചവടമായിക്കഴിഞ്ഞു. പ്രേമത്തേക്കാൾ കൊടുക്കൽ വാങ്ങലാണ് ഇന്ന് ഭക്തി. ബാഹ്യമായ ആചരണമല്ല ഹൃദയത്തിലെ പ്രേമമാണ് ഭക്തി. ബഹുഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഭക്തിയാണ് ഈശ്വരനിലേക്കുള്ള എളുപ്പ വഴി. അതിനാൽ നാലു യോഗങ്ങളിൽ, ലൗകിക വ്യാപാരങ്ങളിൽ ഇടപഴകി ജീവിക്കുന്നവർക്കു ഭക്തി തന്നെ സുഗമമാർഗ്ഗം.

*(തുടരും)*

***

### *(പേജ് 51 ന്റെ തുടർച്ച)*

"Psycho Linguistic and Neuro Linguistic Effect" എന്ന് അറിയപ്പെടുന്നു. ഗായത്രി നിരന്തരം കേൾക്കുകയോ ജപിക്കുകയോ ചെയ്താൽ തലച്ചോറിൽ 14 തരത്തിലുള്ള Cumulative Chemicals ഉത്പാദിപ്പിച്ച് ഏകാഗ്രത വർദ്ധിപ്പിക്കുന്നതായി ഗവേഷണങ്ങൾ പറയുന്നു. അപ്പോൾ പ്രചോദിതമായ ബുദ്ധികൊണ്ട് എടുക്കുന്ന തീരുമാനങ്ങൾ കൃത്യവും തെറ്റില്ലാത്തതും ആവും. ജീവിതം സുഖകരവും ആവും. വൈദിക കാലഘട്ടത്തിൽ ചെറുപ്രായം മുതൽ ഗായത്രി ജപിക്കാൻ പരിശീലിപ്പിച്ചിരുന്നു. ഋഷീശ്വരന്മാർ നിർദ്ദേശിച്ചിട്ടുള്ളത് ഗായത്രി മൂന്നു സന്ധ്യകളിൽ ജപിക്കണം എന്നാണ്. ജീവിതമാകുന്ന സന്നിഗ്ദ്ധ ഘട്ടത്തിൽ ശരിയായ തീരുമാനമെടുക്കുവാൻ ബുദ്ധിയെ പ്രചോദിതമാക്കാനാണ് ഗായത്രീ ജപിക്കുന്നത്. സാമൂഹിക കഴിവുകൾ, സമാനുഭാവം, ഉത്തരവാദിത്തം, ജീവിതാനുഭവങ്ങൾ എന്നിവയുൾക്കൊള്ളുന്ന ഒരു വ്യക്തിയുടെ സ്വഭാവവൈഭവമാണ് വൈകാരിക പക്വത അല്ലെങ്കിൽ വൈകാരിക ബുദ്ധി എന്ന് നാം മനസ്സിലാക്കി. ഒരു വ്യക്തി സ്വതന്ത്രനായിരിക്കുമ്പോൾ പക്വത പ്രാപിക്കുന്നുവെന്നും സ്വയം ചിന്തിക്കാൻ കഴിയുമെന്നും പൊതുവെ പറയപ്പെടുന്നു.

വ്യക്തി അവരുടെ പ്രവർത്തനം, അനുഭവങ്ങൾ ലോകത്തെ കാണാനും വ്യാഖ്യാനിക്കാനും ഉള്ള രീതി അവരുടെ വൈകാരിക കഴിവുകൾ, വ്യക്തിഗത വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിന് അവർ സമർപ്പിക്കുന്ന ശ്രമങ്ങൾ എന്നിവയിലൂടെ വൈകാരിക പക്വത വികസിക്കുന്നു.

***

1197 മേടം 1 - 30

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,

Mob : 9447696190, 9447354306

# മാസഫലം

**2022 ഏപ്രിൽ 14 മുതൽ മെയ് 14 വരെ**

**ജ്യോതിഷാചാര്യ: വിജയ മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) ആത്മനിയന്ത്രണം അത്യാവശ്യമുള്ള കാലമാണ്. ഉന്നത വിദ്യാഭ്യാസത്തിൽ തടസ്സങ്ങൾ ഉണ്ടാകാം. അന്തസ്സും ആദരവും കിട്ടുന്ന സമയമാണ്. എന്നിരുന്നാലും ബന്ധുമിത്രാദികളുമായി സ്വരച്ചേർച്ചക്കുറവും വരാം. യാത്രാക്ലേശത്തിനും നേത്ര, ഉദര പീഡകൾക്കും സാദ്ധ്യത കാണുന്നു. ഈശ്വരാധീനത്തിനായി വിഷ്ണുവിനെയും ദശാനാഥനെയും പ്രീതിപ്പെടുത്തുക.



ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) വിദേശയാത്രയും ധനപ്രാപ്തിയും (ഒപ്പം ധനനഷ്ടവും) പൊതുകാര്യങ്ങളിൽ താൽപര്യവും ഉണ്ടാകും. കുടുംബകാര്യങ്ങളിൽ മികവു പ്രകടിപ്പിക്കും. മാതാപിതാക്കളുമായി കൂടുതൽ ബന്ധപ്പെടും. സ്ഥാനചലനത്തിനും രോഗാദി കഷ്ടങ്ങൾക്കും സാദ്ധ്യതയുണ്ട്. ദശാനാഥനെ പ്രീതിപ്പെടുത്തുന്നത് ദോഷങ്ങൾ കുറയ്ക്കും.



മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം, കാര്യ ജയം, സൽക്കീർത്തി എന്നിവ ഫലം. കുടുംബ സമാധാനം, ധന പ്രാപ്തി ഇവയും പ്രാപ്തമാകും. തീർത്ഥയാത്ര ചെയ്യും. ഉത്സവാഘോഷങ്ങളിൽ പങ്കു ചേരും. ദോഷങ്ങൾ കുറയ്ക്കുവാനായി ദശാനാഥനെ ഭജിക്കുക.




കർക്കിടകക്കൂർ (പുണർതം 1/4, പൂയ്യം, ആയില്യം) ഉദ്യോഗപ്രാപ്തിയും, കാര്യജയവും ഐശ്വര്യവും സാമ്പത്തിക നേട്ടവും ഉണ്ടാകുമെങ്കിലും വീഴ്ചയ്ക്കും മാനഹാനിയ്ക്കും ബാദ്ധ്യതയുണ്ട്. പരദേശവാസം വേണ്ടി വരാം. വാഹനാപകടങ്ങൾക്കും രോഗത്തിനും സാദ്ധ്യതയുള്ളതിനാൽ ശ്രദ്ധിക്കുക. ദശാനാഥനെ ഭജിക്കുക. ശിവഭജനം നടത്തുക.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) ആസൂത്രിതമായി കാര്യങ്ങൾ ചെയ്ത മൂലം നേട്ടങ്ങൾ, കാര്യങ്ങളിൽ മാറ്റങ്ങളും പുതുമകളും കൊണ്ടുവരും. സഞ്ചാരപ്രിയത്വം, ജനസമ്മതി ഇവയുണ്ടാകും. പങ്കാളിയുമായി അസ്വാരസ്യമുണ്ടാകും. ദോഷങ്ങൾ കുറയ്ക്കുവാൻ ദശാനാഥനെ ഭജിക്കുക.



കന്നിക്കൂർ (ഉത്രം 2/4, അത്തം, ചിത്തിര 1/2) പങ്കാളിയുമായും മേലധികാരിയുമായും സഹപ്രവർത്തകരുമായും നേട്ടങ്ങളും ഗുണാനുഭവങ്ങളും പ്രതീക്ഷിക്കാം. വൃണങ്ങൾ, മുറിവുകൾ, മനസ്സമാധാനക്കുറവ് എന്നിവയ്ക്ക് സാദ്ധ്യതയുള്ള കാലമാണ്. ദോഷങ്ങൾ കുറയ്ക്കുവാനായി ശിവ അഷ്ടോത്തരം ജപിക്കുക. ദശാനാഥനെ ഭജിക്കുക.



തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) ദാമ്പത്യ ക്ലേശങ്ങളും യാത്രാ തടസ്സങ്ങളും, ധൈര്യക്കുറവും ബന്ധുജനങ്ങളുമായി അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകും. ബന്ധുവിരോധനത്തിനും കാരണമാകും. ഉദരരോഗത്തിനും സാദ്ധ്യത. ദോഷകാഠിന്യം കുറയ്ക്കുവാനായി ദേവിയെ ഭജിക്കുക. ദശാനാഥനെ പ്രീതിപ്പെടുത്തുക.



വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) സ്ഥാനമാനലബ്ധി, കാര്യസിദ്ധി, ആരോഗ്യപുഷ്ടി എന്നിവ ഫലം. നഷ്ടമായത് വീണ്ടെടുക്കുവാനുള്ള ഊർജ്ജസ്വലതയുണ്ടാകും. കീർത്തിയും അംഗീകാരവും ലഭിക്കും. മാറ്റങ്ങളോട് താൽപര്യമുണ്ടാകും. ദശാനാഥനെ ഭജിക്കുന്നത് ശ്രേയസ്കരം.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ജോലിയിൽ നല്ല പ്രകടനം കാഴ്ചവയ്ക്കും. മതപരമായ കാര്യങ്ങളിൽ ആഴത്തിലുള്ള പഠനം നടത്തും. താത്വികമായി ചിന്തിക്കും. സഞ്ചാരപ്രിയത്വം രോഗാരിഷ്ടതകളും അധികച്ചിലവുകളും കാരണം ബുദ്ധിമുട്ടനുഭവപ്പെടും. ദോഷശമനത്തിന് ദശാനാഥനെ ഭജിക്കുക.



മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) പുതിയ ബിസിനസ്പോലുള്ളവ ആരംഭിക്കും. പാരമ്പര്യത്തിലൂടെ നേട്ടമുണ്ടാക്കും. ശ്രദ്ധക്കുറവും വാക്കുകളിലെ കഠിനതയും പ്രശ്നങ്ങൾ സൃഷ്ടിക്കും. ബന്ധു ജനവിയോഗങ്ങളും ഗൃഹസുഖക്കുറവും ഉണ്ടാകും. ദോഷം കുറയ്ക്കുവാനായി ദശാനാഥനെ ഭജിക്കുക.



കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4) സ്ഥാനമാനലബ്ധിയും ധനധാന്യ, വർദ്ധനയും ഉദ്യോഗലബ്ധിയും ആരോഗ്യപുഷ്ടിയും ഫലം. മറ്റുള്ളവരിലൂടെ നേട്ടമുണ്ടാക്കും. ആരോഗ്യം വീണ്ടെടുക്കും. ദശാനാഥനെ പ്രീതിപ്പെടുത്തുന്നത് ശ്രേയസ്കരം.



മീനക്കൂർ (പൂരൂരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) ധനപുഷ്ടിയും വാഗ്വിലാസവും, ഐശ്വര്യപ്രദമാകും. സാഹിത്യ ഉദ്യമങ്ങളിൽ നിന്ന് നേട്ടമുണ്ടാക്കും. അച്ചടി, പത്രപ്രവർത്തനം, കമ്മീഷൻ ഏജൻസികൾ എന്നിവയിൽ നിന്നും നേട്ടം. വഞ്ചനകളിൽ അകപ്പെടാതെ സൂക്ഷിക്കുക. നേത്രരോഗത്തിനും സാദ്ധ്യത.



*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl,27/163cm,Pooruruttathi, Fair, B.Tech (E C), IT Company , Pref: IT Field, Mob:9142042020

Email:anilvempallil@gmail.com
Date of Birth:8-4-1994(6.14pm)
Sishta Dasa:

(top) ഗു ... ച

| | | | |
|---|---|---|---|
| ബു ര കു | ശു | ശി മാ | |
| ച മ | ഗ്രഹനില & അംശകം | | |
| | | | |
| | സ | ഗു | ല |

(left) ര മ മാ, ശി — (right) ല കു സ, ബു ശു

Contact Address:
MR.ANIL KUMAR
VEMPALLY
KADAKKARAPPALLY
CHERTHALA
ALAPPUZHA - 688529

---

Menon Girl, 24/ 165cm, Vishakham 1/4 (Vrischikam), B.Tech, Electronics & Bio-Medical Engineering, Software Engineer, Mob:9633144701

Email:seetha.lakshmy1969@gmail.com
Date of Birth:8-9-1997(1.40pm)
Sishta Dasa:Saturn:2-1-18

(top) കു ശി ബു

| | | | |
|---|---|---|---|
| മ | | | |
| ശി | ഗ്രഹനില & അംശകം | | |
| ഗു | | | ര സബു |
| ല മാ | ച | ശു കു | |

(right) ഗു, ല — (bottom) മ സ, ര മാ ശു, ച

Contact Address:
SMT. SEETHALAKSHMY
GFA, ROYAL CASTLE
KOTTAIKAKOM
TRIPUNITHURA
ERNAKULAM 682011

---

Nair Girl, 27/160cm , Makairam, Fair, MS(Engg), Design Engineer, USA, California, Pref: Alliance with someone based California or West Cost of USA,PH:0480-2703404, Mob: 9495803404

Email:santhosh187212@gmail.com
Date of Birth:10-03-1995(1.09am)
Sishta Dasa:Kujan:3-10-21.45

(top) മ ര ശു

| | | | |
|---|---|---|---|
| | ശി | ച | |
| ര മ | ഗ്രഹനില & അംശകം | | കു |
| ബു മാശു | | | |
| | ല ഗു | സ | |

(left) ല, സ, കു ഗു മാ — (right) ശി, ച ബു

Contact Address:
MR.SANTHOSH E
ELAYEDATH HOUSE
CHALAKUDY 680307

---

Nair Girl,24/150cm, Thrikketta, White, B.Com Finance & Taxation, HDC & BM Pursuing M.Com,Working at Kosamattam Finance Ltd- Branch Executive, Pref: Graduate,Govt/Private,must be Artistically interested,Mob:9744108310, 9061978085, 7510283107

Email:radhakrishnan96k@gmail.com
Date of Birth:10-09-1997(7.37am)
Sishta Dasa:

(top) കു ല ശി ബു ഗു

| | | | |
|---|---|---|---|
| മ | | | |
| ശി | ഗ്രഹനില & അംശകം | | |
| ഗു | | | ര ബു സ |
| | ച മാ | കു ശു | ല |

(left) ച മ — (bottom) ര ശു മാ സ

Contact Address:
MR.RADHAKRISHNAN
KUZHIKKARA HOUSE
PANANGAD P O
KOCHI 682506

---

മിനിക്കഥ

## കിറുക്ക്

ഉണ്ണിവാരിയത്ത്

അവൻ കുട്ടിക്കാലം തൊട്ടേ വാതോരാതെ വർത്തമാനം പറയും. വളരുന്തോറും വാചകമടി കൂടിക്കൂടി വന്നു. അതുകൊണ്ട് ആളുകൾ അവനെ കണ്ടാൽ അകന്നുപോയിത്തുടങ്ങി. പറയുന്നവർക്കു മടുപ്പു തോന്നില്ലായിരിക്കാമെങ്കിലും കേൾക്കുന്നവർ സഹിക്കണമെന്നില്ലല്ലോ. കേൾക്കാൻ ആരുമില്ലാതായപ്പോഴെങ്കിലും അവൻ പറച്ചിൽ നിർത്തണമായിരുന്നു. പക്ഷെ, ശീലിച്ചതല്ലേ പാലിക്കൂ? ആരോടുമല്ലാതെ അവൻ ഒരു കിറുക്കനെപ്പോലെ സ്വയം പിറുപിറു ത്തു തുടങ്ങിയിരിക്കുന്നു.

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/180cm,Thiruvonam, B.Tech, Assistant Manager-Godrej and Boyce P Ltd,Pref: Graduation, Mob:8921097845, 9446867314

Email:athiranand@gmail.com
Date of Birth:2-11-1992(4.16pm)
Sishta Dasa:Moon:4-7-9

| | | | |
|---|---|---|---|
| ല | | ശി | കു |
| മാ | ഗ്രഹനില & അംശകം | | |
| ച മ | | | |
| | ബു സ ശു | ര | ഗു |

Contact Address:
MR.K.G. SREEKUMAR
PALANJI MALIKA
KUTHIATHODE P O
CHERTHALA
ALAPPUZHA - 688533

Nair Boy, 25/168cm,Chithira, Medium, B.Tech,Automobile Engineer,Service Advisor at PSN Automobiles, Mob:9846520866, 9400610804

Email:nandhuarackal97@gmail.com
Date of Birth:22-04-1997(4.25am)
Sishta Dasa:

ര

| | | | |
|---|---|---|---|
| ല മ ശി | ര ബു ശു | | |
| | ഗ്രഹനില & അംശകം | | |
| ഗു | | | കു |
| | മാ | | ച സ |

സ, മ (left); ശു, ല ഗു ബു ശി (right)

കു മാ ച

Contact Address:
MR.MURUGADAS
ARACKAL HOUSE
VAPPALASSERY P O
MAIKAVU
NEDUMBASSERY
ERNAKULAM - 683572

Nair Boy, 27/5"2',Uthradam, Medium, M.Sc, Applied Physics (Instrumentation, Sales Promoter - Philips Brand in Mohammed Fakhroo & Brothers, Baharin,Pref: Educated Girls, Mob:8848274389

Email:vijaypraghu@gmail.com
Date of Birth:28-5-1994(23.07 IST)
Sishta Dasa:

മ ര ല കു സ

| | | | |
|---|---|---|---|
| | കു ശി | ര | ശു ബു |
| മ | ഗ്രഹനില & അംശകം | | |
| ല ച മാ | | | |
| | | ഗു സ | |

ശു, ഗു ച, ശി (left)

ബു

Contact Address:
SMT.SANTHI.REGHU
PEEDATH HOUSE
EROOR (S) P O
TRIPUNITHURA
ERNAKULAM - 682306

Nair Boy, 27/167cm,Visakham, Medium, B.Tech-Mechanical, Engineering, Integrity Engineer - Quest Global , Bangalore, Pref: Employed Girl, Mob:9400605614, 8921957560

Email:sankarhari03@gmail.com
Date of Birth: 01-12-1994(2.35pm)
Sishta Dasa:Guru:13-3-24

സ മാ ച കു

| | | | |
|---|---|---|---|
| ല | ശി | | |
| മ | ഗ്രഹനില & അംശകം | | |
| മാ | | | കു |
| | ര ബു ഗു | ച ശു സ | |

മ ല, ശു (left); ഗു, ബു ശി (right)

ര

Contact Address:
MR.JAYAPRAKASH K
NARAYANEEYAM
KAMPILLIL
MARADU P O
ERNAKULAM - 682304

Nair Boy, 27/5Ft 10inch, Makayiram, White, Post Graduate,Operations Manager in a reputed firm in Canada, Pref: Post Graduation, Mob: 9895017963, 9947902774

Email:aravindkmohan6@gmail.com
Date of Birth:27-11-1994(7.42am)
Sishta Dasa:

കു ബു സ

| | | | |
|---|---|---|---|
| മാ | ശി | | ച |
| മ | ഗ്രഹനില & അംശകം | | കു |
| | | | |
| | ല ഗു ര | ബു സ ശു | |

ല മ, ശു (left); ഗു, ര (right)

മാ ച ശി

Contact Address:
MR.K S MOHAN KUMAR
SARATH BHAVAN
KOCHAL MADAPPATT ROAD
MANJUMMAL P O
ERNAKULAM - 9895017963

Nair Boy, 28/170cm, Pooyam, Fair, B.Com, MBA, Private Company,Pref: Degree,Mob:9946667281

Email:ravikollattu@gmail.com
Date of Birth:20-07-1993(3.27.32am)
Sishta Dasa:Sani:10-1-16

ഗു ശി ബു

| | | | |
|---|---|---|---|
| | | ശു ശി | ല ബു |
| മ മാ | ഗ്രഹനില & അംശകം | | ര ച |
| | | | കു |
| | സ | | ഗു |

മാ (left); ശു, ര, ച (right)

മ സ ല കു

Contact Address:
MR RAVEENDRANATH
KOLLATTU
THRICHATTUKULAM P O
CHERTHALA
ALAPPUZHA - 688526

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 27/181cm, Bharani, Fair, MS, MBA, Analyst ,TCS, Infopark, Kochi, Pref: Degree, Mob: 9447242839

Email:rahuluday94@gmail.com
Date of Birth:13-4-1994(2.55pm)
Sishta Dasa:Sukra:

ഗു ര   ല മാ

| | | | |
|---|---|---|---|
| ബു കു ര | ച ശു | ശി | മാ |
| മ | ഗ്രഹനില & | | |
| | അംശകം | | ല |
| | സ | ഗു | |

മ, ശി (left); സ, കു (right)

ച   ബു ശു

Contact Address:
MR.UDAYAKUMAR T K
KODASSERY KALLUNGAL
MADHOM
CHENATHUNADU
CHALAKUDY
THRISSUR - 680307

Nair (Marar) Boy, 28/168cm, Makam, Wheatish, B.Tech, MBA (IIM),Product Manager, Indian MNC, Pref: Employed Girl, Mob:9847000324

Email:saarasam@gmail.com
Date of Birth:24-06-1993(1.32pm)
Sishta Dasa:Ketu:4-10-24

| | | | |
|---|---|---|---|
| | ശു | ശി | ര |
| മ | ഗ്രഹനില & | | ബു |
| | അംശകം | | കു ച മാ |
| | സ | | ല ഗു |

Contact Address:
MR.SATHISH KUMAR K P
PRANATHY
POOPANI ROAD
PERUMBAVOOR
ERNAKULAM - 683542

Nair Boy, 28/178cm,Uthram,B.Tech and MS in Management,Business Executive Netherlands,Pref:Well educated & Professionally Qualified girl, Mob:9847062372, 9037637105

Email:kallumala484@gmail.com
Date of Birth:7-12-1993(12.40pm)
Sishta Dasa:Ravi:4-7-6

കു ശി   ല

| | | | |
|---|---|---|---|
| മാ | | ശി | |
| ല മ | ഗ്രഹനില & | | |
| | അംശകം | | ച |
| | ര കു ബു ശു സ | ഗു | |

ര ഗു, ച (left); ബു, സ മാ (right)

ശു മ

Contact Address:
MR.GOPAKUMAR R
KALLUMALA
CHANBADY ROAD
ELAMAKKARA P O
KOCHI - 682026

Nair Boy, 38/172cm,Chathayam, BE Mech, Mechanical Engineer in Bahrain, Pref: Educated brides from Nair families, Mob:9620887997

Email:aarathynair@gmail.com
Date of Birth:7-05-1983(6.30am)
Sishta Dasa:Rahu : 10-2-0

| | | | |
|---|---|---|---|
| | ര ല കു | ബു മാ | ശു സ |
| ച | ഗ്രഹനില & | | |
| | അംശകം | | |
| ശി | ഗു | മ | |

Contact Address:
MR.C. RADHAKRISHNAN
ANACHIKATTU
KAROOR P O
AMBALAPUZHA
ALAPPUZHA - 688561

Nair, Boy, 33/180cm, Makayiram, B Tech , MBA , Sales Manager, US-MNC at Bangalore, Pre: B.Tech, MBA Mob: 9947199991

Email:rajasreemukundan@gmail.com
Date of Birth:20 April 1988 (9pm)
Place of birth : Ernakulam
Sishta Dasa:

കു   ബു മ ര സ

| | | | |
|---|---|---|---|
| മാ | ര ബു ഗു | ച ശു | |
| സ | ഗ്രഹനില & | | |
| കു | അംശകം | | ശി |
| മ | ല | | |

ശി (left); ശു, ഗു, ച (right)

ല മാ

Contact Address:
MR.RAJASREE MUKUNDAN
AATHIRA
A59, GIRINAGAR NORTH,
GANDHINAGAR,
KADAVANTHRA-682020

Nair Boy, 37/5'10", Pooram, Sudhajathakam, Medium Colour, TH SLC, ITC Electronics, Business, Mob:9847444622

Email:sanuferrari@gmail.com
Date of Birth:8-2-1985(1.26.12am)
Sishta Dasa:Sukra:3-8-12-0

മാ   ബു

| | | | |
|---|---|---|---|
| കു ശു | സ | | |
| | ഗ്രഹനില & | | |
| ര ബു ഗു | അംശകം | | ച |
| മാ | ല മ | ശി | |

ഗു, സ (left); ശി, ല ര മ (right)

ച   കു ശു

Contact Address:
SMT.SARALA
CHIRAYATH HOUSE
P O MATHILAKAM
PUTHIYAKAVU
THRISSUR - 680685

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy,28/183cm, Thiruvathira, Medium, B.Com, PGDM (HR & Marketing), Senior Business Coordinator (Immigration) - Fragoman Immigration Services, Infopark, Kakkanad,Pref: Graduation, Mob:6238678879

Email:jayakumar_7@hotmail.com
Date of Birth:29-12-1993(9.28am)
Sishta Dasa:Rahu:5-2-18

ശി ശു
ച ഗു | കു ബു | ല ര | സ മാ | മ

| | | | |
|---|---|---|---|
| മാ | | ശി | ച |
| മ | ഗ്രഹനില & അംശകം | | |
| ല | | | |
| ര കു ബു ശു | സ | ഗു | |

Contact Address:
MR.JAYAKUMAR K
FLAT # 5E
VEEGALAND KINGSTOWN
NEAR AMBILI NAGAR
VADAKEKOTTA, TRIPUNITHURA
ERNAKULAM - 682301

Nair Boy, 31/170cm, Bharani, B.Tech Mechanical Engineering,Govt/PSU, Mob:9567667231

Email:devieareth@gmail.com
Date of Birth:23-5-1990(5.08pm)
Sishta Dasa:Venus:4-1-7

| | | | |
|---|---|---|---|
| ശു കു | ച ബു | ര | ഗു |
| | ഗ്രഹനില & അംശകം | | ശി മാ |
| മ സ | | | |
| | | ല | |

Contact Address:
MR.RAVINDRAN
KOCHUPARAMBIL
HARIDEEPAM FRA 66,
C K ROAD
MANJUMMEL
ERNAKULAM - 683501

Nair Boy, 31/165cm,Bharani, B.Tech Electronics and Communication, Firmware Technical Lead in a German MNC, Mob:8129866844

Email:vineethmurali@yahoo.com
Date of Birth:27-12-1990(8.23pm)
Sishta Dasa:Venus:19-2-13

| | | | |
|---|---|---|---|
| | ച | കു | |
| | ഗ്രഹനില & അംശകം | | ഗു ല ശി |
| മ സ | | | |
| ശു ര ബു | | മാ | |

Contact Address:
SMT.VALSALA. P
KOODAMANA HOUSE
THIRUVAMKULAM
ERNAKULAM -682305

Nair Boy, 28/5ft7inch, White, Punartham, Diploma in Hotel Management, House keeping Supervisor,Mob:9656427257, 9207540206, 7025392237,

Email:vishnuraveendran3692@gmail.com
Date of Birth: 3-6-1992(6.45pm)
Sishta Dasa:Guru : 14-2-8

കു ച ര സ
ശു | ബു ഗു | മ | ല | ശി മാ

| | | | |
|---|---|---|---|
| കു | മാ | ര ശു ബു | ച ശി |
| | ഗ്രഹനില & അംശകം | | |
| മ | | | ഗു |
| സ | ല | | |

Contact Address:
MR.RAVEENDRAN
MADATHIL HOUSE
METHALA P O
KURUPPAMPADY
PERUMBAVOOR
ERNAKULAM - 683545

# വാല്മീകി

**അയ്മനം രവീന്ദ്രൻ**
9349394799

**മലയാളഭാഷയുമാർഷസംസ്കാരവും,**
**മനതാരിൽ വിരിയട്ടെ, യകതാരിൽ നിറയട്ടെ......**
**രാമായണത്തിൻ കുലപതി വാല്മികി......**
**രാമരാജ്യത്തിന്റെ രാജർഷി വാല്മീകി......**
**'മാനിഷാദ' പാടി പുകഴ്ന്ന-പുണ്യാത്മാവേ.....**
**മാലോകർ കാതോർത്തഭൂലോക ബ്രഹ്മമെ....**
**ഞങ്ങൾ നമിക്കുന്നു, ഞങ്ങൾ സ്മരിക്കുന്നു**
**ഭൂമണ്ഡലത്തിന്റെ യാത്മപ്രകാശമെ...!**




# 858-909-8585

## BASIC HEALTH CHECK-UP

~~₹ 700~~ **₹480**

| BLOOD ROUTING EXAMINATION | BLOOD SUGAR - FBS / PPBS/ RBS | TOTAL CHOLESTEROL | SGPT | CREATININE | URINE ROUTINE EXMAINATION

## AROGYA HEALTH PACKAGE FOR WOMEN

~~₹2650~~ **₹1750**

FBS / PPBS | HBAIC | LIPID PROFILE | LIVER FUNTION TEST | RENAL FUNCTION TEST | THYROID FUNCTION TEST COMPLETE BLOOD COUNT | CALCIUM | VITAMIN - D |URINE ROUTINE

## AROGYA HEALTH PACKAGE FOR MEN

~~₹2800~~ **₹1650**

FBS / PPBS | COMPLETE BLOOD COUNT | HBAIC | RENAL FUNCTION TEST | LIVER FUNCTION TEST | LIPID PROFILE | TSH | PSA |URINE ROUTINE EXAMINATION

## FOR 35 TESTS

~~₹1700~~ **₹1250**

### BLOOD SUGAR - FBS

### COMPLETE BLOOD COUNT

| HAEMOGLOBIN | TOTAL LEUKOCYTE COUNT (TLC) | DIFFERNTIAL COUNT | ESR | RBC | PCV | MCV | MCH | MCHC

### LIPID PROFILE

TOTAL CHOLESTEROL | TRIGLYCERIDES | HDL | LDL | VLDL C/H RATIO | NON HDL

### RENAL FUNCTION TEST

B.UREA | S. CREATININE | URIC ACID

### LIVER FUNCTION TEST

BILIRUBIN TOTAL | BILIRUBINDIRECT | INDIRECT BILIRUBIN | SGOT | SGPT ALKALINE PHOSPHATASE | TOTAL PROTEIN | ALBUMIN | GLOBULIN

### URINE MICROSCOPIC EXAMINATION

PUSCELLS | EPICELLS | RBC | CASTS | CRYSTALS

## MASTER HEALTH CHECK-UP FOR YOUTH

~~₹3660~~ **₹2449**

FBS / PPBS | HBAIC | LIPID PROFILE | LIVER FUNTION TEST | RENAL FUNCTION TEST | THYROID FUNCTION TEST COMPLETE BLOOD COUNT | CALCIUM | VITAMIN - D |URINE ROUTINE

## CANCER PANEL FOR WOMEN

~~₹4999~~ **₹3750**

**AFP** (LIVER CANCER & NO SEMINOMATOUS GERM CELL TUMORS)
**BHCG** (TESTICULAR GERM CELL TUMORS)
**CA 19.9** (PANCREATIC CANCER)
**CA 15.3** (BREAST CANCER)
**CANCER 125** (OVARIAN CANCER)
**CEA** (ALIMENTARY TRACT, LUNG, BREAST CANCER)
**COMPLETE BLOOD COUNT**

## DIABETIC HEALTH CHECKUP

~~₹1800~~ **₹1100**

FBS | PPBS | HBAIC | CREATININE SGPT | LIPID PROFILE | URINE MICRO ALBUMIN

## CANCER PANEL FOR MEN

~~₹4999~~ **₹3750**

**AFP** (LIVER CANCER & NO SEMINOMATOUS GERM CELL TUMORS)
**BHCG** (TESTICULAR GERM CELL TUMORS)
**CA 19.9** (PANCREATIC CANCER)
**CEA** (ALIMENTARY TRACT CAN CER, LUG BREAST CANCER)
**FPSA** (PROSTATE CANCER)
**PSA** (PROSTATE CANCER)
**COMPLETE BLOOD COUNT**

DATE OF PUBLICATION: 10-04-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 14 April 2022 Issue No.4

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി

**24.04.2022 ഞായറാഴ്ച**
**ടി.ഡി.എം.ഹാൾ ഗംഗ, 6.00 p.m.**

കഥ : **നളചരിതം ഒന്നാം ദിവസം ഹംസം ദമയന്തി**

**വേഷം**

| | | |
|---|---|---|
| ദമയന്തി | : | ഫാക്ട് ബിജു |
| തോഴിമാർ | : | ആർ.എൽ.വി. ശ്രീലേഖ,<br>ആർ.എൽ.വി. വിസ്മയ |
| ഹംസം | : | ശ്രീമതി. ജയന്തി |
| പാട്ട് | : | കലാ. ശ്രീജിത്ത്,<br>കലാ. സായികുമാർ |
| ചെണ്ട | : | ആർ.എൽ.വി. മിഥുൻ മുരളി. |
| മദ്ദളം | : | ആർ.എൽ.വി. സുദേവ് വർമ, |
| ചമയം | : | ആർ.എൽ.വി. അനുരാജ് |
| അണിയറ | : | രാമചന്ദ്രൻ ചേർത്തല |

തോഴിമാരോടു കൂടി ഉദ്യാനത്തിൽ രസിച്ചു നടക്കുന്നുവെങ്കിലും ദമയന്തിയിൽ നളനോടുള്ള അനുരാഗം വളർന്നു വരികയും പ്രണയ ചിന്തയാൽ വിരഹ ദുഖം അനുഭവിക്കുകയും ചെയ്യുന്നു. ഉദ്യാന യാത്ര, പൂക്കളുടെ വാസന, വണ്ടുകളുടെ ശബ്ദമിവയെല്ലാം അവളുടെ പ്രണയ പരവശത വർദ്ധിപ്പിക്കുന്നു. ഉദ്യാനത്തിൽ നിന്നും കൊട്ടാരത്തിലേയ്ക്ക് മടങ്ങാൻ ഭാവിക്കുമ്പോൾ ആകാശത്തു നിന്നും സുവർണ്ണ ഹംസം വരുന്നതു കാണുന്നു. തീരെ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഹംസത്തെക്കണ്ട മാത്രയിൽ അതിനെ തലോടി ഇണക്കാൻ ശ്രമിക്കുന്നു. സഖിമാരോട് അടുക്കാത്ത ഹംസത്തെപ്പിടിക്കാൻ ഉറച്ചു അവരെ ദൂരെ മാറ്റുന്നു. ഇത് തക്കം കണ്ട ഹംസം താൻ നളനഗരത്തിൽ നിന്നുമാണെന്നു പറയുന്നതോടൊപ്പം ദമയന്തിക്കുണ്ടായ മാറ്റം ശ്രദ്ധിക്കുന്നു. ദളനോട് ദമയന്തിക്ക് പ്രണയമുണ്ടെന്നുറപ്പിക്കാൻ വാക്ചാതുരി കൊണ്ട് പതുക്കെ മനസ്സു തുറപ്പിക്കുന്നു. നളനിൽ അനുരക്തയാണെന്നും ഇന്ദ്രൻ തന്നെ വന്നാലും തന്റെ മനമിളകില്ലെന്നും ഉറപ്പു പറയുന്ന ദമയന്തിയുടെ മനസ്സുമായി തന്റെ വരവു പാർത്തിരിക്കുന്ന നള സമീപത്തേക്ക് യാത്രയാകുന്ന ഹംസം നളദമയന്തി സാമഗമ വേളയിൽ എത്തിച്ചേരാമെന്നു വാക്കു നല്കി പിരിയുന്നു.




### ബീം ഏപ്രിൽ മാസ പരിപാടി

## സോപാനലാസ്യം

**സോപാന സംഗീതം & മോഹിനിയാട്ടം**
**അവതരണം**
**നീലംപേരൂർ സുരേഷ്കുമാർ & അനുപമാ മേനോൻ**
**21-04-2022 വ്യാഴാഴ്ച 6.15 pm**
**TDM ഹാൾ**

**എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം**

**മുംബൈയിലെ മലയാളി ഗായകൻ സജിത് പള്ളിപ്പുറം പങ്കെടുക്കുന്ന**

## ഗാനസന്ധ്യ

2022 ഏപ്രിൽ 23 ശനിയാഴ്ച വൈകിട്ട് 5 മണിക്ക്

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.